Reg: No M 2639
T. 32.

License No: 427
Dated 14-8-1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം, ൧൯൪൩ അക്ടോബർ ൨൫-ാംനു- | ലക്കം ൧൦
പേജ് ൧൨ | ൧൧൧൯ തുലാം ൯-ാംനു- തിങ്കളാഴ്ച | ഒററപ്രതി ൨ അണ.

# ഇന്ത്യയും സോഷ്യലിസവും

ഇന്ന് ഇന്ത്യയെ മാത്രമല്ല ലോകത്തെ മുഴുവൻ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് സ്റ്റേറ്റും സാമ്പത്തികജീവിതവും തമ്മിലുള്ള ബന്ധം. സോവ്യററ് റഷ്യയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിസമത്വസിദ്ധാന്തം അനുസരിച്ചു രാജ്യത്തിലെ എല്ലാ പൗരന്മാരുടേയും സാമ്പത്തികജീവിതത്തെ നിയന്ത്രിക്കുവാൻ സ്റ്റേററിനു പരിപൂർണ്ണമായ അവകാശവും അധികാരവുമുണ്ട്. രാഷ്ട്രത്തിൽ നിന്നു പ്രത്യേകമായ ഒരു ജീവിതം സോവ്യററ് പൗരന്മാർക്കില്ല. അവർ ഒരു വമ്പിച്ച സാമ്പത്തിക വ്യവസ്ഥിതിയുടെ ഘടകങ്ങൾ മാത്രമാകുന്നു.

ഇതിനു നേരെ വിപരീതമായ ഒരു ചിന്താഗതിയാണ് പത്തൊമ്പതാംനൂററാണ്ടിൽ പ്രബലമായിരുന്നതു്. വ്യക്തിസ്വാതന്ത്ര്യം എന്ന മഹനീയ ആദർശമായിരുന്നു അന്നു ലോകത്തെ ഭരിച്ചിരുന്നതു്. നിയമസമാധാനങ്ങൾ പരിപാലിക്കുക മാത്രമാണ് സ്റ്റേററിന്റെ കർത്തവ്യം എന്നും സമുദായജീവിതത്തെ നിയന്ത്രിക്കുവാൻ ഭരണാധികാരികൾക്ക് അവകാശമില്ലെന്നും ആയിരുന്നു അക്കാലത്തെ രാഷ്ട്രീയചിന്തകർ വിശ്വസിച്ചിരുന്നതു്. എന്നാൽ പത്തൊമ്പതാംനൂററാണ്ടിന്റെ മദ്ധ്യഭാഗത്തോടുകൂടി ഈ ചിന്താഗതിക്ക് ഒരു വലിയ മാററം വന്നു. യൂറോപ്പു മുഴുവൻ തൊഴിലാളികൾ സംഘടിക്കയും മുതലാളിത്തസമ്പ്രദായത്തെ അധിക്ഷേപിക്കയും ചെയ്തു. കാറൽമാർക്സിന്റെ 'കാപ്പിററൽ' എന്ന പുസ്തകം ലോകചരിത്രത്തിൽ ഒരു നവീനഅദ്ധ്യായത്തെ തുറന്നു. 1917-ലെ റഷ്യൻവിപ്ലവം മുതലാളിത്തസമ്പ്രദായത്തിനു ലഭിച്ച ആദ്യത്തെ വലിയ പ്രഹരമായിരുന്നു.

ഇന്നു ലോകം പഴയവ്യവസ്ഥിതിയിൽനിന്നു പുതിയ ഒരുവ്യവസ്ഥയിലേയ്ക്ക് അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കയാണ്. ഇംഗ്ലണ്ടിൽ ലേബർകക്ഷി അധികാരത്തിൽ വന്നിരിക്കുന്നു. യൂറോപ്പിന്റെ ഒരുവലിയഭാഗം സോവ്യററ്യൂണിയന്റെ സ്വാധീനത്തിലാണ്. ഇററലിയിലും ഫ്രാൻസിലും ഹാളണ്ടിലും സോഷ്യലിസ്റ്റ്കക്ഷിക്കാരാണ് ഭരണം നടത്തുന്നതു്. ഈ മാററങ്ങൾകണ്ടശേഷം മുതലാളിത്തം അവസാനിച്ചു എന്നു ചിലർ വിചാരിച്ചേക്കാം. എന്നാൽ ഇതു തെററായ ഒരു ധാരണയാണ്. ലോകത്തിലെ പണസഞ്ചി സൂക്ഷിക്കുന്ന അമേരിക്ക ഇന്നും മുതലാളിത്തത്തിൽ ദൃഢമായി വിശ്വസിക്കുന്നു. ഇന്നത്തെ അമേരിക്കൻപ്രസിഡൻറായ ട്രൂമൻ മുതലാളിത്തത്തെ അനുകൂലിക്കുന്നവരിൽ പ്രമാണിയാണ്. വ്യക്തിയുടെ സാമ്പത്തികസ്വാതന്ത്ര്യത്തെ സ്റ്റേററ് നിയന്ത്രിക്കുന്നതു് അദ്ദേഹത്തിന് ഒട്ടും ഇഷ്ടമല്ല. യുദ്ധകാലത്തു് സഖികളായിരുന്ന റഷ്യയും അമേരിക്കയും ഇന്നു യുദ്ധാലോചനകളിൽ മുഴുകിയിരിക്കുന്നതു് അവരുടെ സാമ്പത്തികസിദ്ധാന്തങ്ങളുടെ പരസ്പരവൈരുദ്ധ്യംനിമിത്തമാണ്.

സുപ്രസിദ്ധസ്ഥിതിസമത്വവാദിയായ പണ്ഡിതജവഹർലാൽനെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഗവമെന്റ് അധികാരത്തിൽ വന്നതോടുകൂടി ഇന്ത്യ സോഷ്യലിസത്തെ ആശ്ലേഷിക്കും എന്നു വിചാരിക്കുന്ന കൂട്ടരുണ്ട്. എന്നാൽ ഇന്ത്യ ഒരു പരിപൂർണ്ണസോഷ്യലിസ്റ്റ്രാജ്യമായി തീരുന്നതിനു് വളരെ പ്രതിബന്ധങ്ങൾ തരണംചെയ്യേണ്ടിയിരിക്കുന്നു. ബാംബെ പദ്ധതി സ്റ്റേററ്നിയന്ത്രണത്തിലുള്ള വ്യവസായീകരണത്തെ അനുകൂലിക്കുന്നു. എന്നാൽ സ്റ്റേററ്നിയന്ത്രണവും സ്റ്റേററ്സോഷ്യലിസവും തമ്മിൽ വമ്പിച്ച വ്യത്യാസമുണ്ട്. എല്ലാ വ്യവസായങ്ങളും (ഉല്പാദനവും വിതരണവും വിനിമയവും) പൊതുഉടമസ്ഥതയിലും പൊതുഭരണത്തിലും വരുന്നതാണ് സ്റ്റേററ്സോഷ്യലിസം. ഇപ്രകാരമുള്ള ഒരു വമ്പിച്ച പരിവർത്തനത്തിനു ഇന്ത്യ തയ്യാറായിട്ടുണ്ടോ എന്നു ഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

പൊതുജനോപകാരപ്രദങ്ങളായ വ്യവസായങ്ങൾ (Public utilities) പൊതുഉടമസ്ഥതയിലും ഭരണത്തിലും ഇരിക്കേണ്ടതാണ് എന്നുള്ളതു് കാൺഗ്രസ്സ് അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണ്. റെയിൽവേ, തപാൽ, ടെലഫോൺ, വൈദ്യുതശക്തി, വാട്ടർസപ്ലൈ എന്നിങ്ങനെ ഇനങ്ങൾ ഈ വ്യവസായങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. സാമൂഹ്യജീവിതത്തിനു അത്യന്താപേക്ഷിതമായിട്ടുള്ളവയാണ് ഈ വ്യവസായങ്ങളെല്ലാം. അന്യോന്യം മത്സരത്തിനു് ഇടകൊടുക്കാത്തവിധത്തിലുള്ളതാണ്ട് ഇവയെന്നുള്ളതു വേറൊരു പ്രത്യേകതയാണ്. ഈ വ്യവസായങ്ങളുടെ നടത്തിപ്പു് സ്വകാര്യഏജൻസികളെ ഏല്പിച്ചാൽ അവ അമിതമായി ചാർജ്ജുചെയ്തു് പൊതുജനങ്ങളെ നഷ്ടപ്പെടുത്തി വലിയ ലാഭം എടുത്തു എന്നു വരാം. ഈ തത്വത്തെ ആദരിച്ചു് മോട്ടോർഗതാഗതവും പലരാജ്യത്തും പൊതുഭരണത്തിൽ ആക്കിയിട്ടുണ്ട്. ലണ്ടൻനഗരത്തിലെ ഗതാഗതസമ്പ്രദായം മുഴുവൻ ഒരു പൊതുസ്ഥാപനമാണ് ഭരിച്ചുവരുന്നതു്. ഹൈദരബാദിലും തിരുവിതാംകൂറിലും ഇതേ തത്വം അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. സ്റ്റേററ് ഏറെറടുക്കേണ്ട മററു വ്യവസായങ്ങളുടെ കൂട്ടത്തിൽ ഖനികൾ ആയുധനിർമ്മാണം എന്നിവയും ഉൾപ്പെടുന്നു.

എല്ലാ വ്യവസായങ്ങളും സ്റ്റേററ് ഏറെറടുക്കണമോ എന്നുള്ളതു് വളരെ കുഴഞ്ഞ ഒരു പ്രശ്നമാണ്. ഇംഗ്ലണ്ടിലെ തൊഴിലാളികക്ഷിക്കാർ പോലും ഇതിനു ഉടനെ സന്നദ്ധരല്ല. സാധാരണയുള്ള ദൈനംദിനം ഭരണംപോലും കാര്യക്ഷമമായി നടത്തുവാൻ പ്രാപ്തിയില്ലാത്ത ഒരു ഗവമെണ്ടിനു് വമ്പിച്ച വ്യവസായങ്ങളുടെ മേൽനോട്ടം വഹിക്കുവാൻ ത്രാണിയുണ്ടോ എന്നുള്ളതു ചിന്താർഹമായ ഒരു പ്രശ്നമാണ്. പരിചയവും ശേഷിയും ഇല്ലാത്തവർ ബിസിനസ്സ് നടത്തിയാൽ അതു നാശത്തിലേ കലാശിക്കയുള്ളു എന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണല്ലോ. ഗവൺമെണ്ടുകളും ഈ സാമാന്യതത്വത്തിനു അതീതരല്ല. അതുകൊണ്ടു് സ്റ്റേററ് ഒരു വ്യവസായത്തെ ഏറെറടുക്കുന്നതു് വളരെ സൂക്ഷിച്ചുവേണ്ട ഒരുകാര്യമാണ്. സ്വകാര്യസ്ഥാപനങ്ങളോടൊപ്പം കാര്യക്ഷമമായി ഒരു വ്യവസായം നടത്തിക്കൊണ്ടുപോകാൻ സ്റ്റേററിനു സാധിക്കാത്തപക്ഷം ആ ഉദ്യമത്തിൽ ഏർപ്പെടാതിരിക്കുകയാണ് രാജ്യത്തിന്റെ താല്പര്യങ്ങൾക്ക് അനുയോജ്യമായിട്ടുള്ളതു്.

ഇന്നു് ഇന്ത്യയിലെ പ്രധാനപ്രശ്നം ചിലർ തെററായി ധരിച്ചിരിക്കുന്നതുപോലെ സോഷ്യലിസവും മുതലാളിത്തവും തമ്മിലുള്ള മത്സരമല്ല. യുദ്ധത്തിനുമുമ്പു ഒരു ഇന്ത്യാക്കാരന്റെ ശരാശരി വാർഷികവരുമാനം അറുപതഞ്ചുരൂപയായിരുന്നു. സോഷ്യലിസ്റ്റ്സിദ്ധാന്തം അനുസരിച്ചു ഈ തുച്ഛമായ വരുമാനം എല്ലാവർക്കുംകൂടി വീതിച്ചുകൊടുക്കാൻ സാധിച്ചേക്കാം. ധനവാനേയും ദരിദ്രനേയും ഒരേനിലയിൽ എത്തിക്കാൻ സാധിച്ചു എന്നു വരാം. എന്നാൽ ഇതുകൊണ്ടു് ആർക്കും വലിയ പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല. രാജ്യത്തെ സാമ്പത്തികസ്ഥിതിയെ പൊതുവെ ഉയർത്തുവാൻ ഉള്ള മാർഗ്ഗങ്ങൾ ആലോചിക്കയും നടപ്പിൽവരുത്തുകയും ആണ് ഏററവും ആവശ്യമായിട്ടുള്ളതു്. ദേശീയവരുമാനം വർദ്ധിക്കണമെങ്കിൽ ഇന്ത്യ വ്യാവസായികമായി വികസിക്കണം. ഈ വ്യാവസായീകരണം ഏതു മാർഗ്ഗത്തിൽകൂടെയാണ് — സോഷ്യലിസത്തിൽകൂടെയോ മുതലാളിത്തത്തിൽ കൂടെയോ — ഏററവും എളുപ്പത്തിൽ സാദ്ധ്യമാകുന്നതു് എന്നാണ് അത്യന്തമായി ആലോചിക്കേണ്ടതു്. ഒരുരാജ്യം വ്യാവസായികമായി വികസിക്കണമെങ്കിൽ താഴെപ്പറയുന്ന രണ്ടുകാര്യങ്ങൾ അത്യാവശ്യമാണ്. 1 മൂലധനം, 2 കാര്യശേഷിയുള്ള വ്യവസായനേതാക്കന്മാർ. ഇന്നു ഇന്ത്യയിൽ ലഭ്യമാകുന്ന മൂലധനം തീരെ പര്യാപ്തമായ ഒന്നല്ലാത്തതുകൊണ്ടു് വിദേശീയ മൂലധനത്തെ ആകർഷിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ പുതിയ വ്യവസായങ്ങളിൽ വിദേശികൾക്ക് ഒരു പങ്കാളിത്തംകൂടെ കൊടുത്തില്ലെങ്കിൽ അവരുടെ പക്കൽനിന്നു ഒരു സഹായവും കിട്ടുകയില്ല. ബിർള, വാൾചന്ദ് എന്നിവർ മോട്ടോർ വ്യവസായശാലകൾ സമാരംഭിച്ചിരിക്കുന്നതു ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും വ്യവസായികളോടു പങ്കുചേർന്നാണ്. ചൈനയും വിദേശീയ മൂലധനത്തേയും വ്യാവസായിക ഉദ്യമങ്ങളേയും സ്വാഗതംചെയ്യുന്ന ഒരു രാജ്യമാണ് എന്നുള്ള കാര്യം പ്രസ്താവ്യമാണ്. ശേഷിയുള്ള വ്യവസായ നേതാക്കന്മാർ ഇന്നു ഇന്ത്യയിൽ കുറവാണ്. അവർ മുമ്പോട്ടു് വരണമെങ്കിൽ ഇന്നത്തെ മുതലാളിത്തവ്യവസ്ഥ തുടരണം. സ്റ്റേററ് ഉടമസ്ഥതയിലും ഭരണത്തിലും ഇന്നത്തെ വ്യവസായങ്ങൾ ഏറെറടുക്കയും പുതിയ വ്യവസായങ്ങൾ സമാരംഭിക്കയും ചെയ്യണം എന്നു് ഇന്ത്യയിലെ സോഷ്യലിസ്റ്റ്കാർ ആവശ്യപ്പെടുന്നു. ചില പ്രോവിൻസുകളും ഈ തത്വം അംഗീകരിച്ചുകഴിഞ്ഞു. വ്യവസായങ്ങളുടെ ഉടനടിയുള്ള ദേശീയീകരണത്തെ ആവശ്യപ്പെട്ടുകൊണ്ടു് ഐക്യസംസ്ഥാനനിയമസഭ ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു. ആസ്സാമിലും അതിന്റെശേഷവും വ്യവസായങ്ങൾ മുഴുവൻ സ്റ്റേററ് ഏറെറടുക്കുന്നതാണ് എന്നുള്ള പ്രസ്താവനകൾ ഉണ്ടായിരിക്കുന്നു. ഈ പ്രസ്താവനകൾ പ്രയോഗത്തിൽ വരുത്തുന്നതാണ് ഏററവും വൈഷമ്യമേറിയതു്. വെസ്റ്റ്മിനിസ്റ്റർ മാതൃകയിലുള്ള ഇന്നത്തെ പ്രജായത്തഭരണവ്യവസ്ഥകൾക്ക് — സിൻഡിലും ബംഗാളിലും ഭരണം നടത്തുന്നതുപോലെയുള്ള ദുർബ്ബലമായ മന്ത്രിസഭകൾക്ക് — ഇപ്രകാരമുള്ള ഒരു വമ്പിച്ച പദ്ധതി നടപ്പിലാക്കുവാൻ ത്രാണിയില്ല എന്നുള്ളതു സംശയരഹിതമായ ഒരു സംഗതിയാണ്. അതുകൊണ്ടു് ഓരോ വ്യവസായവും സ്റ്റേററ് ഏറെറടുക്കുന്നതു് അതു് കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാനുള്ള കെല്പും പരിചയവും സമ്പാദിച്ചശേഷം ആയിരിക്കണം. ചില വ്യവസായങ്ങൾ ഒരു കാലവും സ്റ്റേററ് നടത്തിയാൽ വിജയകരമാകാത്ത തരത്തിൽ ഉള്ളവയാണ്. ഇവയെ സ്വകാര്യഏജൻസികളെ ഏല്പിക്കയാണ് ഭേദം. കുടിൽ വ്യവസായങ്ങൾ സഹകരണാധിഷ്ഠാനത്തിൽ സംഘടിപ്പിക്കുന്നതു് നന്നായിരിക്കും. സെമിൻഡാരിസമ്പ്രദായം നിറുത്തൽചെയ്യേണ്ടതു് ആവശ്യമാണ്. എന്നാൽ ഇന്ത്യയിലെ പ്രത്യേക പരിതഃസ്ഥിതികളിൽ റഷ്യയിലെപ്പോലെയുള്ള കൂട്ടുകൃഷി സമ്പ്രദായം ഒരിക്കലും വിജയകരമാകയില്ല. ജവഹർലാൽ നെഹ്റുവിന്റെ പ്രക്ഷേപിണി പ്രസംഗത്തിൽ പറഞ്ഞതുപോലെ സഹകരണാധിഷ്ഠാനത്തിലുള്ള ഒരു കാമൺവെൽത്താണ് ഇന്ത്യക്കു് പററിയ ഒരു സാമ്പത്തിക വ്യവസ്ഥ.

ഈ അധിഷ്ഠാനം സ്വീകരിച്ചതുകൊണ്ടു് സ്റ്റേററിന്റെ ചുമതലകളെ അതു് വിട്ടൊഴിയണം എന്നു് അർത്ഥമില്ല. എല്ലാ ജനങ്ങൾക്കും തൊഴിലും, ആഹാരവും, വസ്ത്രവും മററു ജീവിതസൗകര്യങ്ങളും നൽകുന്നതിനു് സ്റ്റേററ് ബാദ്ധ്യസ്ഥയാണ്. രാജ്യത്തിന്റെ പുരോഗതിയെ ലക്ഷ്യമാക്കിയ ഒരു സാമ്പത്തികപദ്ധതി ആസൂത്രണം ചെയ്യുന്നതും സ്റ്റേററിന്റെ കടമയാണ്. മുതലാളിയും തൊഴിലാളിയും ഈ പദ്ധതിയുടെ അവശ്യഅംഗങ്ങൾ ആയിരിക്കേണ്ടതാണ്. ഇതു ഫാസിസ്റ്റ് സമ്പ്രദായം ആണെന്നു് കമ്യൂണിസ്റ്റ്കാർ പറഞ്ഞേക്കാം. എന്നാൽ ഇതുപോലെയുള്ള ഒരു പദ്ധതിയാണ് ഇംഗ്ലണ്ടിലെ തൊഴിലാളി കക്ഷിപോലും അംഗീകരിച്ചിരിക്കുന്നതു്. പടിപ്പടിയായുള്ള സോഷ്യലിസത്തെയാണ് ലേബർ ഗവമെന്റ് അവലംബിച്ചിരിക്കുന്നതു്. എന്നാൽ മുതലാളിത്തസമ്പ്രദായത്തെ പാടെ പരിഷ്കരിക്കുക എന്നതു് സ്റ്റേററിന്റെ ഉടനടിയുള്ള കർത്തവ്യമാണ്. തൊഴിലാളിയും മുതലാളിയും തമ്മിൽ ഭാവിയിലുള്ള ബന്ധം പരസ്പരമത്സരത്തിലല്ല അന്യോന്യസഹകരണത്തിലാണ് അധിഷ്ഠിതമായിരിക്കേണ്ടതു്. ഈ സഹകരണം സാദ്ധ്യമാകുന്നതു എങ്ങനെയാണെന്നാണ് അടുത്തതായി ആലോചിക്കേണ്ടതു്.

തൊഴിലാളികളെ ഫാക്ടറി ഭരണവുമായി അടുപ്പിക്കുക എന്നുള്ളതാണ് ഒരു മാർഗ്ഗം. ഫാക്ടറിയുടെ ഭരണം തൊഴിലാളികളും മുതലാളിമാരും അടങ്ങിയ ഒരു സമിതിയെ ഏല്പിക്കുന്നതു് നന്നായിരിക്കും. ലാഭത്തിൽ ഒരു നല്ല വീതം തൊഴിലാളികൾക്ക് കൂടെ കൊടുക്കുക എന്നുള്ളതു് ഏററവും അത്യാവശ്യമായ ഒരു നടപടിയാണ്. ഇംഗ്ലണ്ടിലെ തൊഴിലാളി മന്ത്രിസഭ ഈയിടെ ശ്രദ്ധേയമായ ഒരു പദ്ധതി നടപ്പിൽ വരുത്തിയിരിക്കുന്നു. ഓരോ വ്യവസായത്തെ പററിയും പഠിച്ചു് ഗവൺമെന്റിനെ ഉപദേശിക്കുവാൻ തൊഴിലാളി മുതലാളി പ്രതിനിധികളടങ്ങിയ ചെറിയ സംഘങ്ങളെ ഏർപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ മുഖ്യ അംശം. ഇന്ത്യയിലും തൊഴിലാളി മുതലാളി ബന്ധങ്ങൾ വഷളായിക്കൊണ്ടിരിക്കുന്ന തിരുവിതാംകൂറിലും ഈ പദ്ധതി നടപ്പിൽ വരുത്താവുന്നതാണ്.

ഭാവിയിലെ സ്റ്റേററ് സാമാന്യമനുഷ്യനു് വേണ്ടി ജീവിക്കേണ്ടിയിരിക്കുന്നു. സാമ്പത്തികജീവിതത്തിന്റെ വിവിധവശങ്ങളെ നിയന്ത്രിക്കയും സാമാന്യമനുഷ്യന്റെ ജീവിതത്തോതു് ഉയർത്തുകയും ചെയ്യുന്നതു് സ്റ്റേററിന്റെ കടമയാകുന്നു. വ്യവസായങ്ങളെ മുഴുവൻ ദേശീയീകരിച്ചതുകൊണ്ടു് ഈ ലക്ഷ്യം പ്രാപിച്ചു എന്നു് അർത്ഥമില്ല. ഇ

(ശേഷം രണ്ടാംപേജിൽ)

വി. കെ. സുകുമാരൻനായർ എം. ഏ.

ചെറുകഥ

# അനുഭവങ്ങൾ!

(കമുകറ, എൻ. നാരായണക്കുറുപ്പ് ബി. ഏ.)

പൊന്നുതമ്പുരാൻ തിരുമനസ്സിലെ ആട്ടത്തിരുനാൾ സംബന്ധിച്ചു ഞങ്ങളുടെ വകയായി ഒരു 'വിശേഷാൽപ്രതി' പ്രസിദ്ധപ്പെടുത്താനുള്ള ബദ്ധപ്പാടിൽ ലേഖനങ്ങൾ തിരഞ്ഞെടുത്തു ക്രമപ്പെടുത്തിക്കൊണ്ടിരിക്കവേയാണ് ആ കവർ എന്റെ ദൃഷ്ടിയിൽപ്പെട്ടതു്. മേൽവിലാസമെഴുതിയിരുന്ന വടിവിന്റെ സൗന്ദര്യം കണ്ട് ഞാനതു വേഗം പൊട്ടിച്ചുനോക്കി.

"സഹോദരാ,

ഒരു വലിയ പാഠം എന്റെ ബഹുമാന്യസഹോദരിമാർക്കു നൽകിയേക്കാമെന്നുള്ള ഉദ്ദേശത്തോടെ, ഇതോടൊരുമിച്ചയക്കുന്ന കഥ—അഥവാ, എന്റെ അനുഭവങ്ങൾ—താങ്കളുടെ "തിരുനാൾ വിശേഷാൽപ്രതി"യിൽ പ്രസിദ്ധപ്പെടുത്താനപേക്ഷ, കൂപ്പുകൈകളോടെ,

ഒരു എളിയ സഹോദരി"

ഞാൻ ഒരാവർത്തികൂടെ ആ കത്തു വായിച്ചു. അമർത്തിയിട്ടും അടങ്ങാത്ത ജിജ്ഞാസയോടെ അതോടൊരുമിച്ചുണ്ടായിരുന്ന കഥയും ഒരേ ഇരുപ്പിൽ വായിച്ചുതീർത്തു. എന്റെ സഖാക്കളുമൊരുമിച്ചു വീണ്ടും ഒന്നുകൂടെ വായിച്ചുനോക്കി. അവർ ഒരുപോലെ അഭിപ്രായപ്പെട്ടു—"കൊള്ളാം; ഈ കഥകൂടെ ചേർക്കണം" എന്ന്. യാതൊരു വെട്ടിതിരുത്തലുകളുമില്ലാതെ ആ കഥ ഇതാ നിങ്ങളുടെ അഭിപ്രായത്തിനായി സമർപ്പിക്കുന്നു.........

"എങ്ങിനെയാണു തുടങ്ങേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. എങ്കിലും പറയുന്നതിൽ ലേശംപോലും അതിശയോക്തിയില്ലെന്ന് ആദ്യമേതന്നെ അറിയിച്ചുകൊള്ളട്ടെ. സാമാന്യം വരുമാനമുള്ള ഒരു വക്കീലിന്റെ മകളാണ് ഞാൻ. പക്ഷേ, ഒരുകാര്യം; അദ്ദേഹത്തിനു പെൺമക്കൾ മൂന്നുപേർകൂടെ ഉണ്ടായിരുന്നു. അവരുടെ വിവാഹമെല്ലാം വളരെ മോടിയിൽ കഴിച്ചതിന്റെ ഫലമായി അച്ഛനു കടം വർദ്ധിച്ചു. കടംവന്നപ്പോൾ മനസ്സുഖം കാത്തു. ജോലിയിൽ ഉന്മേഷമില്ലാതായി. വരുമാനത്തിനു കോട്ടംതട്ടി. അങ്ങനെ ദിവസംതോറും ഞാൻ വളർന്നുവന്നതിനോടൊപ്പം വീട്ടിലെ കഷ്ടതകളും വർദ്ധിച്ചുതുടങ്ങി. സകലരും എന്നെ പഴിച്ചു. ഞാൻ പിറന്ന ദുർമ്മുഹൂർത്തത്തിലാണുപോലും! ചിലപ്പോൾ ഞാൻ ആ പ്രസ്താവനയെ എതിർക്കും. എനിക്കു ഒരു വലിയ ഭാഗ്യം വരുമെന്നു വീരവാദം പറയും. യഥാർത്ഥത്തിൽ അങ്ങനെ ഞാൻ പലപ്പോഴും വിശ്വസിച്ചിരുന്നു; ജീവിതം എന്നെന്നും കണ്ണുനീരിൽ കുഴച്ചെടുത്ത ഒന്നായിരിക്കയില്ലെന്ന്! പക്ഷേ എന്റെ പ്രിയപ്പെട്ട അമ്മയൊഴിച്ചു മററാരുംതന്നെ അതു വിശ്വസിച്ചില്ല!

ഹേഡ്ഫാറംവരെ പഠിക്കുവാനേ എനിക്കു സാധിച്ചുള്ളൂ. എങ്കിലും പഠിത്തത്തിലെനിക്കുള്ള ആശയ്ക്കു യാതൊരു കുറവുമുണ്ടായില്ല. പക്ഷേ, എന്തുചെയ്യാം? പണമില്ല. പള്ളിക്കൂടത്തിലെ പഠിത്തം നിർത്തിയിട്ടും ഞാൻ എന്റെ സ്വന്തനിലയിലുള്ള വിദ്യാഭ്യാസം തുടർന്നുതന്നെ വന്നു. എന്റെ കയ്യിൽ കിട്ടുന്ന പുസ്തകങ്ങൾ, പത്രങ്ങൾ, മാസികകൾ എന്നിവയെല്ലാം ആർത്തിയോടെ ഞാൻ വായിച്ചിരുന്നു. ഇതിന്റെ ഫലമായിട്ടാണോ എന്തോ എന്റെ ഹൃദയം ചില ദിവാസ്വപ്നങ്ങൾ കാണാൻതുടങ്ങി; അതിലൂടെ മിന്നിത്തിളങ്ങിയിരുന്ന ഏതോ ഒരു പുതിയ ലോകം എന്നെ മാടിവിളിച്ചു. എന്റെ ഭാവനകൾക്കു മാധുര്യവും മനോജ്ഞതയും ഉണ്ടായി. സുശോഭനമായ ഒരു ഭാവിയെ അക്ഷമയോടെ ഞാൻ കാത്തിരുന്നു. അന്നു ഞാൻ വിചാരിച്ചു—അല്ല, വ്യാമോഹിച്ചു—കഥകളിൽ കാണാറുള്ള സരസനായ ഒരു നായകൻ എന്നെ തേടി ഓടിവരുമെന്ന്; പ്രണയപ്രാർത്ഥനയോടെ അഞ്ജലിക്കൂപ്പി എന്റെ മുമ്പിൽ നമ്രശിരസ്കനായി നില്ക്കുമെന്ന്; എന്റെ ഒരു ചെറുകടക്കൺചലനത്തിനുവേണ്ടിയായിരിക്കുമെന്ന്! ഹാ! അന്നു ഞാൻ അനുഭവിച്ച ആനന്ദം! എന്റെ കാമുകന്റെ മടിയിൽ തലയുംവെച്ച്, ചന്ദ്രികാപ്രശോഭിതമായ നിശാവേളകളിൽ ഭാവനാസൃഷ്ടമായ ഒരു മോഹനമലർക്കാവിലെ മൃദുവായ പുൽത്തകിടിയിൽ സർവ്വവും വിസ്മരിച്ചുകിടക്കുന്നതായി സങ്കല്പിച്ചു. എന്റെ ഹൃദയം ഏതോ ഒന്നിനുവേണ്ടി പിടഞ്ഞു. എന്റെ ശരീരം കോരിത്തരിച്ചു. എന്റെ കമിതാവിന്റെ കരങ്ങൾക്കുള്ളിൽ കിടന്നു ഞെരുങ്ങുവാൻ എന്റെ യുവത്വം കൊതിച്ചു! നിങ്ങൾ പറയുമായിരിക്കാം "ലജ്ജാവഹം" എന്ന്! നാണമില്ലാതെ ഇതു 'പച്ച'യായി ഒരു 'പെണ്ണു' പറയുന്നല്ലോ എന്ന്! എന്നാൽ ഞാനൊന്നു ചോദിക്കട്ടെ!—ബാഹ്യമായി അടങ്ങിയൊതുങ്ങിക്കഴിയാൻ വെമ്പൽകൊള്ളുന്ന നിങ്ങളുടെ ഉള്ളിലും ഒരു വലിയ അഗ്നിപർവ്വതമല്ലേ, പൊട്ടാൻ തയ്യാറായി സന്ദർഭംതേടി, കാത്തിരിക്കുന്നതു്? അനുഭവിച്ചവർ പറയും—"എല്ലാം ശുദ്ധഅസംബന്ധ"മെന്ന്! അനുഭവംകൊതിക്കുന്നവരുടെ അഭിപ്രായം." 'ആനന്ദം! സർവ്വത്ര ആനന്ദം" എന്ന്!—അതിനാൽ എന്നോടു ക്ഷമിക്കൂ!...എന്നെ പഴിക്കാതിരിക്കൂ. മധുരപ്പതിനേഴിലെത്തിയിരിക്കുന്ന ഒരു യുവതി! അവളെ ലോകം ഇനിയും അറിയാനുണ്ട്. വികാരങ്ങളെ അണകെട്ടി ചെറുത്തുനിർത്താൻ ശ്രമിക്കുന്നതു മൗഢ്യം' ആ അണ പൊട്ടും; ഇന്നല്ലെങ്കിൽ നാളെ!—

സ്വപ്നങ്ങളുടെ സാക്ഷാൽക്കാരം! അതു ചിലപ്പോൾ മാത്രമേ സംഭവിക്കാറുള്ളൂ. എന്റെ കഥയും അതുപോലെ ആയി. വയസ്സ് ഇരുപത്തി അഞ്ചു കഴിഞ്ഞിട്ടും എന്റെ കല്പനാകാമുകൻ എന്റെ സമീപമെത്തിയില്ല. 'ച്ഛേ! അയാളെന്തൊരു അവിവേകി' എന്റെ കവിത്വം മുൻപിൽ അറിഞ്ഞുകൂടാത്ത ആ സങ്കല്പഭർത്താവിനെ നിശിതമായി കുററപ്പെടുത്തി!

അന്നു പലരും പറഞ്ഞിരുന്നു ഞാനൊരു സുന്ദരിയാണെന്ന്. ആ വാക്കിനൊരു വല്ലാത്ത മാസ്മരശക്തിയുണ്ട്. സ്ത്രീയെസംബന്ധിച്ചിടത്തോളം!—അങ്ങിനെ ആരെങ്കിലും ഒന്നുപറഞ്ഞാൽ മതി, അവളുടനെ വാനോളം പൊങ്ങിപ്പോകും. പണ്ടത്തെ വാസവദത്തയോ, ജൂഡിത്തോ ആണ് താനെന്ന് അവളങ്ങു തീരുമാനിക്കും! വഴിയേപോകുന്നവരെല്ലാം എന്റെ സൗന്ദര്യത്തെപ്പററി, പറയുകയാണെന്ന് അവൾ നിശ്ചയിക്കും! അവർ എങ്ങോട്ടു നോക്കിയാലും അതു തന്നിലേക്കുള്ള കടാക്ഷങ്ങളാണെന്നവൾ വിധിയെഴുതും; 'സ്ത്രീ' 'സൗന്ദര്യം'! എന്തൊരു ഉപാരത്തമാണി വസ്തുതയിൽ;

വർഷം ഒന്നുകൂടെ കഴിഞ്ഞു. അനുഭവിക്കുവാനുള്ള അക്ഷമയും, അതു ലഭിക്കാത്തതിലുള്ള നൈരാശ്യവും എന്നെ കഠിനമായി വേദനിപ്പിച്ചു. എന്റെ പെരുമാററത്തിലും ഒരു വ്യത്യാസം വരുത്തണമെന്നെനിക്കു തോന്നി. അല്ലെങ്കിൽ ജീവിതം മുഴുവനും കരയേണ്ടിവരുമെന്നു ഞാൻ ഭയപ്പെട്ടു. എന്റെ ഭാവങ്ങളിൽ അല്പംകൂടെ ഞാൻ ചില പരിഷ്കാരങ്ങൾ വരുത്തി. എന്നെ നോക്കുന്നവരെ കണ്ടാൽ ഒന്നു ചെറുതായി പുഞ്ചിരിക്കുക, അവർ വീണ്ടും നോക്കിയാൽ നാണമഭിനയിക്കുക; ജനാലിനരികിൽനിന്ന് റോഡിലേക്കു നോക്കി ചില പ്രേമഗാനങ്ങൾ ആലപിക്കുക; കഴിയുന്നിടത്തോളം ഭംഗിയായി സ്വയം അലങ്കരിക്കുക. എന്നിങ്ങനെ പലതും ഞാൻ ചെയ്തു. നിങ്ങളെന്നെ ശപിക്കല്ലേ! എന്റെ പ്രായത്തിലുള്ള ഒരു യുവതി, അനുഭവങ്ങൾക്കുവേണ്ടി കാത്തുനില്ക്കുന്ന ഒരു യുവതിയാണവളെങ്കിൽ, തീർച്ചയായും ഇങ്ങിനെ ചില 'ചാപല്യ'ങ്ങളെല്ലാം കാണിച്ചേക്കും!

എന്നോടു കൂടുതൽ 'ദയ'വുകാണിച്ച ചില 'മാന്യ'ന്മാരെക്കുറിച്ചു ഞങ്ങളുടെ ആറ്റുകടവിലെ 'സ്നാനസംഘ'ത്തിൽ നിന്ന് എനിക്കു നല്ല അറിവുകൾ ലഭിച്ചു. ആറ്റുകടവിലെ 'സ്നാനസംഘം'! നിങ്ങൾ അത്ഭുതപ്പെട്ടുണ്ടായിരിക്കും. ഏഷണി-പരദൂഷണത്തിനും വിമർശനത്തിനുംവേണ്ടി സ്ത്രീകൾ സൃഷ്ടിച്ചിട്ടുള്ള ഒരു രംഗമാണതു്. പുരുഷന്മാർക്കാണെങ്കിൽ കടവരാന്തകളും, വായനശാലകളും, ധാരാളം മതിയാകും ഇക്കാര്യത്തിനു! രാജ്യകാര്യങ്ങളെക്കുറിച്ചു തീവ്രമായി വാദപ്രതിവാദം നടത്തിക്കൊണ്ടിരിക്കവേതന്നെ, അവർ ഇക്കാര്യവും വിജയകരമായി നിർവ്വഹിക്കും; നാം കുളിക്കുന്നതിനോടൊപ്പം ഇതെല്ലാം സാധിക്കുന്നതുപോലെ! ... ഞാനറിഞ്ഞതെന്താണെന്നു നിങ്ങൾ അറിയാൻമോഹിക്കുന്നുണ്ടായിരിക്കുമല്ലോ. അവരിൽ ഒരാൾ ഒരു ഭാര്യയും, മൂന്നുനാലു കുട്ടികളും ഉള്ള ഒരു മാന്യൻ! വേറൊരാൾ മക്കളുടെ മക്കളുണ്ടെങ്കിലും വിഭുരൻ; മൂന്നാമൻ ഒരു അത്താഴപ്പട്ടിണിക്കാരൻ ചെറുകഥാകൃത്ത്; മറെറാരുവൻ ദാരിദ്ര്യവാസിയായ ഒരു വക്കീൽ ഗുമസ്ഥൻ; അഞ്ചാമൻ നാലുതോറ്റിട്ടും 'ബി. ഏ.'പ്പരീക്ഷയ്ക്കു മുപ്പതാമത്തെ തവണയായി എഴുതാൻ വട്ടംകൂട്ടുന്ന ഒരു 'യുവ'വിദ്യാർത്ഥി!......എന്തിനു ലിസ്റ്റിനു നീളം കൂട്ടുന്നു? എനിക്കു ക്രമത്തിലധികം ദേഷ്യം തോന്നി. പക്ഷേ, എന്തുചെയ്യാം? എനിക്കു പണമില്ല, ഒരു ഗന്ധർവ്വകുമാരനെവിലയ്ക്കുവാങ്ങാൻ! പണത്തോടുകൂടെയല്ലാത്ത സൗന്ദര്യം; ഒരു സ്ത്രീയ്ക്കു ലഭിക്കുന്നതു്—ഇന്നത്തെ ലോകത്തു്—അവളുടെ പാപങ്ങളുടെ പ്രായശ്ചിത്തമാണെന്ന് അന്നു ഞാൻ മനസ്സിലാക്കി.

ഒരുദിവസം അമ്മ പതിവില്ലാത്ത സന്തോഷത്തോടെ എന്നെ തഴുകിക്കൊണ്ടു പറഞ്ഞു, 'തങ്കം!—നിന്നെ ദൈവം കൈവിട്ടില്ല. ഒരു വലിയ ഭാഗ്യം ഇതാ നിന്നെ തേടിവരുന്നു—'

വാസ്തവത്തിൽ അന്നാണ് ആദ്യമായി കൃതാർത്ഥത എന്നാലെന്തെന്ന് എനിക്കനുഭവപ്പെട്ടതു്. അമ്മ സാവധാനത്തിൽ എല്ലാം വിസ്തരിച്ചുപറഞ്ഞു. ഞങ്ങളുടെ നാട്ടിലെ കാളേജിലെ ഒരു പ്രൊഫസർ! മുന്നൂററിയൻപതുരൂപാ ശമ്പളം! മഹാപണ്ഡിതൻ. ബ്രഹ്മചര്യം ആശിച്ചുകൊണ്ടിരുന്ന അദ്ദേഹം ഒരുദിവസം എന്നെ കണ്ട മാത്രയിൽ...!

ഞാനാലോചിച്ചുനോക്കി, അതാരായിരിക്കാമെന്ന്. റോഡിൽക്കൂടെ പോയിരുന്ന പലരുടേയും മുഖങ്ങൾ എന്റെമുമ്പിൽ നിരന്നു. തല ചുറ്റിപ്പിടിച്ചുപോയി! ഒടുവിൽ എനിക്കൊരുവിധത്തിൽ പിടികിട്ടി. ദിവസവും വൈകുന്നേരം ശുഭ്രവസ്ത്രധാരിയായി സാവധാനത്തിൽ നടന്നുവരുന്ന ആ മനുഷ്യൻ എന്നെ ഉററിക്കൽമാത്രം ഒന്നു നോക്കും. 'നീ ഈ ചെയ്യുന്നതു ശരിയല്ലേ?' എന്ന ചോദ്യം ആ നോട്ടത്തിൽ നിഴലിച്ചിരുന്നുവെന്ന് എനിയ്ക്കു പലപ്പോഴും തോന്നിയിരുന്നു. പക്ഷേ, ഞാനതത്ര ഗണ്യമാക്കിയിരുന്നില്ല, അദ്ദേഹത്തിനു ഉദ്ദേശം നാല്പത്തിയഞ്ചു കഴിഞ്ഞിരിക്കും. എനിക്ക് മുപ്പതുപോലും ആയിരുന്നില്ല. ഇത്രയും വലിയ പ്രായവ്യത്യാസത്തിൽമാത്രമേ എനിക്കല്പം കുണ്ഠിതമുണ്ടായുള്ളൂ. എങ്കിലും ഞാനതങ്ങു മറന്നുകളഞ്ഞു. എന്നെ അവകാശപ്പെടാനും, എനിക്കു ആനന്ദമരുളാനും, ഒരാൾ വന്നല്ലോ! യഥാർത്ഥത്തിൽ സ്ത്രീത്വം ആ മേന്മയാണാശിക്കുന്നതു്! തന്റേതുമാത്രമായ ഒരു പുരുഷൻ—തന്നെ അവകാശപ്പെടുന്ന ഒരു പുരുഷൻ—തനിക്കു ആനന്ദിക്കാൻ കളിത്തട്ടൊരുക്കിത്തരുന്ന സ്നേഹരൂപിയായ ഒരു ജീവിതപങ്കാളി!—സ്ത്രീത്വം അവകാശപ്പെടുന്ന പൂർണ്ണതയാണതു്.

ആലോചന മുറുകി. വിവാഹവും വേഗത്തിൽ നടന്നു. എന്റെ പ്രതീക്ഷകൾക്കു സാഫല്യമേകാൻ ഇത്രയും കാലവിളംബം വരുത്തിയതിന്റെ പകവീട്ടാം നല്ല ശരീരവും ഹൃദയവുമായി ഞാൻ എന്റെ ഭർത്താവിനോടൊരുമിച്ചുപോയി. പക്ഷേ വിജ്ഞാനത്തിലും വയസ്സിലും മദ്ധ്യരേഖയോടടുത്തിരുന്ന അദ്ദേഹത്തിന്, പലതും—സുന്ദരങ്ങളായ പലതും—അനുഭവിക്കുവാൻവേണ്ടി കാത്തിരുന്ന യൗവനത്തെ തൃപ്തിപ്പെടുത്തുവാനൊക്കുമോ?—ഞാൻ വല്ലാതെ സംശയിച്ചു.

സ്ത്രീത്വത്തിന്റെ പൂർണ്ണതയിലേക്കുള്ള രണ്ടാമത്തെ ചവിട്ടുപടിയായ മാതൃപദത്തിലെത്തിയ ഞാൻ മധുരിക്കുന്ന ഒരു നവീനജീവിതപരിപാടി തയാറാക്കി. മലരും മധുവുംപോലെ ഞങ്ങൾ ജീവിക്കുവാൻതുടങ്ങി. ഒരു കുഞ്ഞിനെപ്പോലെ അദ്ദേഹം എന്നോടു വാത്സല്യമായി പെരുമാറി. മുഖം കറുപ്പിച്ച് ഒരു വാക്കുപോലും പറഞ്ഞിരുന്നില്ല. എന്റെ നിസ്സാരമായ ആഗ്രഹങ്ങൾപോലും സന്തോഷപൂർവ്വം സാധിച്ചുതന്നു.

പക്ഷേ എനിക്കുതൃപ്തിവന്നില്ല, എന്റെ സൗന്ദര്യത്തേയോ, യൗവനത്തേയോ അദ്ദേഹം വിലമതിച്ചതായി എനിക്കനുഭവപ്പെട്ടില്ല. സ്നേഹംനിറഞ്ഞ വാക്കുകളേയും പ്രവൃത്തികളേയുംകാൾ സ്ത്രീയുടെ യൗവനം മററുചിലതാഗ്രഹിക്കുന്നുണ്ട്. അതു കിട്ടിയില്ലെങ്കിൽ അവളുടെ ജീവിതം ഉരിതശൂന്യമായിത്തീരും.

ചിലപ്പോൾ അദ്ദേഹം എന്നെ ആശയോടെ സൂക്ഷിച്ചുനോക്കാറുണ്ട്. എ

(ശേഷം മൂന്നാംപേജിൽ)

## ഇന്ത്യയും സോഷ്യലിസവും

—o—

(ഒന്നാംപേജിൽനിന്നും തുടർച്ച)

ന് സർക്കാർ ജീവനക്കാർക്ക് കൊടുത്തുവരുന്ന ശമ്പളം മിക്ക തൊഴിൽശാലകളും കൊടുക്കുന്നതിനേക്കാൾ കുറവാണ്. അതുകൊണ്ട് അടുത്ത കുറെ വർഷങ്ങളിൽ ഇന്ത്യയുടെ ലക്ഷ്യം ഉല്പാദനം വർദ്ധിപ്പിക്കയും വിദേശവാണിജ്യം വികസിപ്പിക്കയും ആകുന്നു. അനവധി വ്യവസായങ്ങൾക്ക് സ്റ്റേററ് ധനസഹായം ചെയ്യേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി ഒരു industrial finance corporation ഏർപ്പെടുത്തുന്നതു് നന്നായിരിക്കും. ബാങ്കിംഗ്, ഇൻഷ്വറൻസ് എന്നീ വ്യവസായങ്ങളെ ഉടനടി ദേശീയീകരിക്കേണ്ടതാണ്. ഇതിൽ വലിയ പ്രയാസം നേരിടേണ്ട ആവശ്യമില്ല. ഈ നടപടി എടുക്കുകയാണെങ്കിൽ സ്റ്റേററിന് സാമ്പത്തികജീവിതത്തെ ശരിയായി നിയന്ത്രിക്കുവാൻ സാധിക്കും.

തിരുവിതാംകൂറിനെപ്പോലുള്ള നാട്ടുരാജ്യങ്ങൾ അവലംബിച്ചിരിക്കുന്ന സാമ്പത്തികപരിപാടി ഏററവും യുക്തിപൂർവ്വമായ ഒന്നാണ്. ഈ പരിപാടിയുടെ മുഖ്യാംഗങ്ങൾ താഴെ പറയുന്നവയാണ്. (1) പൊതുജനോപകാരപ്രദങ്ങളായ വ്യവസായങ്ങളെ സ്റ്റേററ് ഏറെറടുത്തു നടത്തുക. ഹൈദരബാദിലും തിരുവിതാംകൂറിലും ട്രാൻസ്പോർട്ട ദേശീയീകരിച്ചിരിക്കുന്നതു ശ്രദ്ധാർഹമാണ്. (2) സ്റ്റേററിനു നടത്താൻ സാധിക്കാത്ത വ്യവസായങ്ങളെ സ്വകാര്യഏജൻസികൾക്ക വിട്ടുകൊടുക്കുക. എന്നാൽ ഗവമ്മെൻറ് ഈ സ്ഥാപനങ്ങളിൽ നല്ല ഒരു ഓഹരി എടുക്കുകയും അവയുടെ നടത്തിപ്പിൽ ഭാഗഭാഗിത്വം വഹിക്കുന്നതുമായിരിക്കും.

വിദ്യാഭ്യാസം, വൈദ്യസഹായം എന്നീ തുറകളിൽ തിരുവിതാംകൂർഗവമ്മെൻറ വേണ്ടതു പ്രവർത്തിച്ചിട്ടുണ്ടെങ്കിലും സാമൂഹ്യഇൻഷുറൻസ്, വൃദ്ധജനങ്ങൾക്കുള്ള പെൻഷൻ, തൊഴിൽരഹിതർക്കുള്ള ധനസഹായം എന്നീഏർപ്പാടുകൾ ഈ രാജ്യത്തിൽ ഇതുവരെയും നടപ്പിൽവരുത്തിയിട്ടില്ല. ഇംഗ്ലണ്ടിലെ ബെവറിഡ്ജ് പദ്ധതിക്കനുസരണമായി ഒരു സാമൂഹ്യസുരക്ഷാപദ്ധതി നടപ്പിൽവരുത്തിയില്ലെങ്കിൽ വ്യവസായീകരണംകൊണ്ടുള്ള പ്രയോജനം മുതലാളിമാർക്കു മാത്രമേ ലഭിക്കയുള്ളൂ. ഈ പദ്ധതിയുടെ നടത്തിപ്പിലേയ്ക്ക് ആവശ്യമുള്ള പണം കൂടുതൽകരം ചുമത്തിയും, പുറമേനിന്നു കടമെടുത്തും ഉണ്ടാക്കാവുന്നതാണ്. കരം കൂടുതൽ ചുമത്തുന്നതും കടം എടുക്കുന്നതും പലർക്കും ഇഷ്ടമല്ല. പൊതുജനങ്ങൾക്കുവേണ്ടി ഗവമ്മെൻറ് കൂടുതൽ ചെലവുചെയ്യുന്തോറും രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി അഭിവൃദ്ധിപ്പെട്ടുവരുന്നു എന്നുള്ള വസ്തുത നമ്മുടെ പൊതുജനനേതാക്കന്മാർപോലും പലപ്പോഴും വിസ്മരിക്കുന്നതായിട്ടാണ് കാണുന്നതു്. സാമാന്യമനുഷ്യന്റെ ക്രയശക്തി (purchasing power) വർദ്ധിപ്പിക്കുക എന്നുള്ളതായിരിക്കണം സ്റ്റേററിന്റെ സാമ്പത്തികലക്ഷ്യം. തിരുവിതാംകൂറിലെ പുനരുദ്ധാരണവകുപ്പ് ഈ ലേഖനത്തിൽ ഉന്നയിച്ചിട്ടുള്ള വിവിധപ്രശ്നങ്ങളെപ്പററി പഠിച്ചു പൊതുജനങ്ങളെ അറിയിക്കുന്നതു് ഏററവും പ്രയോജനപ്രദമായിരിക്കും.

—o—

# അനുഭവങ്ങൾ

—o—

രണ്ടാംപേജിൽനിന്നും തുടർച്ച

ന്തോ പറയുവാൻ ബദ്ധപ്പെടുന്ന ഒരു ഭാവം മുഖത്തു പ്രതിഫലിക്കും. പക്ഷെ, ഒന്നും പറയുകയില്ല. എനിക്കീപ്രകൃതം തീരെ പിടിച്ചില്ല. സകലവും ഹൃദയത്തിന്റെ അടിത്തട്ടിൽ പൂഴ്ത്തിവച്ചുകൊണ്ടുള്ള പുരുഷന്റെ പെരുമാററം! തീർച്ചയായും ഒരു സ്ത്രീ അതു് ഇഷ്ടപ്പെടുകയില്ല!

അദ്ദേഹം സദാ സ്വകൃത്യത്തിൽ വ്യാപൃതനായിക്കാണും. പുസ്തകങ്ങളുടെ ഇടയിൽനിന്നു്, കാളേജിൽ പോകുമ്പോളൊഴിച്ചു്, അദ്ദേഹം മാറുകയില്ല. എന്താണോ വായിക്കുന്നതു്? എഴുതുന്നതു്? ഞാനതൊന്നും അന്വേഷിച്ചില്ല. എനിക്കു തീരെ സുഖിച്ചില്ല. നാൾചെല്ലുന്തോറും ഞങ്ങൾ അകന്നകന്നുപോയി. ചിലദിവസങ്ങളിൽ പരസ്പരം മിണ്ടുന്നതുപോലും ഇല്ലാതായി. എന്റെ മനശ്ശാന്തി മുഴുവൻ നശിച്ചു. അദ്ദേഹത്തോടു് എനിക്കു ക്രമം തീരെയായ വെറുപ്പു തോന്നി. അച്ഛനുണ്ടാക്കിയ ബന്ധം! അതു ഞങ്ങളെ കൂട്ടുതൽ അകററുകയാണോ ചെയ്യുന്നതു്.

ആയിടയ്ക്കൊരുദിവസമാണു അദ്ദേഹത്തിന്റെ അനുജത്തി—'ശ്യാമള' എന്നാണവളുടെപേരു്—അവിടെവന്നു. അവളുടെ ഭർത്താവു് അവളോടൊരുമിച്ചുണ്ടായിരുന്നില്ല. അവളുടെ ആഗമനത്തിനുശേഷം ഒരു ചെറിയ വ്യത്യാസം എനിക്കനുഭവപ്പെട്ടുതുടങ്ങി. എന്നാൽ ഞാനതേ ശിച്ചരീതിയിലല്ല അതവസാനിച്ചതു്.

ശ്യാമളയും ഞാനും ആത്മസുഹൃത്തുക്കളായിത്തീർന്നു. സദാ ഉല്ലാസപൂർണ്ണമായ അവളുടെ പ്രകൃതം എന്നെ വളരെ രസിപ്പിച്ചു. 'നിത്യബ്രഹ്മചാരിയാകുമെന്നു തന്ന ചേട്ടനെ മയക്കിയ മോഹിനി' എന്നു് അവളെന്നെ കളിയാക്കുമായിരുന്നു. ഞങ്ങളുടെ നേരംപോക്കുകളിൽ ചിലപ്പോൾ എന്റെ ഭർത്താവും പങ്കുകൊള്ളാറുണ്ടായിരുന്നു. അക്കാലത്തുമാണു് എന്നെ അല്പം ആശ്വാസപ്പെടുത്തിയതു്. അദ്ദേഹത്തിനും ഒരു മനുഷ്യനെപ്പോലെയുള്ള വികാരങ്ങളുണ്ടായെങ്കിൽ—! എന്നു ഞാൻ ദൈവത്തോടു് പ്രാർത്ഥിച്ചു.

അവളുടെ ഭർത്താവും വന്നുചേർന്നു. അതോടുകൂടി എന്റെ തല്ക്കാലസന്തോഷവും അവസാനിച്ചു. ഭർത്താവിന്റെ വരവിനുശേഷം ശ്യാമള മിക്കസമയവും അയാളോടൊരുമിച്ചു ഉണ്ടായിരിക്കയുള്ളു. ഇത്ര മാത്രം സംസാരിക്കാൻ എന്തിരിക്കുന്നു? ഞാൻ അതിശയിച്ചുപോയി. അവർതമ്മിൽ നേരംപോക്കുപറയുന്നതും, കളിയാക്കുന്നതും, സല്ലപിക്കുന്നതും മററും കാണുമ്പോൾ എന്റെ ഇടനെഞ്ചു തകർന്നുപോകും. അസൂയകൊണ്ടല്ല. അനുഭവിക്കാനുള്ള ഭാഗ്യം ലഭിക്കാത്തതുകൊണ്ടുമാത്രം. കടൽപ്പുറം, സിനിമാതീയേറററ്, അമ്പലം എന്നിങ്ങനെ ഓരോ സ്ഥലങ്ങളിൽ കൈകോർത്തുപിടിച്ചു് ദിവസവും വൈകുന്നേരം അവർ പോകും. തിരതല്ലുന്ന നീലാബ്ധിയേയും മായാത്ത നിഴലുകളേയും ഉററുനോക്കി നെടുവീർപ്പുവിട്ടുകൊണ്ടു് ഞാനാ ശപിക്കപ്പെട്ട ഗൃഹത്തിൽ കഴിയണം! ചിലപ്പോൾ എന്റെ ഭർത്താവു ചോദിക്കും. 'അവരെവിടെ' എന്നു്. സിനിമാ കാണാനെന്നോ, അമ്പലത്തിലേക്കെന്നോ, ഞാൻ സമാധാനം പറയും. എന്നിട്ടെങ്കിലും അദ്ദേഹത്തിനെന്തെങ്കിലും ഭാവഭേദം വന്നോ? ഇല്ല—വന്നു. കാപ്പികുടിച്ചു; മുറിയിൽ കയറി; പുസ്തകം തുറന്നു; കസേരയിലേയ്ക്കു മലർന്നു. പിന്നെ എന്തിനു അത്താഴം കഴിക്കാൻ! കഷ്ടം! എന്തൊരു അരസികൻ! ഇശ്വരാ! ഇദ്ദേഹം എന്തിനെന്നെ വിവാഹം ചെയ്തു? കണ്ണുനീരോടെ പലപ്പോഴും ഞാനു ചോദിച്ചുപോയി.

ഒരുദിവസം ശ്യാമളയും അവളുടെ ഭർത്താവും മുറിക്കകത്തിരുന്നതു് അറിയാതെ ഞാൻ വാതൽ വലിച്ചുതുറന്നു. ഞാൻ കണ്ടുകാഴ്ച! അവൾ ആ മനുഷ്യന്റെ മടിയിൽ തലവച്ചു കിടക്കുന്നു. അയാൾ അവളുടെ കുറുനിരകളെ പ്രേമപൂർവ്വം തലോടുന്നു. സാവധാനത്തിൽ കുനിഞ്ഞു് അവളുടെ കപോലങ്ങളിൽ......! അതുകാണാൻ നിൽക്കാതെ ഞാൻ അവിടെനിന്നും ഓടിപ്പോയി എന്റെ മുറിയിൽക്കയറിക്കിടന്നു് ഏങ്ങിയേങ്ങിക്കരഞ്ഞു:—ആരുകാണാൻ? ആരു സമാധാനിപ്പിക്കാൻ?

എത്രനേരം ഞാനിങ്ങനെ കരഞ്ഞോ എന്തോ? ശ്യാമള അവിടെവന്നു് 'എന്തു്? ചേച്ചി കരയുന്നോ?—സുഖമില്ലേ—?' എന്നു ചോദിച്ചപ്പോഴാണു് എനിക്കു പ്രജ്ഞയുണ്ടായതു്. 'അതെ നല്ല തലവേദന', എന്നു ഞാൻ ഒരുവിധത്തിൽ പറഞ്ഞു രക്ഷപ്പെട്ടു. ആ മാതിരി 'വേദന'കൾ അതിനുശേഷം പലപ്പോഴും എനിക്കുണ്ടായി. എന്റെ ആരോഗ്യം കുറഞ്ഞു. ഞാനാകപ്പാടെ ക്ഷീണിച്ചു.

ഒരു ദിവസം ശ്യാമളയും, എന്റെ ഭർത്താവുമായിട്ടുണ്ടായ സംഭാഷണം ഞാൻ കേട്ടു.

"ചേട്ടാ!-ചേച്ചി എന്താണിങ്ങനെ ക്ഷീണിച്ചിരിക്കുന്നതു്? അവൾ ചോദിച്ചു.

'എങ്ങിനെ-?' അതായിരുന്നു എന്റെ ഭർത്താവിന്റെ മറുപടി. ഭാര്യയെക്കുറിച്ചുള്ള ശ്രദ്ധ!!

'ചേട്ടനു കണ്ണില്ലേ? കഷ്ടം!' ശ്യാമള! അവൾ സ്ത്രീയാണു്. അവൾക്കറിയാം എന്റെ ക്ഷീണത്തിനുള്ള ഹേതു. അനുഭവജ്ഞാനം നിറഞ്ഞ ഒരു പെൺപക്ഷകമാണവൾ!

ശ്യാമേ! വാസ്തവത്തിൽ ഞാൻ നിന്റെ ചേച്ചിയെ വിവാഹം ചെയ്തതു് ഒരു വലിയ തെററായിപ്പോയി—' അദ്ദേഹത്തിന്റെ അനുകമ്പാരഹിതമായ സമാധാനം! ഞാൻ തീരുമാനിച്ചു ഞാനൊരു വല്ലാത്ത തീച്ചൂളയിലകപ്പെട്ടുപോയെന്നു്!

കുറേദിവസങ്ങൾ കഴിഞ്ഞു് ശ്യാമളയും ഭർത്താവും പോയി. ഞാനും എന്റെ ഭർത്താവും വീണ്ടും ഏകാന്തതയുടെ മടിത്തട്ടിലേയ്ക്കു വീണു. ഒരു ഓമനക്കുഞ്ഞുവെങ്കിലും ഉണ്ടായിരുന്നെങ്കിൽ!...അയ്യോ! എങ്കിൽ എന്റെ ജീവിതം ഒരാനന്ദഗാനമായി മാറിയേനെ!...എന്റെ സ്ത്രീത്വം പൂർണ്ണമായേനേ!...

എനിക്കു മതിയായി. അനുഭവങ്ങൾകൊണ്ടുള്ള തൃപ്തിയല്ല; അനുഭവിക്കാത്തതിനാലുള്ള അതൃപ്തികൊണ്ടു് അച്ഛനു് ഒരെഴുത്തെഴുതാൻ ഞാൻ തീരുമാനിച്ചു. എന്തെഴുതാനാണു്? എങ്ങിനെ എഴുതേണ്ടു്?- അച്ഛനോ അറിയിക്കുന്നതു് എങ്ങിനെ? നാലോ അഞ്ചോ കത്തുകൾ ഞാനെഴുതി. ഒന്നും ശരിയായില്ല. ഒടുവിൽ ഒരെണ്ണം മാത്രംവച്ചിട്ടു മറെറല്ലാം അഗ്നിക്കു സമർപ്പിച്ചു. വീണ്ടും വായിച്ചുനോക്കിയപ്പോൾ അതും എനിക്കു പിടിച്ചില്ല. ഓർമ്മയില്ലാതെ അതു് എവിടെയോ വച്ചിട്ടു കുളിക്കാൻപോയി. തിരിയെ വന്നപ്പോഴാണു് ഞാൻ അതിന്റെ കാര്യം ഓർത്തതു്. സകല സ്ഥലത്തും നോക്കി; കണ്ടില്ല. ആരെടുത്തിരിക്കാം?-അദ്ദേഹം അതു ചെയ്യുകയില്ല. തീർച്ചയാണു്. ഒടുവിൽ ഞാനങ്ങുസ്വയം സമാധാനപ്പെട്ടു. വിധിയിൽ തൃപ്തിപ്പെടാൻതന്നെ തീരുമാനിച്ചു. അച്ഛനു് എഴുതേണ്ടെന്നും ഉറച്ചു?

രാത്രിയിൽ അദ്ദേഹം വളരെനേരം വായിച്ചുകൊണ്ടിരിക്കും. ഞാൻ മെത്തയിൽ കിടന്നാലും ഉറക്കംവരാതെ, ചിലപ്പോൾ അങ്ങിനെ അങ്ങിനെ അങ്ങുറങ്ങിപ്പോകും. മററുചിലപ്പോൾ അദ്ദേഹം വരുന്നതുവരെ ഉറക്കം വരില്ല. എങ്കിലും അദ്ദേഹം അടുത്തുവരുമ്പോൾ ഉറങ്ങിയതുപോലെ കണ്ണടച്ചുകിടക്കും. എന്നെ ഒന്നു നോക്കിയിട്ടു അദ്ദേഹവും കിടക്കും. അഞ്ചുനിമിഷത്തിനുള്ളിൽ ഉറങ്ങുകയും ചെയ്യും!—അനുകമ്പയില്ലാത്ത ഉദാസീനതയാണു് ഇന്നു ഞാൻ ഹാ അനുഭവിക്കുന്നതു്. ഞാൻ തയാറാണെന്നു്—എന്റെ യൗവനം അദ്ദേഹത്തിനുവേണ്ടിയുള്ളതാണെന്നു്—അന്നു് ഒരു ചെറിയ സൂചനയെങ്കിലും നൽകിയിരുന്നെങ്കിൽ..!

അന്നുരാത്രി അദ്ദേഹം വന്നപ്പോഴും ഞാൻ മനഃപൂർവ്വം കണ്ണടച്ചുകിടക്കുകയായിരുന്നു. അദ്ദേഹം എന്റെ തലയ്ക്കരികിൽ വന്നുനിന്നു. എനിക്കത്ഭുതംതോന്നി. ഒരുനാളുമില്ലാത്ത ഈ ഭാവഭേദം! എന്റെ ഹൃദയം ഒന്നു പിടഞ്ഞു. എന്നിട്ടും ഞാൻ അനങ്ങിയില്ല. ചിരകാലപ്രതീക്ഷിതമായ ആ അനുഭവത്തിനുവേണ്ടി ഞാൻ ദൈവത്തെ പ്രാർത്ഥിച്ചു.

അദ്ദേഹത്തിന്റെ വലതുകരം എന്റെ നെററിയിൽ മൃദുവായി സ്പർശിച്ചു. എനിക്കു സർവ്വാംഗം പുളകമുളവായി. നവദമ്പതികളുടെ പ്രതീക്ഷകൾനിറഞ്ഞ പ്രഥമരാത്രിയിലെ വികാരാതിരേകങ്ങളുൽ എന്നിലുളവായി. എന്നിട്ടും ഞാൻ അനങ്ങിയില്ല. ദൈവമേ! ആ സന്ദർഭത്തിൽ ഞാനെന്നാണെന്നു് ആ കരങ്ങളെ ചുംബിച്ചിരുന്നുവെങ്കിൽ! —

അദ്ദേഹത്തിന്റെ ചൂടുപിടിച്ച അധരപുടങ്ങൾ എന്റെ നെററിയെ സ്പർശിച്ചു. ഭാര്യാഭർത്താക്കന്മാരെന്ന നിലയിൽ ഒമ്പതുവർഷങ്ങൾക്കകം ഞങ്ങൾ തമ്മിലുണ്ടായ ഒന്നാമത്തേതും ഒടുവിലത്തേതുമായ സ്പർശനം!...

എന്നിട്ടും ഞാനനങ്ങിയില്ല. അഥവാ ഉണർന്നിരുന്നിട്ടും ഉറങ്ങിയതുപോലെ ഭാവിച്ചു!—സ്ത്രീയുടെ ഒരു ജന്മസ്വഭാവമാണതു്. അടുത്തിരിക്കുമ്പോൾ അവഗണിക്കുക; അകലുമ്പോൾ അടുക്കുവാൻ ആശിക്കുക! തെററാലും അതു സമ്മതിക്കുവാനവൾ തയാറാവുകയില്ല. പുരുഷന്റെ നേതാവാണവൾ. ആ ബിരുദമാണവൾക്കാനന്ദം! അപ്രാപ്യമായ ഒന്നിനെ ആശിച്ചു മനസ്സു പുണ്ണാക്കുക; അതു കൈവശം അടുക്കുമ്പോൾ നിസ്സാരമായി വിചാരിക്കുക;—വീണ്ടും അതു കൈവിട്ടുപോകുമ്പോൾ ഹൃദയഭേദകമാംവണ്ണം സങ്കടപ്പെടുക! ദുരഭിമാനം!...പുരുഷനും സ്ത്രീയും ജീവിതയാത്രയിലെ പങ്കുകാർ പരസ്പരം എന്തിനീദുരഭിമാനം?

ഒരു നെടുവീർപ്പു് അദ്ദേഹത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ടു. ആദ്യത്തേതുമവസാനത്തേതുമായ നെടുവീർപ്പു!—അദ്ദേഹം തിരിഞ്ഞുനടന്നു വാതൽ തുറന്നിട്ടു വീണ്ടും ചാരി. വെളിയിലത്തെ വാതൽ തുറക്കുന്ന ശബ്ദം ഞാൻ കേട്ടു....അവ്യക്തമായ ഒരു ആശങ്കയോടെ ഞാൻ ചാടിഎണീററു് വാതൽതുറന്നു് അദ്ദേഹത്തിന്റെ മുറിയിലേക്കോടി—അവിടം സർവ്വശൂന്യം. മേശവിളക്കുമാത്രം നിന്നു് എരിയുന്നുണ്ടു്, ഒരു ചോദ്യചിഹ്നംപോലെ:—

മേശപ്പുറത്തു് എന്റെ പേരെഴുതിയ ഒരു കടലാസ് ഇരുന്നു. ഞാനതു വിറയ്ക്കുന്ന കൈകളോടെ എടുത്തു. അദ്ദേഹമാണെഴുതിയിരിക്കുന്നതു്.

"ഓമനേ!

തെററുകാരൻ ഞാൻ. പക്ഷെ ഞാനൊരുരോഗി. നിന്നോടുള്ള ഞാൻ നശിപ്പിക്കുന്നതു ദ്രോഹം. നമ്മുടെ വിവാഹത്തിനുശേഷമാണിതു് ഞാൻ മനസ്സിലാക്കിയതു്. എനിക്കു മാപ്പുതരൂ......നിനക്കു് പൂർണ്ണസ്വാതന്ത്ര്യം ഈ നിമിഷംമുതൽ. അനുഭവിക്കുവാൻതക്ക ആരോഗ്യം നിനക്കുണ്ടു്....ഞാൻ നിന്റെ ആനന്ദയാത്രക്കു് ഒരു വിലങ്ങുതടിയല്ല...മാർഗ്ഗം തുറന്നുകിടക്കുന്നു...നിന്റെ അച്ഛനു് നീ എഴുതിയ കത്തു് ഞാൻ കണ്ടു...നിനക്കു മംഗളം നേർന്നുകൊണ്ടു്......"

എഴുത്തു ദൂരെ എറിഞ്ഞിട്ടു് ഞാൻ വെളിയിലേക്കിറങ്ങി ഓടി. റോഡിന്റെ അങ്ങേഅററത്തു് അദ്ദേഹത്തിന്റെ വെള്ളവസ്ത്രം മറയുന്നതു് കണ്ടു. അതിനെ ലക്ഷ്യമാക്കി ഞാനും നടന്നു. നക്ഷത്രങ്ങൾ കണ്ണുചിമ്മുന്നവെളിച്ചമേ ഉണ്ടായിരുന്നുള്ളു. ഒന്നും നേരെ കാണാൻ എനിക്കു കഴിഞ്ഞില്ല. ഒരു വല്ലാത്ത തണുത്ത കാററു് അവിടമെങ്ങും വീശി. എന്നിട്ടും ഞാൻ ഓട്ടം നിർത്തിയില്ല. പോലീസുകാർ കണ്ടിരുന്നെങ്കിൽ ഒരു സൈ്വരിണിയാണെന്നു ശങ്കിച്ചു് എന്നെ പിടികൂടിയേനേ. അദ്ദേഹം മറഞ്ഞുപോയസ്ഥലത്തു് ഞാനെത്തി. നാലു റോഡുചേരുന്ന ഒരു കവല!-അദ്ദേഹം എങ്ങോട്ടുപോയി? ഞാനേതുവഴിതിരിയണം? ഒന്നുമറിയാതെ ഞാൻ പരുങ്ങി. തലകറങ്ങുന്നതായും, ശരീരത്തിൽ ഒരു വല്ലാത്ത ചൂടു്-വ്യാപിക്കുന്നതായും എനിക്കുതോന്നി. ഹൃദയം രണ്ടായി പിളർന്നുപോകുമെന്നു് ഞാൻ ഭയപ്പെട്ടു. മുന്നോട്ടുപോകാൻ വഴികാണാതെ—മാർഗ്ഗദർശനംചെയ്യുവാൻ ആരുമില്ലാതെ—ആ കൂററിരുട്ടിൽ പ്രകൃതിയെ തുറിച്ചുനോക്കിക്കൊണ്ടു് ഞാനൊരു പിശാചിനെപ്പോലെനിന്നു......

തണുത്തകാററു മന്ത്രിക്കുന്നതുപോലെ തോന്നി,' പൂർണ്ണസ്വാതന്ത്ര്യം; പൂർണ്ണസ്വാതന്ത്ര്യം'!

അന്നുമുതൽ ഇന്നുവരെ ഞാൻ തേടുകയാണദ്ദേഹത്തെ-യാതൊരറിവുമില്ല. ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ!-എത്ര തൃപ്തിയോടെ മരിയ്ക്കുമായിരുന്നു. ഈ കത്തു് പ്രസിദ്ധപ്പെടുത്തുമെങ്കിൽ അദ്ദേഹം കാണാനിടവരും. അപ്പോൾ എന്നെപ്പോലെ പശ്ചാത്തപിക്കുന്ന അദ്ദേഹം തീർച്ചയായും എന്നെ കാണാൻ ഓടിയെത്തും. രണ്ടു ഹൃദയങ്ങൾ ആനന്ദനിർവൃതിയടയും!

ഞാൻ പഠിച്ചു; അനുഭവങ്ങൾ എന്നെ പഠിപ്പിച്ചു. ജീവിതത്തിൽ അപൂർവ്വമായി ലഭിക്കുന്ന സുവർണ്ണസന്ദർഭങ്ങളെ അവഗണിക്കുന്നതു് ബുദ്ധിയില്ലായ്മയാണു്; ആ ജീവിതം ഒരു ദയനീയപരാജയമായിരിക്കും—"

ഇതാണു് ആ കഥ—ആ സ്ത്രീയുടെ അനുഭവങ്ങൾ!!

—o—

(സർവ്വാവകാശവും കഥികനു്)


# പുതിയ പുസ്തകങ്ങൾ

## 1 കേരളീയസംസ്കൃതസാഹിത്യചരിത്രം

2-ാംഭാഗം പേജ് 774.

ഗ്രന്ഥകർത്താ: കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജാ.

കേരളത്തിൽ സംസ്കൃതഭാഷയുടെ ആഗമം പ്രചാരം കേരളീയകലകൾ സംസ്കാരം എന്നിവയേയും മഹാകവികൾ ശാസ്ത്രകാരന്മാർ വ്യാഖ്യാതാക്കൾ മുതലായവരേയുംമററുംകുറിച്ചു വിപുലമായ രീതിയിൽ പ്രതിപാദിക്കുന്ന ഒരു മഹാഗ്രന്ഥം.

വില 7 ക. 8 ണ.

## 2 ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ

ആംഗലരീതിയിൽ ആകർഷകമായി മുദ്രണം ചെയ്തിട്ടുള്ള ഒരു മനോഹരസമാഹാരം

Edited by CHANGAMPUZHA

ഇടപ്പള്ളിയുടെ ത്രിവർണ്ണമോഹനമായ ചിത്രം, അദ്ദേഹത്തിന്റെ കൈയക്ഷരത്തിൽ ചങ്ങമ്പുഴയ്ക്കയച്ചിട്ടുള്ള ഒരു കത്തിന്റേയും, ഒരു കൈയെഴുത്തുകവിതയുടേയും, അദ്ദേഹവും, ചില സുഹൃത്തുക്കളുംകൂടിയെടുത്തിട്ടുള്ള ഒരു ഫോട്ടോവിന്റേയും ബ്ളാക്കുകൾ, അനുസ്മരണകൾ, മുതലായവ ഈ പ്രസിദ്ധീകരണത്തിന്റെ ചില പ്രത്യേകതകളാണു്. രാഘവൻപിള്ളയുടെ എല്ലാം ഗദ്യപദ്യകൃതികളും ഈ വാല്യത്തിൽ ഉൾപ്പെടുന്നു. ആകെ മുന്നൂറിൽപരം പേജുകൾ—മേനിക്കടലാസ്സ്—ഇംഗ്ലീഷുമട്ടിലുള്ളപുറംചട്ട. വില രൂപാ അഞ്ചു്.

## 3 മനുഷ്യൻ—ഗ്രന്ഥകർത്താ: കെ. ദാമോദരൻ. വില 2 ക.

മനുഷ്യന്റെ ഉത്ഭവംമുതൽ യഥാക്രമമുള്ള വളർച്ചയേയും സംസ്കാരത്തേയും മാർക്സിസത്തിന്റെ വെളിച്ചത്തിൽ, വിശദമായി പ്രതിപാദിക്കുന്ന ഒരു നവീനഗ്രന്ഥം.

മംഗളോദയം ലിമിറഡ്, തൃശ്ശിവപേരൂർ.

# ഖാദിപ്രസ്ഥാനവും സാമ്പത്തികോന്നമനവും

(പി. കെ. മാധവൻ ബി. എ. എൽ. ററി. വൈയ്ക്കം)

ഒരിക്കൽ ഒരു ആംഗലചരിത്രകാരൻ തലകുലുക്കി സമ്മതിക്കുകയാണ് "India became the centre and keystone of the whole economic and financial fabric of the British Empire" എന്ന പച്ചപ്പരമാർത്ഥം. ഈ പ്രസ്താവനയുടെ അർത്ഥവ്യാപ്തിയിൽ അഭിമാനിയായ ഒരു ഭാരതീയൻെറ ഹൃദയം തകരുകതന്നെ ചെയ്യും. പക്ഷെ പ്രഥമശ്രവണത്തിൽ ഇൻഡ്യാഭൂഖണ്ഡത്തിനയച്ച ഒരു അനുമോദനസന്ദേശമായി ഒരാൾ വ്യാഖ്യാനിക്കാം. നീണ്ടുനിവന്നു വിശാലസുന്ദരമായി, സൂര്യൻ അസ്തമിക്കാത്തതായി കിടക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഫിനാൻഷ്യൽ സെക്രട്ടേറിയററ് അലങ്കരിക്കാനുള്ള അന്തസ്സ് ഇൻഡ്യയ്ക്കു മാത്രമേയുള്ളു, എത്ര അസൂയാജനകമായ ഒരുപദവി? ഈ വ്യാഖ്യാനം കേവലം അന്തഃസാരവിഹീനമായ ഒന്നല്ലേ? അല്പം ഉള്ളിലേയ്ക്കു ഒന്നു ചുഴിഞ്ഞുകയറുക. നമ്മുടെ സാമ്പത്തികപരാധീനതയുമായി ഒന്നു തട്ടിച്ചുനോക്കുക. മെയ്ക്കുളക്കെ പണിതു പണമുണ്ടാക്കിക്കൊടുത്തു ബ്രിട്ടനേയും സഹകാരികളേയും തീററിപ്പോററുന്ന ആതിഥ്യമൂർത്തികൾ—ഭാരതീയർ—വൈദേശികൻെറ പെക്കുകൾ കൃഷിചെയ്യുന്ന ഒരു ബാങ്കായി മാത്രം മാതൃഭൂമിയെ കരുതിക്കിടന്നുകൊള്ളുമെന്നു ഇനി ആരും വ്യാമോഹിക്കേണ്ട. ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ സാമ്പത്തികഭണ്ഡാരം ഇൻഡ്യയാണെന്നും പറഞ്ഞുട്ടു 'കള്ളച്ചക്കരത്തെ' കൂടാൻവരുന്ന ക്ഷുദ്രകീടങ്ങളോടു ഇനി ഭാരതാംബയ്ക്കു അറിയിക്കാനുള്ളതു ഇതായിരിക്കും, 'കുഞ്ഞുങ്ങളേ!- ഇതിനുള്ളിൽ തേൻകുള്ളികൾ ഉണ്ടു്. പക്ഷെ ചക്കരെ സൂക്ഷിച്ചുകൊള്ളണേ.'

ഇൻഡ്യ ഒരു കർഷകരാജ്യമാണ്; ആക്കിത്തീർത്തു എന്നു പറയുന്നതാണ് കുറേക്കൂടി ശരി. 67% ആളുകളും കർഷകരാണ്. അങ്ങനെയുള്ള ഒരു കർഷകരാജ്യത്തു പട്ടിണിയുടേയും തൊഴിലില്ലായ്മയുടേയും ഇരമ്പലുകൾ സാധാരണ പരിതഃസ്ഥിതികളിൽ സംഗതമല്ല. എന്നാൽ ഇൻഡ്യയ്ക്കു ഇന്നലെയും ഇന്നും എന്നും അഭിമുഖീകരിക്കേണ്ട രണ്ടു സജീവപ്രശ്നങ്ങളാണ് പട്ടിണിയും തൊഴിലില്ലായ്മയും. ഈ പ്രശ്നങ്ങൾക്കു പോംവഴി കണ്ടുപിടിക്കാൻ ദേശഭക്തന്മാർ പലരും ഉദ്യമിച്ചതിൻെറ ഫലമായി നാം ശരിയായ ഒരു വെളിച്ചത്തിൽ എത്തിച്ചേർന്നു. അനവധി രാഷ്ട്രചരിത്രങ്ങൾ കടഞ്ഞു. നാം എത്തിച്ചേർന്ന ആ തത്വചർച്ചയിൽ—'ഒരു നാട്ടിലുണ്ടാകുന്ന അസംസ്കൃതസാധനങ്ങൾ അവിടെത്തന്നെ വ്യവസായസാധനങ്ങളാക്കിത്തീർക്കാതെ അന്യസ്ഥലങ്ങളിലേക്കു കയററുമതി ചെയ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള നാടു ക്രമേണ പട്ടിണിയുടേയും തൊഴിലില്ലായ്മയുടേയും കേളീരംഗമായിത്തീരും' എന്ന ആദർശത്തിൽ നമ്മുടെ ഉല്പന്നങ്ങളിൽ ഏഴെട്ടെണ്ണം ഇവിടെ പ്രയോജനപ്പെടുത്തുന്നുവെന്നു ഒന്നന്വേഷിക്കുമ്പോൾ മുൻപ്രശ്നങ്ങളുടെ നിദാനം നാം കണ്ടെത്തുകതന്നെ ചെയ്യും. നമ്മുടെ മടിതന്നെയാണ് നമ്മെ നിത്യദാസരും പട്ടിണിക്കാരും ആക്കിത്തീർത്തിട്ടുള്ളതു്. ഒരു ചെറിയ ഉദാഹരണം എടുക്കാം. ലോകത്തിൽ ഏററവും കൂടുതൽ എണ്ണക്കുരുക്കൾ വിളയുന്ന ഒരു കേന്ദ്രമാണ് ഇൻഡ്യ. വിമത്തതു പകുതി വിളയാത്തതു പകുതി കയ്യിൽ കിട്ടിയാലുടൻതന്നെ കപ്പലുകയററി അയയ്ക്കുകയായി. നമുക്കു ഒന്നേകാൽ ചക്രത്തിനു വാങ്ങുന്ന എണ്ണക്കുരുക്കൾക്കു പ്രകാരാന്തരേണ ഇവിടെ തിരികെ എത്തുമ്പോൾ നാം ഒന്നേകാൽ രൂപാകൊടുത്തു വാങ്ങേണ്ടിവരുന്നു. നേരേമറിച്ചു അവയിൽനിന്നു എണ്ണയെടുത്തു വിളക്കുകത്തിക്കാൻ നാം ഒരുമ്പെട്ടിരുന്നുവെങ്കിൽ മണ്ണെണ്ണക്ഷാമമുള്ള ഈ കാലത്തു എത്ര സൗകര്യമായിരുന്നു? എന്തു ലാഭമായിരുന്നു.

ഇൻഡ്യയിൽ ഉണ്ടാകുന്ന പഞ്ഞിയുടെ കഥയും ഇതുപോലെതന്നെ. കൈനീട്ടം കൊടുത്തു വാങ്ങി ലങ്കാഷയറിലേക്കയയ്ക്കപ്പെടുന്ന പത്തുകപ്പൽ പഞ്ഞി വസ്ത്രമായി തിരികെ ഇൻഡ്യയിൽ വരുമ്പോൾ ഒരു കപ്പലിൽ പിടിപ്പതുമാത്രമേ കാണുകയുള്ളു എങ്കിലും പത്തോ നൂറോ ഇരട്ടിലാഭം ലങ്കാഷയറിലെ മുതുമുതലാളിക്കു പ്രദാനംചെയ്യുന്നു. അതേ അവസരത്തിൽ മരംവച്ചുപിടിപ്പിച്ചു പഞ്ഞി ഉണ്ടാക്കിക്കൊടുത്തവനു യാതൊന്നും കിട്ടുന്നുമില്ല. തല്ലുകൊള്ളാൻ ചെണ്ടയും പണം വാങ്ങാൻ ചെണ്ടക്കാരനും എന്നാണ് ഈ വൈപരീത്യങ്ങൾക്കുള്ള കാരണം? വസ്തുക്കളുടെ അസംസ്കൃതാവസ്ഥ (raw material stage) യിൽ അവയിൽ നിന്നു കിട്ടുന്ന—അവവിററുകിട്ടുന്ന—ലാഭം അവയുടെ ഉപഭോക്താവസ്ഥ (consumption stage) യിൽകിട്ടാവുന്ന ലാഭത്തേക്കാൾ തുലോം കുറവായിരിക്കുമെന്നു ധനതത്വശാസ്ത്രം ഉദ്ഘോഷിക്കുന്നു. ഭാരതീയൻെറ അനുഭവികജ്ഞാനവും ഇതിനു് ഉത്തമസാക്ഷ്യം വഹിക്കുന്നു. നമുക്കു ഒന്നു കരുതിനിൽക്കാം.

ഇൻഡ്യ കർഷകരാജ്യമാണ്—അല്ല ആക്കിത്തീർക്കപ്പെട്ടതാണെന്നു മുമ്പു പ്രസ്താവിച്ചു. അതിനുമുമ്പു എങ്ങനെയിരുന്നു എന്നും മാററത്തിനുണ്ടായ കാരണമെന്തെന്നും ഒന്നു കണ്ണോടിക്കാം. ഇംഗ്ലീഷുകാർ ഇൻഡ്യയിൽ വന്നിട്ടു ഒരു മൂന്നുകൊല്ലവും നേരിട്ടു ഭരണംതുടങ്ങിയിട്ടു 150 കൊല്ലവും കഴിഞ്ഞിരിക്കുമല്ലോ. ഏഴു വരിയിട്ടുടുത്തിട്ടും അറംഗസീബ് ചക്രവർത്തിയുടെ മകളുടെ നഗ്നത മറയ്ക്കാൻ പണിപ്പെട്ട നമ്മുടെ ഡാക്കാമൽ ആർക്കു മറക്കുവാൻ കഴിയും. ഇന്നത്തെ ബ്രിട്ടീഷുകാരുടെ പ്രപിതാമഹന്മാർക്ക് എങ്ങനെ മറക്കാം. അവരുടെ വീടുകൾ ഒരിക്കൽ അണിഞ്ഞിരുന്ന മുർഷിദബാദ് സിൽക്കുകൾ പക്ഷെ വിദേശസാധനങ്ങളോടുള്ള പ്രതിപത്തി അവരെ അന്ധരാക്കിയില്ല. വൈദേശികപ്രതിപത്തിയുടെ ദൂർവ്യാപകദോഷം ചിന്തിച്ചു പെട്ടെന്നു മനസ്സിലാക്കിയ ഡാനിയൽ ഡീഫോ എന്ന ഒരു മഹാൻ ബ്രിട്ടീഷുവ്യവസായത്തിനും വ്യാപാരത്തിനും അതു വരുത്തിക്കൂട്ടാവുന്ന അനിഷ്ടഫലങ്ങൾ ഗവമ്മേൻറിനേയും നാട്ടാരേയും പറഞ്ഞു മനസ്സിലാക്കി. അതിൻെറ ഫലമായി 1700-ൽ ഒരു നിയമം പാസ്സാക്കപ്പെട്ടു. ഇൻഡ്യൻവസ്ത്രം ധരിക്കുന്ന ഓരോ വെള്ളക്കാരനും അഞ്ചുപവൻ വീതം പിഴ ഒടുക്കണമെന്നായിരുന്നു നിയമം. ഈ നിയമത്തിനു് ഉപോൽബലകമായി 1735-ൽ 'ഇൻഡ്യൻവസ്ത്രം കച്ചവടംചെയ്യുന്ന ഓരോ കച്ചവടക്കാരനും 25 പവൻവീതം പിഴ ഒടുക്കണം'. എന്ന മറെറാരു നിയമംകൂടി ഇംഗ്ലണ്ടിൽപാസായി. ചുരുക്കിപ്പറഞ്ഞാൽ ഒരു ശവശരീരം മൂടുന്നതിനുപോലും ഇൻഡ്യൻവസ്ത്രം ഉപയോഗിക്കാൻ പാടില്ലായിരുന്നു. ഉപയോഗിച്ചതായി തെളിഞ്ഞാൽ അതിനും പിഴ പവൻ അഞ്ചു്. എന്നിട്ടും അമർഷം അടങ്ങാതിരുന്ന ഇംഗ്ലണ്ടിലെ ഗവമ്മെൻറു് അവിടെ ഇറക്കിയിരുന്ന പട്ടുവസ്ത്രങ്ങളിന്മേൽ അമിതമായ നികുതി ചുമത്തി. ഇങ്ങനെ ഇരിക്കെ 1783-ൽ ആവിയന്ത്രം (Steam engine) കണ്ടുപിടിച്ചു. ലങ്കാഷയർ വസ്ത്രനിർമ്മാണകേന്ദ്രമായി അവിടെനിന്നു 1803-ൽ 3 ലക്ഷം രൂപയ്ക്കും 1829-ൽ 29 ലക്ഷത്തിനും വസ്ത്രങ്ങൾ ഇന്ത്യയിലേയ്ക്കു കയററുമതിചെയ്തു. ലങ്കാഷയർ 1929-ൽ—അതായതു 100 കൊല്ലംകഴിഞ്ഞു്—ഇന്ത്യയിലേയ്ക്കു കയററിയതു് 66 കോടി രൂപയ്ക്കാണ്—66 ലക്ഷത്തിനല്ല 66 കോടിയ്ക്കു്—ഒന്നാലോചിച്ചുനോക്കൂ! ഒരു ശതാബ്ദം വരുത്തിക്കൂട്ടിയ അന്തരം—അതേ ഇന്ത്യയെ ലങ്കാഷയറിൻെറ വിപണിയായി രൂപാന്തരപ്പെടുത്തിയ ആ നൂററാണ്ടേ! നീ ഇനി ഭാരതത്തിൽ രംഗപ്രവേശം ചെയ്യരുതേ! ഇതിൻെറ ഫലമായി 1815 മുതൽ 37 വരെയുള്ള കാലഘട്ടത്തിനുള്ളിൽ ഒന്നരലക്ഷം ജനങ്ങൾ തള്ളിപ്പാർത്തിരുന്ന ഡാക്കാസിററി ജനശൂന്യമായിത്തീർന്നു. ഇരുപതിനായിരം പേരൊഴികെ ബാക്കിയുള്ളവർ നാടുവിട്ടുപോകേണ്ടതായിവന്നു. ഇങ്ങനെ പല കേന്ദ്രങ്ങളിലും അതോടുകൂടി നമ്മുടെ വസ്ത്രവ്യവസായം നിലംപതിച്ചു. കാലക്ഷേപമാർഗ്ഗമായി കൃഷിയെത്തന്നെ ശരണം പ്രാപിക്കാൻ ഇൻഡ്യാക്കാർ നിർബന്ധിതരായി.

ഇങ്ങനെ ഇൻഡ്യയിലെ 40 കോടി ആളുകൾ വസ്ത്രധാരണത്തിനായി പ്രതിവർഷം 66 കോടിരൂപാവീതം ചെലവാക്കിവന്നു. അതായതു് ആളൊന്നുക്കു് പ്രതിവർഷം വസ്ത്രത്തിനു് ഒന്നരരൂപയ്ക്കുമേൽ ചെലവാക്കിക്കൊണ്ടിരുന്നു. എന്നാൽ ഇൻഡ്യയിലെ ഒരു ഗ്രാമീണൻെറ പ്രതിവർഷമുള്ള ശരാശരി വരുമാനം 12 രൂപയിൽ കവിഞ്ഞിരുന്നില്ലതാനും. അതുകൊണ്ടു് അവൻ എന്തെല്ലാം കാട്ടിക്കൂട്ടും? അപ്പോൾ പട്ടിണിയ്ക്കും ക്ഷാമത്തിനും നടമാടാൻ ഇൻഡ്യയല്ലാതെ മറെറാരുരംഗം ആവശ്യമുണ്ടോ?

അപ്പോഴുണ്ടു്, 'പരിത്രാണായസാധൂനാം വിനാശായചദുഷ്കൃതം- ധർമ്മസംസ്ഥാപനാർത്ഥായ' ഭഗവാൻ മഹാത്മാഗാന്ധിയായി അവതരിച്ചു. ആ അവതാരമൂർത്തി ഇൻഡ്യയിലെ സാമ്പത്തികാധഃപതനത്തിൻെറ നാരായവേരു കണ്ടെത്തി. അഖിലഭാരതചർക്കാസംഘം എന്ന ഒരു തേരു നിർമ്മിച്ചു, അതു തെളിക്കാൻ തൻെറതന്നെ ചമ്മട്ടികയ്യിലേന്തി. ഖദർപ്രസ്ഥാനം എന്ന പഞ്ചാക്ഷരി ഭാരതത്തിലെ പട്ടിണിപ്പാവങ്ങളുടെ ചെവിയിൽ ഉപദേശിച്ചു. അവർ സുപ്രബുദ്ധരായി. ഇതാ ഭാരതമാതാവു് അഖിലഭാരതചർക്കാസംഘത്തിൻെറ സാന്ദ്രശീതളച്ഛായയിൽ ഉത്താനശയനംകൊള്ളുന്നു.

ആദ്യമായി ചർക്കാസംഘം ധാർമ്മികമായ ഏതാനും നിയമങ്ങൾ നിർമ്മിച്ചു് ഖദറിനു് ഒരു നിർവ്വചനം കൊടുത്തു. അഖിലഭാരതചർക്കാസംഘത്താൽ നിർദ്ദേശിക്കപ്പെട്ട കൂലികൊടുത്തുകൊണ്ടു് നെയ്ത്തുകാർ കൈകൊണ്ടു നൂലുണ്ടാക്കി കൈകൊണ്ടുതന്നെ നെയ്തെടുക്കുന്ന വസ്ത്രവിശേഷമാണ് ഖദർ. ഖദർപ്രസ്ഥാനത്തിൻെറ പ്രാദുർഭാവത്തോടുകൂടെ മസൂലീപട്ടണത്തിലെ ഒരു സ്ത്രീക്കു് വീട്ടുജോലികഴിഞ്ഞു കിട്ടുന്ന സമയത്തിനുള്ളിൽ പ്രതിവാരം 15 അണ 3 പൈ വീതവും ഒരുമാസത്തെ പരിശീലനം കഴിച്ച കുട്ടി ഒന്നുക്കു് പ്രതിമാസം എട്ടുരൂപാവീതവും സമ്പാദിക്കാൻ കഴിഞ്ഞു എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

'കൈകൊണ്ടു നൂല്ക്കുന്ന നൂലു മില്ലിൽ നെയ്യരുതോ? അപ്പോൾ ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ വസ്ത്രം ഉണ്ടാക്കുകയും ആദായം എടുക്കയും ചെയ്യാമല്ലോ' എന്ന ഒരു വാദമുഖം പലരും ഉന്നയിക്കുകയുണ്ടായി. പക്ഷെ ഗാന്ധിജി അതിനെ അനുകൂലിച്ചില്ല. അതിനു രണ്ടു പ്രധാനകാരണങ്ങളുണ്ടായിരുന്നു. ഒന്നാമതായി മിൽപണി കേവലംയാന്ത്രികമാണ്. സ്വന്ത കായക്ലേശം ആവശ്യപ്പെടുന്ന സൃഷ്ടിപരമായ (Creative) ഒന്നല്ല അതുകൊണ്ടു് അതിൻെറ ആസ്വാദ്യത വളരെ കുറയും. രണ്ടാമതായി മിൽപണി ചെയ്യേണ്ടതു് സ്ത്രീപുരുഷന്മാർ വീടുവിട്ടുപോയി മുതലാളിമാരുടെ മില്ലിൽ ചെന്നാണ്. അതുകൊണ്ടു സഹോദരീസഹോദരന്മാർ ചേർന്നു സ്വതന്ത്രമായി വീട്ടിൽവച്ചു പണിയെടുക്കുമ്പോൾ അവർക്കു് അനുഭവയോഗ്യമായി ലഭിക്കുന്ന ഗാർഹികനൈർമ്മല്യം (Sanctity of home) മില്ലിൽ കണികാണാൻ കിട്ടുകയില്ല. സർവ്വോപരി, മിൽപണി ഏട്ടോപത്തോ മുതലാളിമാരെ സാമ്പത്തികമായി പോഷിപ്പിക്കുമ്പോൾ ഭൂരിപക്ഷം പട്ടിണിപ്പാവങ്ങളുടെ [കാളം ബ്ളാങ്കായി കിടക്കുകയേ ചെയ്യൂ. ഇക്കാരണങ്ങളാൽ മിൽപണി ഗാന്ധിജി വെറുക്കുന്നു. ഇൻഡ്യയിലെ കൃഷിയും യാന്ത്രികമാക്കാൻ തുടങ്ങിയാൽ കർഷകനും അധഃപതിക്കുമെന്നു ആ മഹാത്മാവു് ദീർഘദർശനം ചെയ്യുന്നു.

മില്ലിനുള്ള മറെറാരു ദോഷം വസ്ത്രങ്ങളുടെ നിർമ്മാതാക്കളും ഉപഭോക്താക്കളും തമ്മിലുള്ള ഗുണബന്ധം അതു വിഗണിക്കുന്നു വെന്നുള്ളതാണ്. പെട്ടിക്കുഴലിൽനിന്നു കൊട്ടങ്ങാചാട്ടുന്നു ... ചാപ്പിച്ചുരിച്ചു് വസ്ത്രങ്ങൾ മില്ലിൽനിന്നു ... ളിക്കുവരുന്നു. കൂടുതൽ ഉണ്ടാക്കണമെന്നും വില്ക്കണമെന്നും ലാഭമുണ്ടാക്കണമെന്നുമുള്ളതു മാത്രമാണല്ലോ മില്ലുടമസ്ഥൻെറ ഏകവിചാരം. അതുകൊണ്ടു ഉരുപ്പടികളുടെ മേന്മയിൽ ശ്രദ്ധകയില്ല, ശ്രദ്ധിക്കേണ്ടതുമില്ല.

ഖാദിപ്രസ്ഥാനം ഇന്ത്യക്കാരൻെറ സാമ്പത്തികപുരോഗതിയെ എങ്ങനെ സഹായിക്കും? ഇതു മറെറാരു പ്രശ്നമാണ്. ഇന്ത്യയ്ക്കു പ്രതിവർഷം 632 കോടി വാര തുണിയുടെ ആവശ്യമുണ്ടു്. അതിൽ ഇപ്പോൾ 410 കോടി വാര ഇന്ത്യൻ മില്ലുകളും 152 കോടി വാര കൈത്തറിനെയ്ത്തുകാരും, 70 കോടിവാര വിദേശികളും, ഒന്നര കോടി വാര ഖദർ ചർക്കാസംഘക്കാരും ഉണ്ടാക്കിത്തരുന്നുണ്ടു്. ഇതിൽ മില്ലുടമസ്ഥർ 44 കോടി രൂപാ ലാഭം നേടുന്നു. അവർ ഇന്ത്യാക്കാരാണെങ്കിലും എണ്ണം വളരെ പരിമിതമായതുകൊണ്ടു ഇന്ത്യയിലെ ജനസാമാന്യത്തിനു പ്രയോജനപ്പെടുന്നില്ല. ആ ലാഭം ഇന്ത്യയിൽ കിടക്കുന്നുവെന്നു വേണമെങ്കിൽ വിചാരിച്ചു് ആശ്വസിക്കാം. ഇവിടെ 12 കോടി ആളുകൾ ഖദർ നിർമ്മിക്കുന്നുണ്ടു്. അതിനാൽ തൊഴിലില്ലായ്മപ്രശ്നം അവരെ തീണ്ടുകയില്ല. ആ തോതിൽ മററുള്ളവരും എത്തുന്ന പക്ഷം നമുക്കു പട്ടിനി എവിടെ ദാരിദ്ര്യം എവിടെ?

ഇത്തരുണത്തിൽ ഇംഗ്ലണ്ടിലെ പാർലമെൻററി മന്ദിരത്തിൽ ഒരു മൂപ്പയ്ക്കു കത്തിയിരുന്നുകൊണ്ടു് ആ സായ്പ് ആക്ഷേപാർത്ഥമായി നിർദ്ദേശിച്ചുകൊണ്ടു പറഞ്ഞ "ഇന്ത്യയിലെ അർദ്ധനഗ്നനായ ആ ഫക്കീ"റിനെ എൻെറ മനസ്സിൽ ഞാൻ കാണുന്നു. മാതാക്കന്മാർ, അങ്ങു മഹാത്മാവു ഒരു ഉപനിഷത്താണ്. അങ്ങു വിതച്ച വിത്തുകൾ ഈ ഭാരതകേദാരത്തിൽ മുളച്ചു് വളർന്നുകഴിഞ്ഞിരിക്കുന്നു. ആ ഫലകർമ്മാവായ അങ്ങയെ അനവധി വർഷങ്ങൾ ആരാധിക്കുന്നതിനും അനുധാവനം ചെയ്യുന്നതിനും ഞങ്ങളെ കരുണാവാരിധി കടാക്ഷിക്കുമാറാകട്ടെ.



ഗ്രന്ഥവിഹാരം

# ഭഗവദ്ഗീത

—o—

(ഒരു നിരൂപണം)

ഗ്രന്ഥകർത്താ,
ശ്രീമത് ആഗമാനന്ദസ്വാമികൾ
വില അ—ന

അദ്വൈതാശ്രമഗ്രന്ഥാവലി നം: 21.

സ്വാമികൾ ആലുവാ യൂണിയൻ ക്രിസ്ത്യൻകാളേജിൽവച്ചുചെയ്ത ഒരു പ്രസംഗത്തിന്റെ സംഗ്രഹമാണ് ഈ ഗ്രന്ഥം. മഹർഷികൾ, ആചാര്യന്മാർ, ലോകമാന്യന്മാർ, മഹാത്മാക്കൾതുടങ്ങി വൈദ്യശാസ്ത്രകലാകന്മാർവരെ ഗീതാഗോപിനെ പ്രതിഭാവത്തോടെ ദോഹനം ചെയ്തിട്ടുണ്ട്. 'ഗവാമനേകവർണ്ണാനാം ക്ഷീരസ്യാപ്യേകവർണ്ണതാ' എന്നു പറയുംപോലെ ദർശനഭേദങ്ങളനുസരിച്ച് ഈ വിചാരണകളിൽ, അനുഭൂതിയിൽ ചില നാനാത്വങ്ങളുണ്ടായിട്ടുണ്ടാകാമെങ്കിലും ശ്രുതിശിരഃസാരസർവസ്വമായ ഗീതയുടെ അപൗരുഷേയാത്മകതയെ, നിത്യസത്യത്തെ, ആരുംതന്നെ നിഷേധിക്കുന്നവരായിട്ടില്ല. അഹിംസാത്മകമായ ധർമ്മത്തെ, അനന്തസത്യത്തെ, കർമ്മഫലത്യാഗത്തെ പ്രധാനമാക്കിക്കൊണ്ടു മഹാത്മജി ഗീതയെ ദർശിക്കുന്നു. സ്വാമികളാകട്ടെ നിത്യമുക്തസ്വരൂപത്തെ, ജീവന്മുക്തിസ്വഭാവത്തെയാണ് ഈ പ്രസംഗത്തിൽ വെളിപ്പെടുത്തുന്നത്. സ്വാനുഭൂതിയുടെ സ്വാദിഷ്ഠമായ പ്രവചനംകൊണ്ട് ഗീതയുടെ ആലോചനാമൃതത്വം അദ്ദേഹം കൂടുതൽ രസാത്മകമാക്കിയിരിക്കുന്നു. സ്വാമികളുടെപേരിൽ ചിലർ ആരോപിക്കുന്ന പരമതദ്വേഷം വെറും ജല്പനമാണെന്നു അദ്ദേഹത്തിന്റെ പതിനഞ്ചാമദ്ധ്യായം മുതൽക്കുള്ള ഈശ്വരപ്രാർത്ഥനാസ്വഭാവത്തെ ഉദ്ധരിച്ചു തെളിവുകൊടുത്തിരിക്കുന്നു. മതം ഏതായാലുംമതി, എല്ലാമതവും നല്ലതുതന്നെ, എന്നു ഇന്നു നല്ലപിള്ള ചമയുന്ന ചില മൈതാനഹൃദയന്മാരുടെ വാക്കിനെ സ്വാമികൾ ആദരിക്കുന്നില്ലെന്നു മാത്രമല്ല, ഇങ്ങനെ തെററായ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്ന മതങ്ങളെ: പരകീയമായാലും സ്വകീയമായാലും നിർഭയം എതിർക്കണമെന്നുതന്നെയാണ് സ്വാമിയുടെ ശക്തമായ അഭിപ്രായം. ഒരു പ്രസംഗത്തിൽ സംഗ്രഹിക്കാവുന്ന പരിമിതിയെക്കഴിഞ്ഞു വേദവേദാംഗോപവിസ്തരമായ ഹിന്ദുമതതത്ത്വത്തെ കഴിയുന്നത്ര കരതലാമലകമാക്കി കാട്ടാൻ ശ്രമിക്കുന്നുണ്ട്. ഗീതാതത്ത്വത്തിലേയ്ക്കുള്ള പ്രവേശനപീഠികയായി ഇതു് ശോഭിക്കുന്നുണ്ട്. ഈ പ്രസംഗത്തിലെ അധികഭാഗവും ഗീതയെ സംബന്ധിച്ചതന്നെയാണ്. ശ്രദ്ധാലുക്കൾക്ക് വേണ്ടിയുള്ളതുമാണ്. ഇന്നത്തെ പലർക്കും ഇതു വായിക്കാനുള്ള ക്ഷമയോ ആലോചിക്കുവാനുള്ള ശക്തിയോ ഉണ്ടായില്ലെന്നു വരാം; മതതത്ത്വങ്ങളെ സ്വാനുഭൂതിയാകുന്ന ദിവ്യദീപം കൊളുത്തിയ ചാരുതയിൽ പ്രകാശമാനമാക്കിക്കൊണ്ടു വിജയിച്ചുവരുന്ന ആ കാലടികളെ നാം അഭിമാനത്തോടു ആദരിക്കതന്നെ വേണ്ടിയിരിക്കുന്നു.

സി. എം. പി.

# പ്രേമവാടി

ഗ്രന്ഥകർത്താ,
എൻ. വി. ചെല്ലപ്പള്ളിൽ
പ്രകാശകൻ—കെ. രാമനുണ്ണി
മഹാലക്ഷ്മിവിലാസം
ബുക്കഡിപ്പോ—ഓച്ചിറ.
വില ന-ണ.

അടുത്തകാലംവരെ ഭാഷാസാഹിത്യലോകത്തിൽ തിരുതകൃതിയായി നടന്നുകൊണ്ടിരുന്ന മണിപ്രവാളവ്യാപാരം നിശ്ശേഷം നിലച്ചു. ആ കച്ചവടക്കാരെല്ലാംതന്നെ ഭാണ്ഡംമുറുക്കി പാട്ടുപാടാൻ തംബുരുവും എടുത്തു അങ്ങനെ കൈരളിക്കു ഒരു ഗന്ധർവനഗരം സൃഷ്ടിച്ചുകൊടുക്കാനുള്ള തിടുക്കത്തിലാണല്ലോ ഇപ്പോൾ, ശ്ലോകമെഴുത്തു മിക്കവാറും നാസ്തിയായിരിക്കുന്ന ഈ അവസരത്തിൽ അതു വിലപ്പോകാതായിരിക്കുന്ന ഈ അവസരത്തിൽ ശ്രീ: എൻ. വി. ചെല്ലപ്പള്ളിൽ ആ പ്രസ്ഥാനത്തിനെ പിൻനോക്കി ഒരുപ്രേമവാടി നിർമ്മിച്ചിരിക്കുന്നു.

ഗ്രന്ഥകർത്താവിന്റെ മൺമറഞ്ഞുപോയ മനോഹാരിണിയുടെ ചിതാഭസ്മങ്ങൾ വളമിട്ടു വളർത്തിയിരിക്കുന്നതാണ് ഈ പ്രേമവാടിയെന്നു അദ്ദേഹം അവകാശപ്പെടുന്നു. അമരുകബീജത്തിൽനിന്നു മുളച്ചു വിലാസലതികയെ പററിപ്പിടിച്ചു പോകുന്ന പ്രേമവാടിയിലെ ഇളംതൈകൾക്കു മൺമറഞ്ഞുപോയ മനോഹാരിണിയുടെ ചിതാഭസ്മങ്ങൾ വളമിട്ടു എന്നൊരവകാശപ്പെടലിനല്ലാതെ ഗ്രന്ഥകർത്താവിനു സ്വന്തമായി അത്രയൊന്നും അഭിമാനിക്കാൻ ഇതിൽ വകകാണുന്നില്ല. ആശയവും പ്രസ്ഥാനവും ഇന്നത്തെ പുരോഗമനക്കാരുടെ ഭാഷയിൽ പിൻനോക്കിവകുപ്പിൽ പെട്ടതെങ്കിലും പ്രതിപാദനം ധാരാവാഹിഎന്ന സാഹിത്യഗുണത്തെ സവിശേഷം പ്രകാശിപ്പിക്കതന്നെ ചെയ്യുന്നു. മാദകമനോഹരമായ പാലൊളിക്കുൾനിലാവിൽ, ശാന്തസുന്ദരമായ പ്രകൃതിസേവകമായ്ത്തയിൽ ആനന്ദനിമഗ്നമായ ഗ്രന്ഥകർത്താവിന്റെ അന്തരാത്മാവ് പൊന്നോടംകളിക്കുന്നതിനിടയിൽ തനിയെ പൊട്ടിപ്പുറപ്പെടുന്ന കളമർമ്മരാലാപംപോലെ ഇതു പല ഘട്ടങ്ങളിലും മധുരമനോഹരമായി പ്രതിധ്വനിക്കുന്നുമുണ്ട്. എന്നാൽ ഈ കോലാഹലത്തിനിടയിൽ സാഹിത്യതത്ത്വങ്ങളെ വിസ്മരിച്ച കവിതയെ അപഥസഞ്ചാരം ചെയ്യിക്കേണ്ടതായും വന്നുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ കവിതാകാമിനിക്കു പററിപ്പോയിട്ടുള്ള ഉളുക്കുകൾ, ആ ചിതാഭസ്മം ഉള്ളസ്ഥിതിക്കു അദ്ദേഹത്തിനുതന്നെ നിഷ്പ്രയാസം ആ ഉളുക്കിഴച്ചുകളയാമായിരുന്നു. രണ്ടാംശ്ലോകത്തിൽ കൂട്ടക്ഷരത്തെ പരിഗണിക്കാതെ വൃത്തഭംഗത്തെ ക്ഷണിച്ചും കാണുന്നു. ആകപ്പാടെ യുവരസികന്മാരെ തൃപ്തിപ്പെടുത്താൻ പല പുതുമോടികളും പടങ്ങളും ഇതിൽ ഉൾപ്പെടുത്താൻ ഗ്രന്ഥകാരനു സാധിച്ചിട്ടുണ്ട്.

സി. എം. പി.

—o—

# മലയാളം

എം. പി. രാഘവക്കുറുപ്പ് എം. എ. എൽ. ടി,

'നമ്പി, തുമ്പി, നരിച്ചീറു മൂത്തതും
പുതുവാളരും
ഇവരെരവരുമില്ലെങ്കിൽ മലയാളം
മനോഹരം'

എന്നു ഒരു ചൊല്ല് അല്പാല്പം പാഠഭേദങ്ങളോടുകൂടി കേരളത്തിലെങ്ങും പ്രചരിക്കുന്നുണ്ട്. 'മകരമാസത്തിൽ മഴപെയ്താൽ മലയാളം മുടിഞ്ഞുപോം' എന്നു പഴമക്കാരും പറയുന്നു. ഇതിൽ രണ്ടിലും മലയാളം എന്നു കുറിച്ചിരിക്കുന്നതു് കേരളനാടിനെപ്പററിയാണെന്നതിൽ അഭിപ്രായവ്യത്യാസമില്ല. കേരളീയരെപ്പററി മലയാളികൾ എന്നോ മലയാളത്താന്മാർ 'എന്നോ ആണ്' തമിഴർ വ്യവഹരിക്കാറുള്ളതു്. 'കണ്ടികിടിക്കും മലയാളി ചോറൊന്ന് കണ്ടോ വിട്ടുവാനോ?' എന്നൊരു ആക്ഷേപമെഴിയും അവർ ഒരുക്കിവച്ചിട്ടുണ്ട്. ബോംബായിലും മദ്രാസിലും ഡില്ലിയിലും മലയാളികളുടെ സംഘടനകളുണ്ട്. ഈ മലയാളി എന്ന സംജ്ഞയുടെ ഉത്ഭവം മലയാളം സംസാരിക്കുന്നതുകൊണ്ടോ, മലയാളം സ്വദേശമായതുകൊണ്ടോ ആണെന്നുള്ളതും തീർച്ചതന്നെ. പക്ഷേ ഈ സംജ്ഞ നാം തനിയേ എടുത്തതോ, മററുള്ളവർ നമുക്കു കല്പിച്ചുതന്നതോ എന്നതു സംശയമായി ശേഷിക്കുന്നു.

മലയാളഭാഷയ്ക്കു് ആഗമികപ്രസ്ഥാനത്തിലുള്ള ഏകവ്യാകരണഗ്രന്ഥം കേരളപാണിനീയമാണല്ലോ. 'മലയാളമെന്നതു് ആരംഭത്തിൽ ദേശനാമംമാത്രമായിരുന്നു' എന്ന പ്രസ്താവനയോടുകൂടിയാണ് ഗ്രന്ഥം പ്രക്രമിക്കുന്നതുതന്നെ. ഇംഗ്ലണ്ടു രാജ്യത്തെ ഭാഷ ഇംഗ്ലീഷും ഫ്രാൻസിലേതു് ഫ്രഞ്ചും, ഗ്രീസിലേതു് ഗ്രീക്കും, ഹിന്ദു് രാജ്യത്തേതു് ഹിന്ദിയും ആയിരിക്കുന്നതുപോലെ മലയാളരാജ്യത്തെ ഭാഷ മലയാളമായിരിക്കുന്നതു യുക്തംതന്നെ. ഇംഗ്ലീഷുഭാഷ 'ഉണ്ടാകുന്നതിനുമുമ്പ്' ഇംഗ്ലണ്ടും ഫ്രഞ്ചുഭാഷയുണ്ടാകുന്നതിനുമുമ്പേ ഫ്രാൻസും ഉണ്ടായിരുന്നു എന്നു് ആർക്കും പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല. മലയാളവും ആരംഭത്തിൽ ദേശനാമംമാത്രമായിരുന്നു എന്നുതന്നെ വിചാരിച്ചേക്കാം.

മലയാളം എന്നതിനു് 'മലആളുന്ന (അധികരിക്കുന്ന) ദേശ'മെന്നും, 'മലയും ആഴ (ആഴി) ത്തിനും മദ്ധ്യേകിടക്കുന്ന ദേശ'മെന്നും മററും മനോധർമ്മംപോലെ ഓരോരുത്തർ നിഷ്പത്തി കണ്ടുപിടിച്ചിട്ടുണ്ട്. അപഗ്രഥനരൂപത്തിൽ ഈ നിഷ്പാദനങ്ങളെല്ലാം സാധൂകരിക്കാമെങ്കിലും ഉൽഗ്രഥനരൂപത്തിൽ ഇവയുടെ നില സംശയാസ്പദമാണ്. ഉള്ള 'പദങ്ങളുടെ നിഷ്പത്തി കണ്ടുപിടിക്കാനല്ലാതെ ഇല്ലാത്ത പദങ്ങളെപ്പററി തങ്ങൾ സമയം പാഴാക്കാറില്ല എന്നൊരു സമാധാനം നിഷ്പത്തികാരനും ഉണ്ട്. എന്നിരുന്നാലും ഈ നിഷ്പാദനങ്ങളുടെ നിലയെപ്പററി സംശയാലുവായ ഒരുവന് തൃപ്തികരമായ ഒരു സമാധാനം കിട്ടണ്ടേ? അതിനെന്താണു നിവൃത്തി?

ഈശ്വരനുണ്ടോ ഇല്ലയോ എന്ന പ്രമേയം തീരുമാനിക്കുന്നതുപോലും സാദൃശ്യങ്ങൾമൂലമാണ്. ആ മാർഗ്ഗം ഇവിടെയും അംഗീകരിച്ചുനോക്കാം. മലയാളം എന്ന പേരിനോടു സദൃശമായ വേറെ വല്ല സ്ഥലനാമവുമുണ്ടോ എന്നു് അന്വേഷിക്കേണ്ടതാണ്. സ്ഥലനാമങ്ങൾക്കുതമ്മിലല്ലേ ഏതാണ്ടൊരു സാജാത്യം. രാമൻകരി, കണ്ടൻകരി, കുമരൻകരി ഇങ്ങനെ ഒരുവക കരിപ്രദേശങ്ങൾ, വയനാടു്, വള്ളുവനാടു്, കോലത്തുനാടു്, വേണാടു് ഇങ്ങനെ അനേകം നാടുകൾ, വെണ്ണിക്കുളം, ഇളംകുളം, കരികുളം, കീഴ്കുളം മുതലായ അനേകം കുളങ്ങൾ, തൃശ്ശൂർ, ചെങ്ങന്നൂർ, പുനലൂർ ഇത്യാദിയായ ഊരുകൾ, ഹരിയപുരം, രാമപുരം, പത്മനാഭപുരം മുതലായ പുരങ്ങൾ, അനവധി ചേരികൾ, തുറകൾ, കരകൾ, കാടുകൾ, പാടങ്ങൾ, കളങ്ങൾ, പുഴകൾ, പള്ളികൾ എല്ലാംനിറഞ്ഞ ഒരു മനോഹരപ്രദേശമാണ് കേരളം. എന്നാൽ മലയാളത്തിന്റെ സഹോദരത്വമുള്ള ഒരു സ്ഥലനാമം വേറെ എന്തുണ്ട്? ഒന്നുമില്ല. സ്ഥലനാമമല്ലെങ്കിൽ 'കടയാളം' എന്നൊന്നു തോന്നുന്നുണ്ട്. പക്ഷെ അതു് കടയുടേയും ആഴത്തിന്റെയും മദ്ധ്യേ കിടക്കുന്നതോ കട അധികരിക്കുന്നതോ അല്ല, നില്ക്കുന്നു. സാദൃശ്യമില്ലാത്ത സ്ഥലനാമങ്ങൾ നിരവധിയുള്ളതിൽ ഒന്നായി വിചാരിച്ചാൽ മതിയല്ലോ.

'മലയാളം' എന്ന പേരു് ദേശത്തിനോ ഭാഷയ്ക്കോ ആദ്യമായി ഉപയോഗിച്ചതുടങ്ങിയതു് എന്നുമുതല്ക്കാണ് എന്നു് ഇനി ചിന്തിക്കാം. ഈ പദം ആദ്യമായി ഉപയോഗിച്ച ആൾ തെളിവുസഹിതം അവകാശപ്പെട്ടാൽ നാലുകാശുള്ള ഒരു തുക ഇനാമായി കൊടുക്കാമെന്നു പരസ്യപ്പെടുത്തിയാലും ഈ വിഷയത്തിൽ ഫലമുണ്ടാകുമെന്നു തോന്നുന്നില്ല. അശോകന്റെ ശാസനങ്ങളിലോ പാശ്ചാത്യസഞ്ചാരികളുടെ ഡയറികളുടെ വല്ല അവശിഷ്ടങ്ങളിലോ കാളിദാസൻ മുതലായവരുടെ കൃതികളിലോ തെരഞ്ഞാൽ 'മലയാളം' എന്നൊരു പദം കണ്ടുപിടിക്കാമെന്നുള്ള വ്യാമോഹം വെറുതെയാണ്. കേരളമെന്നോ കേരളപുത്രമെന്നോ മാത്രമേ അവയിൽ കാണുകയുള്ളു. "അറബികളുടെ 'ബാറി'ൽ കയറിയാലും മലയാളത്തു ചെന്നെത്തുകയില്ല. കേരളോല്പത്തി നോക്കുകയേ വേണ്ടാ. ഐതിഹ്യങ്ങളേയും മനോധർമ്മവ്യാപാരങ്ങളേയും വിട്ടു് ശാസ്ത്രങ്ങളേയാണ്" ഈ മാതിരി കാര്യങ്ങളിൽ അഭയം പ്രാപിക്കേണ്ടതു്. മലയാളഭാഷയുടെ ശാസ്ത്രമെന്നു് നമുക്കു് അഭിമാനിക്കാവുന്ന ലീലാതിലകത്തിൽ കേരളഭാഷ എന്നല്ലാതെ മലയാളമെന്നൊരു പദമേ ഇല്ല. നിരണംകവികൾ തങ്ങളുടെ കൃതികളെല്ലാം 'തമിഴാക്കിക്കൊണ്ടായി'ച്ചതേ ഉള്ളു. തുഞ്ചത്താചാര്യരുടെ രാമായണം, ഭാരതം, ഭാഗവതം (?) മുതലായ കൃതികൾ കേരളഭാഷാഗാനങ്ങളാണെന്നാണ് സ്വബുദ്ധ്യാതന്നെ അദ്ദേഹം പറയുന്നതു്. മഹാകവി കുഞ്ചൻനമ്പ്യാർക്കു സംസ്കൃതത്തിൽ പറയാൻ ദ്വേഷഹീനപട്ടത്വം ഉണ്ടായിരുന്നെങ്കിലും ഭടജനങ്ങൾ ധരിക്കുന്നതിനുവേണ്ടി 'വഴിവിയരുന്നൊരു ചോരകരളഭാഷ'യെത്തന്നെയാണ് അദ്ദേഹം ആശ്രയിച്ചതു്. തമിഴ്കൃതികളിൽ കേരളമെന്ന പദപ്രയോഗമില്ലെങ്കിലും തമിഴ്നാട്ടുമൂവേന്തരെല്ലാം വന്നതിനുശേഷം വളരെക്കാലത്തേക്കുകൂടി നമ്മുടെ നാടു് തമിഴ്നാടായിത്തന്നെ ഇരുന്നു. ഇങ്ങനെയൊക്കെ ഇരുന്നിട്ടും ഒരു നൂറോളം വർഷങ്ങൾക്കുമുൻപു് ഡാ: ഗുണ്ടർട്ട് ഒരു മലയാളവ്യാകരണവും ഒരു ഇംഗ്ലീഷ് മലയാളനിഘണ്ടുവും ആരുടേയും അനുവാദം ചോദിക്കാതെ മീറി (Trespass) എഴുതിക്കളഞ്ഞു. ജർമ്മൻകാരൻ സായ്പിന്റെ ധിക്കാരം ചില്ലറയൊന്നുമല്ല, എവിടെനിന്നോ കണ്ടെടുത്ത ഒരു തടിക്കഷണം കൈവശമുണ്ടായിരുന്ന ഉപകരണങ്ങൾകൊണ്ടു മിനുസപ്പെടുത്തി മലയാളമെന്നൊരു ഉരുപ്പടി സായിപ്പുതന്നെ ഉണ്ടാക്കിയതാണെന്നു ലേഖകനു വിശ്വാസം വരുന്നില്ല. ജർമ്മൻകാരൻ സായിപ്പ് അതിനു പോരുന്ന ആളും അല്ലാഞ്ഞിട്ടല്ല. പിന്നെ സായിപ്പിനു് ഈ വാക്കു പറഞ്ഞുകൊടുത്തതു ആരായിരിക്കാമെന്നു് ആലോചിച്ചിട്ടു് ഒരു ലക്ഷ്യം തുമ്പും കിട്ടുന്നുമില്ല.

മലയാളത്തിന്റെ പൂർവ്വരൂപം മലയാണ്മ, മലയായ്മ, മലയാണ്മ, മലയാഴ്മ എന്നൊക്കെ ആയിരുന്നുവെന്നു് കേരളപാണിനിതന്നെ പ്രസ്താവിച്ചിട്ടുണ്ട്. (ദേശത്തിന്റെയും പേരു് ഇതിലൊന്നായിരുന്നോ എന്തോ?) എഴുത്തച്ഛൻ മലയാണ്മയുടെ ജാതകം കുറിച്ച ജ്യോത്സ്യനാണെന്നു് വള്ളത്തോൾ മഹാകവിയും അഭിപ്രായപ്പെടുന്നുണ്ട്. ഈ പദത്തിന്റെ ആശയം എങ്ങനെയായിരുന്നാലും മലയാളത്തിന്റെ പൂർവ്വരൂപം മലയാണ്മയിൽ കാണുകയില്ലേ, എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒരു പദത്തിന്റെ ഉപാന്തമായി സ്വരഹീനമായ ഒരു കോമള വ്യഞ്ജനം നിന്നാൽ അതിലെ വ്യഞ്ജനത്വം അന്ത്യത്തിലേക്കു സംക്രമിക്കുന്ന ഒരു സമ്പ്രദായം ശബ്ദശാസ്ത്രകാരന്മാർക്കറിയാം. ചന്ദ്ര (സംസ്കൃതം) ചന്ദ്രാ (ഹിന്ദി) മിത്ര—മിത്തർ (പുരുഷനാമം): ഈ ശബ്ദവികാരസമ്പ്രദായമനുസരിച്ചു് മലയാണ്മ മലയാളമാകാൻ പാടില്ലായ്കയില്ല. മലയാണ്മ എന്നതു് സംസ്കൃതലിപികളിൽ എഴുതിയാൽ मलयाळम् എന്നും അതുതന്നെ പ്രാകൃതമോ ഹിന്ദിയോ ആക്കിയാൽ मलयालम എന്നും ആയിത്തീരുന്നതാണ്. ഈ സ്ഥിതിയിൽ ഒരു ഹിന്ദിപ്രേമി വായിച്ചാൽ അതു മലയാളമായി പരിണമിക്കും. മലയാണ്മ ആയിരുന്ന കീടം ക്രമികോശം പൊട്ടി പുറത്തുവന്ന ചിത്രശലഭമാണ് മലയാളം. ചെങ്കോട്ടയെ ഷെങ്കോട്ട (Shencottah) യും ചേർത്തലയെ (Shertalai) ഷേർത്തലയും ആക്കിത്തീർക്കാൻ ധൈര്യപ്പെട്ട മഹാന്മാർക്ക് ഇടവരുമെങ്കിൽ അവരുടെ തൃക്കൈവിളയാട്ടം ഇതിലും ഉണ്ടായി എന്നു വിചാരിക്കാൻ അസംഗതമല്ല. സംസ്കൃതം പ്രചുരമായി പ്രചരിച്ചിരുന്ന കേരളത്തിൽ മലയാണ്മ ദേവനാഗരലിപികളിൽ എഴുതേണ്ട ആവശ്യം വന്നിരിക്കാമെന്നു വിചാരിക്കുന്നതും സംഗതമാണ്.

പി. ഗോവിന്ദപ്പിള്ള സർവാധികാര്യക്കാർ എഴുതിയ ഭാഷാചരിത്രത്തിലും, അതിൽനിന്നും പകർത്തി ആർ. നാരായണപ്പണിക്കരവർകളുടെ സാഹിത്യചരിത്രത്തിലും, 'മലമപ്പാട്ട്' എന്നൊരുപാട്ടിന്റെ ചില വരികൾ ഉദ്ധരിച്ചിട്ടുണ്ട്. ചേരമാന്നാട്ടിലെ ശേഖരികോമ്മ (ശേഖരിവർമ്മൻ) മന്നന്റെ പേരു് ഈ ഉദ്ധൃതമായ ഭാഗത്തു കാണുന്നുണ്ട്. ശേഖരിവർമ്മൻ മലയമനാട്ടിലെ രാജാവായിരുന്നു എന്നാണ് ഐതിഹ്യം. ഈ മലയമനാടുതന്നെയല്ലേ മലയായ്മയും മലയാണ്മയും ആയിത്തീർന്നതു്? അങ്ങനെയുള്ള മാററം ശബ്ദശാസ്ത്രത്തിലെ അംഗീകൃതതത്ത്വങ്ങൾക്കു കീഴ്നടപ്പിനും വിരുദ്ധമാണോ? ആരറിഞ്ഞു?

സിദ്ധാന്തത്തിലേക്കൊന്നും ചാടിവീഴാൻ ശ്രമിക്കുന്നില്ല. ഈ അഭിപ്രായങ്ങൾക്കു വല്ല വിലയുമുണ്ടെങ്കിൽ, ആരംഭത്തി

ശേഷം എട്ടാംപേജിൽ

# തിരുമനസ്സിനെ ജനകമഹാരാജാവിനോടുപമിക്കുന്നു

## ശ്രീമൂലംക്ലബ്ബിൽ സചിവോത്തമന്റെ പ്രസംഗം

### രാജ്യത്തെ അരാജകത്വത്തിൽനിന്നും കുഴപ്പത്തിൽ നിന്നും രക്ഷിക്കണം

തിരുവനന്തപുരം ഒക്ടോ: 24—രാജ്യമാസകലം സഹിഷ്ണുതയും, ഐക്കകയും കെട്ടുറപ്പും ചെയ്യുന്നതിനുള്ള മനസ്ഥിതിയും നിലനിന്നുകാണാൻ എല്ലാ സ്ത്രീപുരുഷന്മാരും ശ്രമിക്കണമെന്നു് ശ്രീമൂലം ക്ലബ്ബിലെ പ്രസംഗത്തിൽ സചിവോത്തമ സർ സി. പി. രാമസ്വാമിഅയ്യർ പ്രസ്താവിക്കയുണ്ടായി. ക്ലബ്ബിലെ എല്ലാ അംഗങ്ങളും, സർ സി. വി രാമനെപ്പോലുള്ള പ്രശസ്തരായ സംസ്ഥാനാതിഥികളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

ക്ലബ്ബിന്റെ പ്രസിഡന്റ് ടോസ്റ്റ് പ്രസംഗം ചെയ്തതു് അത്യന്തം അനുമോദനപരമായ ധന്യവാക്കുകളാലാണു്. ക്ലബ്ബിനുവേണ്ടിയും, സഭാംഗങ്ങളായ സദസ്യരുടെ പേരിലും ചെയ്ത ആ പ്രസംഗത്തിലടങ്ങിയിരിക്കുന്ന ആശയങ്ങളാം ഞാൻ തിരുമനസ്സറിവിക്കുന്നതാണു്. മഹാരാജാവു് തിരുമനസ്സുകൊണ്ടു് ഭരണഭാരം കയ്യേറ്റശേഷമുള്ള ഈ 15 വർഷത്തെ ചെയ്തികളെപ്പററി ഇന്നലെ തിരുമനസ്സിലെ പ്രശംസിക്കുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായി. ഈ സ്റ്റേററിലെ ദൈനംദിനഭരണം ഒരർത്ഥത്തിൽ സുകരമാണു്. സുസന്നദ്ധരും, ഉത്സാഹവാന്മാരുമായ ഒരു കൂട്ടം സഹായികൾ ഇവിടെയുണ്ടു്. ഏതൊരു രാജ്യത്തിനും അഭിമാനം ജനിപ്പിക്കത്തക്ക ഒരു വലിയ സംഘം ഉദ്യോഗസ്ഥന്മാർ തിരുമനസ്സിലേക്കുണ്ടു്. തങ്ങളുടെ ചുമതലയിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ഏതൊരു ഡിപ്പാർട്ടുമെന്റിലും അവർ ഉത്സാഹപൂർവമായും, ഭക്തിപൂർവമായും, ഏദയപൂർവമായും ജോലിചെയ്യുന്നു. അവരുടെ സഹായത്തോടെ നടക്കുന്ന സാധാരണ ഭരണകൃത്യങ്ങൾ പ്രയാസപ്രദമല്ല, ആയിരിക്കാവുന്നതല്ല, ആയിരുന്നിട്ടുമില്ല. എന്നാൽ നാം ഒരു സാധാരണകാലഘട്ടത്തിലല്ല ജീവിക്കുന്നതു്. സംഭവങ്ങൾ ചിറകുവച്ചു് പറന്നുകൊണ്ടിരിക്കുന്നു. സുദീർഘമായ ഒരു പ്രയാണത്തിനുശേഷം പുറപ്പെട്ട സ്ഥാനത്തുതന്നെ നിൽക്കുന്നതായി സ്വയംകണ്ട (അത്ഭുതലോകത്തിലെ) ആലിസ്സിനെയും റെഡ്ക്വീൻനേയുംപോലെ ഈ രാജ്യവാസികളായ നാമും അനങ്ങാതെ ഒരിടത്തു നിൽക്കണമെങ്കിൽ അതിവേഗത്തിൽ ഓടുകതന്നെവേണ്ടിയിരിക്കുന്നു. അഥവാ, നാം നിൽക്കുന്ന സ്ഥാനത്തുതന്നെ ശേഷിക്കണമെങ്കിൽ വായുവേഗത്തിൽ പായാതെ ഗത്യന്തരമില്ലെന്നായിട്ടുണ്ടു്. അനങ്ങണമെന്നു് നമുക്കു ആഗ്രഹമില്ലന്നിരുന്നാൽപോലും മററുള്ളവർ നമ്മുടെ അനക്കമില്ലായ്മ അനുവദിക്കയില്ല. അതിനാൽ, വിദ്യാഭ്യാസകാര്യത്തിലായാലും, വ്യവസായകാര്യത്തിലായാലും, മററുതെരുവിഷയത്തിലായാലും നാം നിൽക്കുന്നിടത്തുനിൽക്കാൻ കൂടുതൽവേഗത്തിൽ ചരിക്കണം. വല്ലേടത്തും എത്തിച്ചേരണമെങ്കിൽ എത്രതോ വേഗത്തിൽ പായുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതു കൊണ്ടായിരിക്കാം കഴിഞ്ഞ 15-വർഷത്തിനുള്ളിൽ തിരുമനസ്സിലെ പ്രചോദനവും, ഉത്തേജനവും ഈ കാലത്താവശ്യമായ നിരന്തരപ്രയത്നത്തിനുവേണ്ടി നാം കല്പെട്ടതെന്നതെന്നു തിരുമനസ്സിനോടൊന്നിച്ചു അവിടത്തെ ആദർശങ്ങൾ സ്വീകരിച്ചുകൊണ്ടു അവയെ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുള്ളവർക്കുമാത്രമേ സ്റ്റേററിനും പൊതുവേ രാജ്യത്തിനും അത്രത്തോളം വിലയേറിയ സഹായവും സഹകരണവും ലഭിക്കുകയെന്നതിന്റെ അർത്ഥം എത്രമാത്രമെന്നറിയാൻസാധിക്കയുള്ളു.

അനന്തരം സചിവോത്തമൻ സ്റ്റേററിനുള്ളിലെ ചില പുതിയ അവസ്ഥാന്തരങ്ങളെപ്പററി പ്രസ്താവിച്ചു. നമ്മുടെയും, നമ്മുടെ മിത്രങ്ങളുടെയും തെററുകൾക്കു നാം നൽകുന്ന പേരാണു് അനുഭവജ്ഞാനമെന്നു് ഓസ്കർ വൈൽഡ് പറയുന്നു. ഈയിടെ നമുക്കു് ഒട്ടേറെ അനുഭവങ്ങൾഉണ്ടാകുന്നുണ്ടു്. അവയെല്ലാം നമ്മുടെയും, നമ്മുടെ മിത്രങ്ങളുടെയും തെററുകളുടെ ഫലവുമാണു്. ക്ലബ്ബ് എന്ന പദത്തിന്റെ വിവക്ഷയിൽ, പരസ്പരബന്ധം, സഖിത്വം, സഹജീവിപരമായ വികാരങ്ങൾ, അയൽക്കാരന്റെ അഭിമതം അറിയുന്നതിനുള്ള കഴിവു്, ജീവിക്കയും ജീവിക്കാൻ അനുവദിക്കയും ചെയ്യുന്നതിനുള്ള മനഃസ്ഥിതി എന്നിവ ഉൾപ്പെടുന്നു. രാഷ്ട്രീയഭിന്നതകൾ, സാമ്പത്തികവൈജാത്യങ്ങൾ, സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ, എന്നിങ്ങനെ അനേകകാര്യങ്ങൾ രാഷ്ട്രശരീരത്തിൽ പരിഷ്കരിക്കേണ്ടതായി ശേഷിക്കുന്നുണ്ടെന്നുള്ളതു് പരിതാപകരമായ ഒരു പരമാർത്ഥമാണു്. പക്ഷെ സാഹസികമായ ഒരു തിട്ടക്കം കാണിക്കുന്ന ചിലരുണ്ടു്. എന്തെങ്കിലും സാധിക്കുന്നതിനു മുൻപു് സമുദായത്തെ തകിടംമറിക്കേണ്ടതു് ആവശ്യമാണെന്നു അവർ കരുതുന്നു. ഞാൻ വെറും ഉപദേശിപ്രസംഗം ചെയ്കയല്ല. വെറും കഴമ്പില്ലാത്ത കാര്യങ്ങൾ പറയുകയുമല്ല. ഒരു സംഘം സായുധരായ കമ്മ്യൂണിസ്റ്റുകൾ ബസ്ഗതാഗതം തടഞ്ഞുകൊണ്ടും വസ്തുവകകൾ നശിപ്പിക്കാൻ തയാറായും ആലപ്പുഴ വാട്ടർവർക്ക്സിലേയ്ക്കു് സൈന്യയാത്ര ചെയ്യുന്നതായി ഇന്നലെ വൈകുന്നേരം ൪ മണിക്കും ൫ മണിക്കും മദ്ധ്യേ എനിക്കറിവുകിട്ടി. അന്യരാജ്യങ്ങളിൽനിന്നും, അന്യകാലഘട്ടങ്ങളിൽനിന്നും മാതൃകയെടുത്തു് പൊടുന്നനെ സ്വീകരിക്കപ്പെട്ട മനോഗതികളുടെയും സംഭവങ്ങളുടെയും പ്രകടനങ്ങളാണിവ. ഭരണകൂടത്തിന്റെ മേലധികാരിയെന്ന നിലയിൽ ഞാൻ സായുധരായ പോലീസുകാരെയും, പട്ടാളത്തിനേയും അങ്ങോട്ടയച്ചിട്ടുണ്ടെന്നുതന്നെയല്ല, എന്തെല്ലാം സംഭവിക്കുമോ അതിനെയെല്ലാം നേരിടാൻ ഞാൻ തയാറുമാണു്. ശക്തിയെ ശക്തികൊണ്ടും, ബലപ്രയോഗത്തെ ബലപ്രയോഗംകൊണ്ടും നേരിടേണ്ടിയിരിക്കുന്നു. യഥാർത്ഥമായ വിവിധഗുണവിശേഷങ്ങളാലും, ജാഗരൂകരും, ബുദ്ധിമാന്മാരും, അഭ്യസ്തവിദ്യരും, സുപരിശീലരും, മഹത്തരങ്ങളായ പ്രാപ്തിവിശേഷങ്ങൾക്കുള്ള വാസന തികഞ്ഞവരും ആയ ആളുകളാലും, ഈശ്വരനാലും അനുഗൃഹീതമായ ഈ രാജ്യത്തെ അരാജകത്വത്തിൽനിന്നും, അതിൽ അന്തർഭവിച്ചിരിക്കുന്ന കുഴപ്പങ്ങളിൽനിന്നും രക്ഷിക്കണമെന്നു് ഈ സദസ്സിനോടും, തദ്വാരാ വിപുലതരമായ ബാഹ്യലോകത്തോടും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. സൽബുദ്ധി ഉടനടി പ്രകടിപ്പിക്കപ്പെട്ടുമെന്നു ഞാൻ വിചാരിക്കുന്നു. ഈ വിനാശകമായ സംരംഭങ്ങൾ രാജ്യത്തിൽ വേരൂന്നാൻ നമ്മുടെയാളുകൾ അനുവദിക്കയില്ലെന്നു എനിക്കു് നിശ്ചയമുണ്ടു്.

അനന്തരം ദിവാൻജി മഹാരാജാവു് തിരുമനസ്സിനെപ്പററി ഇപ്രകാരം തുടർന്നു:—"തിരുമേനി ഉദ്ദേശിച്ചിരിക്കുന്ന മഹത്തായ കൃത്യങ്ങൾ നിർവഹിക്കാൻ അവിടുന്നു് ദീർഘകാലം വാഴുമാറാകട്ടെ. സ്വന്തമായ മഹേച്ഛകളും, അഭിവാഞ്ഛകളും അവിടേക്കില്ല. രാജ്യത്തിനും പ്രജകൾക്കും വേണ്ടി ജീവിക്കുന്ന ഒരാളാണു് അവിടുന്നു്. പഴയകാലത്തെ ജനകമഹാരാജാവിനോടു് പുകഴ്ചയുടെ ലേശംകൂടാതെ (കുട്ടിക്കാലംമുതൽ അവിടത്തെ അറിയാവുന്ന എനിക്കു് അപ്രകാരം പുകഴ്ത്തേണ്ട ആവശ്യമില്ല.) അവിടത്തെ ഉപമിക്കാവുന്നതാണു് (ഹസ്തഘോഷം) നാം അവിടത്തെയ്ക്കു് യോജിക്കാത്തവിധത്തിൽ പെരുമാറാവുന്നതാണോ? മത്സരം, കലഹം എന്നിവയിൽ അവിടത്തെ രാജ്യം പതിക്കുന്നതു് നമുക്കു് സഹിക്കുന്നതാണോ? നേരെമറിച്ചു നാം അവിടത്തെ മഹേച്ഛകളും, ജീവിതാഭിലാഷങ്ങളും സാധിക്കാൻ സാവകാശം നൽകേണ്ടതല്ലേ? ഈശ്വരസഹായത്താൽ അങ്ങനെ സംഭവിക്കട്ടെ (തുടരെയുള്ള ഹസ്തഘോഷം)

—o—

## പട്ടാളക്കാർക്കു് ൩൦൦൦ കീർത്തിമുദ്രകൾ

—o—

ന്യൂഡെൽഹി, ഒക്ടോ. 2—ഇന്ത്യൻ സേനയിലെ ജവാന്മാർക്കു് (പടയാളികൾ) 1939 സെപ്തംബർ 3-നുശേഷം ഏകദേശം 3000 കീർത്തിമുദ്രകൾ ലഭിച്ചിട്ടുണ്ടു്. ബർമ്മയിലെയും ആഫ്രിക്കയിലെയും ഇററലിയിലെയും യുദ്ധക്കളങ്ങളിൽ അവർ ചെയ്ത ധീരകൃത്യങ്ങൾക്കു് അവ സാക്ഷ്യം വഹിക്കുന്നു.

20 വിക്ടോറിയാക്രോസും, 4 ജോർജ്ജ് ക്രോസും, 184 ഐ. ഒ. എം.ും, 3 ജോർജ്ജ് മെഡലും ഇവർ നേടി. ഇന്ത്യൻസേനയിലെ ആഫീസർമാർക്കും, വി. സി. ഓ. മാർക്കും ലഭിച്ചിട്ടുള്ള 11 വിക്ടോറിയാക്രോസിനുപുറമെയാണിതു്. 1035 ഐ. ഡി. എസ്. എമ്മും, 1641 മിലിട്ടറിമെഡലും, അവർക്കു ലഭിച്ചു. ഇവയിൽ അനുക്രമം 924-ം 1312-ംവീതം മുദ്രകൾ കാലാൾ പടയാണു കരസ്ഥമാക്കിയതു്. റോയൽ ഇന്ത്യൻഎഞ്ചിനീയർമാർ 140-ൽപരവും ആർ. ഐ. എ. എസ്. സീക്കു ഏകദേശം 100-ം മെഡലുകൾ കിട്ടി. മെഡിക്കൽസർവീസുകാർക്കു 60-ം സിഗ്നൽകോറിനും പീരങ്കിപ്പടയാളികൾക്കും 78 വീതവും മുദ്രകൾ ലഭിച്ചിട്ടുണ്ടു്.

—o—

## ലീഗുകക്ഷി നിസ്സഹകരിക്കുന്നു

ലക്നോ, ഒ. 24—സെമിന്ദാരിസമ്പ്രദായം അവസാനിപ്പിക്കുന്നതിനായി കാൺഗ്രസ് മന്ത്രിസഭ രൂപീകരിക്കുന്ന കമ്മററിയിൽ തങ്ങൾ സഹകരിക്കുകയില്ലെന്നു് യു. പി. നിയമസഭയിലെ മുസ്ലീംലീഗുകക്ഷി തീരുമാനിച്ചിരിക്കുന്നു. (ഏ. പി.)

—o—


## ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ

മഹത്തായ രണ്ടാംവാരം

കെ. വി. റാവു, പന്തുലു, ശാരംഗപാണി, കുമാരിരുഗ്മിണി, ജയമ്മ അഭിനയിച്ച

**ലവങ്കി**

എന്ന നവീനതമിഴ്ചിത്രം

കരുനാഗപ്പള്ളി ക്രൗണിൽ

P. U. ചിന്നപ്പ, T. R. രാജകുമാരി, D. ബാലസുബ്രഹ്മണ്യം, N. S. കൃഷ്ണൻ, മധുരം അഭിനയിച്ച

**"കുബേരകുചേല"**

അമ്പലപ്പുഴ ഗോപാൽടാക്കീസിൽ

കൊത്തമംഗലം ചീനു, T. R. രാമചന്ദ്രൻ വിദ്വാൻശ്രീനിവാസൻ കുളത്തുമണി ഭാരാജ് P. A. പെരിയനായകി V. N. ജാനകി, പപ്പേു, മംഗളം മുതലായവരഭിനയിച്ച മഹനീയതമിഴ്ചിത്രം


**ശകടയോഗം**

ചവറ ബേബിടാക്കീസിൽ

രഞ്ജൻ, വസുന്ധരാദേവി, ജി. പട്ടുഅയ്യർ ബാലചന്ദ്രൻ, കുമാരി രുഗ്മിണി, എം. എസ്. മുരുകേശൻ മുതലായവരഭിനയിച്ച

**ഋഷ്യശൃംഗർ**

എന്ന തമിഴ്ചിത്രം


## സ്റ്റോക്കർ

ഫാക്ടറിച്ചൂളയിലും ആവിയന്ത്രങ്ങളിലും സ്റ്റോക്കർകല്ക്കരി മാറി ഇട്ടുകൊണ്ടിരിക്കുന്നതു നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? അവൻ എത്രകണ്ടു അദ്ധ്വാനിക്കുന്നു! എന്നാൽ അയാളുടെ അദ്ധ്വാനവും വിയർപ്പും വ്യർത്ഥമല്ല. വ്യവസായം, ഗതാഗതം ഇവയുടെ നടത്തിപ്പിൽ അയാൾ ഒഴിച്ചുകൂടുവാൻപാടില്ലാത്ത ഒരു ഘടകമാണു്.

അതുപോലെതന്നെ ജീവിതചക്രത്തിനും ഒഴിച്ചുകൂടുവാൻപാടില്ലാത്ത ഒരു ഘടകമാണു് ആരോഗ്യവും ആരോഗ്യരക്ഷയും. അഴുക്കുകളും രോഗാണുക്കളും ഉന്മൂലനംചെയ്തു് ഹമാം ദേഹശുദ്ധീകരണം നിർവഹിക്കുന്നു.



**ഹമാം**

ഭാരതം ഒട്ടാകെ ഇഷ്ടപ്പെടുന്ന സോപ്പ്

ഡിപ്പോ വില്പനശാല നമ്പർ 4/117 ബീച്ച റോഡ്, കയംവത്തു

ടി ടാററാഓയിൽമിൽസ്കമ്പനി ലിമിററഡ്.



## ജാതകപാരിജാതം

(സവ്യാഖ്യാനം)

വ്യാഖ്യാതാ, കൂവേപ്പാട്ടു് അച്യുതവാര്യർ

വില രൂ. 1. ണ. 8.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# പണ്ഡിതനെഹ്റു സഭാ നേതാവായിരിയ്ക്കും

## ഇടക്കാലഗവമ്മെൻറിലെ ഒൻപതംഗങ്ങൾ കേന്ദ്രഅസംബ്ളിയിലിരിയ്ക്കും

ന്യൂഡെൽഹി, അക്ടോ 26—ഇടക്കാല ഗവമ്മെൻറിലെ 9 അംഗങ്ങൾ കേന്ദ്ര അസംബ്ളിയിൽ ഇരിക്കുന്നതാണ്. പണ്ഡിതനെഹ്റു സഭാനേതാവായിരിക്കും. മററു മെമ്പറന്മാർ സർദാർ പട്ടേൽ, ഡാക്ടർ ജാൺമത്തായി, രാജഗോപാലാചാരി, ആസഫ് ആലി, ജഗജ്ജീവൻറാം, ജെ. എൻ. മണ്ഡൽ, ലിയാക്കത്ത് ആലി ഖാൻ, ചുന്ദ്രിഗർ എന്നിവരാണ്. മി. സത്യനാരായണസിൻഹ പ്രധാന ഗവമ്മെൻറ വിപ്പായിരിക്കും. സ്റ്റേററു കൗൺസിലിൽ ശേഷിച്ച അഞ്ചുമെമ്പറന്മാരും ഇരിയ്ക്കും. മററു മെമ്പറന്മാർ മി. സി. എച്ച്. ബാബാ, ഡാ: രാജേന്ദ്രപ്രസാദ്, മി. ഗസ്നഫർ ആലിഖാൻ, സർദാർ ബലദേവസിംഗ് എന്നിവരാണ്.

—o—

## ബ്രി: ഡെലിഗേഷൻ

—0—

### ഇന്ത്യയുടെ ശ്രമങ്ങൾക്ക പിൻതുണ നല്കും

ന്യൂയോക്ക്, അക്ടോ 27—ഇന്ത്യയെ നാമിനേററു ചെയ്യുന്നതായാൽ രക്ഷാസമിതിയിൽ ഒരു സീററ് സമ്പാദിക്കുന്നതിനുള്ള ഇന്ത്യയുടെ ശ്രമങ്ങൾക്ക പിൻതുണ നൽകാൻ ബ്രിട്ടീഷ് ഡെലിഗേഷൻ തീരുമാനിച്ചിരിക്കുന്നതായി റായിട്ടർ അധികൃതമായറിയുന്നു. ഇന്ത്യൻ അഭിലാഷങ്ങളോടുള്ള ബ്രിട്ടീഷ് അനുഭാവത്തിനു പുറമെ ഇപ്പോൾ ചൈന പ്രതിനിധീകരിക്കുന്നു കോടാനുകോടി ഏഷ്യാക്കാർക്ക് സമിതിയിൽ കൂടുതൽ പ്രാതിനിധ്യം നൽകേണ്ടതിൻെറ ആവശ്യകതയാണ് ബ്രിട്ടീഷ് കേന്ദ്രങ്ങളിൽ നൽകപ്പെട്ട ഒരു മുഖ്യ കാരണം: (റായിട്ടർ)

—o—

## സെൻഗുപ്ത ജമ്മനിയിൽ നിന്നു മോചിതനായി

—0—

### പണ്ഡിതജി ഇടപെട്ടതുമൂലം

ലിവർപൂൾ ഒ. 24—യൂറോപ്പിലെ ആസദ്ഹിന്ദുഗവമ്മെൻറിലെ ഒരു പ്രമുഖലഫ്റാണൻറായ മി. പ്രമോദ് സെൻഗുപ്ത അദ്ദേഹത്തിൻെറ ജമ്മൻഭാര്യയുമൊത്തു ഇന്നലെ ഇവിടെനിന്നും ഇന്ത്യക്ക് തിരിച്ചിരിക്കുന്നു. ഇദ്ദേഹം ജമ്മനിയിലെ ബ്രിട്ടീഷ് മേഖലയിൽ തടങ്കലിൽ ഇരിക്കുകയായിരുന്നു. പണ്ഡിതനെഹ്റുവിൻെറ പ്രത്യേക ഇടപെടൽ മൂലമാണ് ഇദ്ദേഹം വിമോചിതനായത്.

—o—

## നേതാജിയുടെ സന്ദേശം

—o—

### മൂന്നുമാസത്തിനുമുമ്പുലഭിച്ചു വെന്നു കവീശർ

ലാഹോർ, ഒ. 23—നേതാജി മരിച്ചു എന്നു സിംഗപ്പൂരിൽനിന്നു തിങ്കളാഴ്ച പ്രഖ്യാപിതമായ വാർത്ത വെറും കെട്ടുകഥമാത്രമാണെന്നും നേതാജി ജീവിച്ചിരിക്കുന്നുവെന്നു ഖണ്ഡിതമായിപറയുവാൻ തനിക്കു സാധിക്കുമെന്നും അഖിലേന്ത്യാ ഫാർവേഡ്ബ്ളാക്ക് പ്രസിഡണ്ടു മി. ശാർദൂൽസിംഗ് കവീശർ പറയുന്നു. 'ക്വിററ് ഇൻഡ്യാ' പ്രമേയാനുസരണം, ബ്രിട്ടീഷ്ഗവമ്മെൻറും കാൺഗ്രസ്സുമായി ഒരു ഒത്തുതീർപ്പുണ്ടായി എന്നോ ഇന്ത്യൻസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവസാനസമരത്തിന് തയ്യാറായി എന്നോ ഞങ്ങൾ അറിയിക്കുന്ന അവസരത്തിൽ അദ്ദേഹം ഇന്ത്യയിലേക്കു വരുന്നതാണ്. മൂന്നു മാസത്തിനുമുമ്പു ഫാർവേഡ്ബ്ളാക്ക് അംഗങ്ങൾ നേതാജിയിൽനിന്നും കോഡ് സന്ദേശങ്ങൾ സ്വീകരിയുണ്ടായി. ഈ കോഡ് നേതാജിക്കല്ലാതെ വേറെ ഒരുത്തക്കും അറിവില്ലാത്തതാണ്.

—o—

## കൃപലാനിയും മററും തിരിച്ചെത്തി

—o—

### നവഖാലിയും ടിപ്പെറായും സന്ദർശിച്ചശേഷം

കൽക്കട്ട, അക്ടോ 26—നവഖാലി, ടിപ്പെറ എന്നീ ഡിസ്ട്രിക്ടുകളിൽ കുഴപ്പങ്ങൾ ബാധിച്ചിട്ടുള്ള സ്ഥലങ്ങൾ സന്ദർശിച്ചശേഷം കാൺഗ്ര "പ്രസിഡൻറ" ആചാര്യകൃപലാനിയും മിസ്സിസ് സുചേതകൃപലാനിയും ഡാക്ടർ പി. സി. ഘോഷും ഇന്നുച്ചതിരിഞ്ഞു ഇവിടെ തിരിച്ചെത്തിയിരിക്കുന്നു. ലഹളസ്ഥലങ്ങൾ സന്ദർശിച്ചശേഷം ഹിന്ദുമഹാസഭാപ്രസിഡൻറ് ഡാക്ടർ ശ്യാമപ്രസാദമുക്കർജിയും ഇന്നു തിരിച്ചെത്തിയിരിക്കുന്നു. ആചാര്യകൃപലാനി വിമാനമാർഗ്ഗം നാളെ ഡൽഹിയിലേക്കു തിരിക്കും. മിസ്സിസ് സുചേതാകൃപലാനി ദുരിതാശ്വാസപ്രവത്തനങ്ങൾക്കുമററുമായി ലഹളബാധിതസ്ഥലങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്:—എ-പി.

—o—

## സിലോണിലെ പണിമുടക്ക സ്ഥിതിഗതികൾ

—o—

കൊളംബ്, അക്ടോ 27—കൊളമ്പു തുറമുഖത്തൊഴിലാളികളുടെയും റെയിൽവെ തൊഴിലാളികളുടെയും ഇടയിലെ പണിമുടക്കസംബന്ധിച്ചു ഏതാനുംദിവസമായി നഗരത്തിലെ പ്രധാനസ്ഥലങ്ങളിൽ നിത്തിയിരുന്ന പട്ടാളക്കാരെ പിൻവലിയ്ക്കുകയുണ്ടായി. അംഗോഡ ആശുപത്രിയിലെ 600 ജോലിക്കാരും ഒന്നിച്ചുതുടങ്ങിയ പണിമുടക്ക ഇന്നും മാററമില്ലാതെ തുടരുന്നു. അധികാരികൾ ശക്തിയായ നടപടികൾ കൈക്കൊണ്ടിരിക്കുന്ന സവീസിൽനിന്നും പിരിഞ്ഞവരെയും മററും നിയോഗിച്ചു ആസ്പത്രിജോലികൾ നിവ്ഹിച്ചുവരുന്നു.

—o—

## ട്രൂമൻെറ പ്രസ്താവന ഗവമ്മെൻറനയമാണ്

—o—

### അമേരിക്കൻ സ്റ്റേററുസെക്രട്ടറി മി ബേൺസിൻെറ പ്രസ്താവന

വാഷിംഗ്ടൺ അക്ടോ: 25—ജൂതന്മാരുടെ കുടിയേററത്തെ അനുവദിച്ചും ഒരു സ്ഥായിയായ ജൂതസ്റ്റേററ നിമ്മിക്കുന്നതു സംബന്ധിച്ചുള്ള ജൂതഏജൻസിയുടെ പ്ലാനിനെ അനുകൂലിച്ചു പ്രസിഡൻറ ട്രൂമൻ അക്ടേബർ 4-ാംതീയതി പുറപ്പെടുവിച്ച പ്രസ്താവനയിൽ ഗവമ്മെൻറ പൂണ്ണമായി യോജിക്കുന്നുവെന്നു അമേരിക്കൻ സ്റ്റേററുസെക്രട്ടറി മി. ബേൺസ് ഇന്നു ഔപചാരികമായി പ്രസ്താവിച്ചു.

പ്രസിഡൻറിൻെറ പ്രസ്താവനയിൽ ഗവമ്മെൻറിൻെറ ആനുകൂല്യം ഉണ്ടായിരുന്നില്ലെന്നു ഒരു വിശ്വാസം പരന്നിട്ടുണ്ടെന്നും പാലസ്റ്റീനിലേക്കുള്ള ജൂതഏജൻസിയിലെ അമേരിക്കൻ എക്സിക്യൂട്ടീവ് കമ്മററിമെമ്പർ റബ്ബിസ്റ്റീഫൻവൈസ് എഴുതിയതിനു മറുപടിയായിട്ടാണ് ബേൺസ് ഇന്നു ഈ പ്രഖ്യാപനം പുറപ്പെടുവിച്ചതു്. പാലസ്റ്റീൻപ്രശ്നത്തെയും മററു പ്രശ്നങ്ങളേയും പ്രായോഗികമാക്കുവാൻ സ്റ്റേററ്ഡിപ്പാർട്ടുമെൻറും വിദേശസവ്വീസും സഹകരമനോഭാവത്തോടെ വേണ്ടതു ചെയ്യുന്നതാണ്.

—o—

## പൊതുയോഗങ്ങൾ രണ്ടു മാസത്തേക്കു നിരോധിച്ചു

കൊല്ലം തുലാം 10—കൊല്ലംതാലൂക്കിൽ തുലാം 11-ാംതീയതിമുതൽ രണ്ടുമാസക്കാലത്തേക്ക് പൊതുയോഗം നിരോധിച്ചുകൊണ്ട് ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു:— (സ്വ. ലേ)

—o—

## അസ്വാസ്ഥ്യ വാത്തകൾ

—o—

### കൽക്കട്ടായിൽ ൨൦-പേർ കൊല്ലപ്പെട്ടു

കൽക്കട്ടാ, അക്ടോബർ 26—കൽക്കട്ടായിലും പ്രാന്തങ്ങളിലും ഇന്നത്തെ സംഭവങ്ങളിൽ ഇന്നു രാത്രി 9-30 വരെ ഏകദേശം 20-പേർ കൊല്ലപ്പെടുകയും 73-പേക്കു പരുക്കേൽക്കുകയും ചെയ്തുവെന്നു് ഇന്ത്യൻ നാഷനൽ ആംബുലൻസ്കോർ പുറപ്പെടുവിച്ച ഒരു ബുള്ളററിനിൽ പ്രസ്താവിക്കുന്നു. മുറിവുകളേററതു് വെടിവെയ്പുകയാലും കത്തിപ്രയോഗത്താലും ആസിഡ്പ്രയോഗത്താലും മററുമാണ്.

ബോംബെ, അ: 27—ബോംബെ ഇൻഫർമേഷൻഡയറക്ടരുടെ ഒരു പ്രസ്സ്നോട്ടിൽ പാരേൽ, മേഗ്ഗാം, ഗിർഗാം എന്നീപ്രദേശങ്ങളിൽനിന്നു് ഇന്നു കാലത്തു മൂന്നു കുത്തുകേസുകൾ റിപ്പോർട്ടുചെയ്തിട്ടുള്ളതായി പ്രസ്താവിച്ചിരിക്കുന്നു. നഗരത്തിലെ എല്ലാ മില്ലുകളും ചെറിയ ഫാക്ടറികളും ജോലിനടത്തുന്നുണ്ടു്. റെയിൽവേ വക്ക്ഷാപ്പുകളും വലിയ ഫാക്ടറികളും ഇന്നു ഞായറാഴ്ചയാകയാൽ അടച്ചിരിക്കുകയാണ്. ഇന്നലെ പാതിരായ്ക്കുശേഷം ചില കല്ലേറുകളും ചില്ലറ തീവെയ്പുകളും നടന്നതായി റിപ്പോർട്ടുണ്ടു്.

—o—

## മദ്രാസ്ഗവർമ്മെൻറിൻെറ ഖാദിപദ്ധതി

—o—

### ഹരിജനിൽ ഗാന്ധിജിയുടെ ലേഖനം

അഹമ്മദാബാദ് അക്ടോ: 27—ഇന്നത്തെ ഹരിജനിൽ മഹാത്മാഗാന്ധി മദ്രാസ്സ് ഗവമ്മെൻറിൻെറ ഖാദിപദ്ധതിയെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു; മദ്രാസ്പദ്ധതി ഗ്രാമീണർ ജോലിയില്ലാതെ കഴിഞ്ഞുകൂടുന്ന സമയത്തിൽ ഒരു ഭാഗം അവരുടെതന്നെ വസ്ത്രാവശ്യത്തിലേക്കു് നൂല്നൂല്ക്കുന്നതിനു വിനിയോഗിയ്ക്കണമെന്നുദ്ദേശിച്ചുകൊണ്ടുള്ളതാണെന്നതിന് സംശയമില്ല. ജോലി ആവശ്യമായിരിയ്ക്കുന്നവക്ക് പ്രയോജനപ്രദവും പ്രതിഫലമുള്ളതുമായ ജോലിനൽകുവാനുള്ള ഒരു പദ്ധതി കണ്ടുപിടിച്ചാൽ അതേ മദ്രാസ്ഗവമ്മെൻറിനെ കുററപ്പെടുത്താം. മുതലാളിമാരും മററു പണംമുടക്കുകാരും ദരിദ്രഗ്രാമീണക്കെതിരായി അണിനിരന്നു അവർ അന്തസ്സുള്ള ജോലികൊണ്ടു് കഷ്ടതയനുഭവിപ്പിക്കുന്നതിനെ തടയാതിരിക്കട്ടെ. ഗിലവിലിരിക്കുന്ന മദ്രാസ്മില്ലുകൾക്ക് യാതൊരുപദ്രവുംഇപ്പോൾ ഉണ്ടാകുന്നതല്ലെന്നു് ഓർമ്മയിരിക്കട്ടെ. ചിന്താർഹമായ പോയിൻറ ഒന്നുമാത്രം, മദ്രാസ് ഗവമ്മെൻറിനു ഇതിൽ ആത്മാത്ഥതയും ത്രാണിയുമുണ്ടോ? ഇല്ലെങ്കിൽ സകലതും തെററും, ഉണ്ടെങ്കിൽ പദ്ധതിയെ എല്ലാവരും അനുഗ്രഹിക്കേണ്ടതാണ്. പദ്ധതി വിജയിക്കുകയുംചെയ്യും. (എ-പി)

—o—

## കലവൂർ

—o—

തുലാം ൧൦—കലവൂർ സ്വദേശിയായ തൊമ്മൻമൂപ്പൻ എന്നയാളെ അക്രമികളായ ഏതാനുംപേർചേന്നു് ഒരു വയലിൽവച്ചു് കൊലപ്പെടുത്തിയിരിക്കുന്നതായും ഇക്കാര്യം തയാറാക്കുന്നതിനായി ഏതാനും പോലീസുകാർ അവിടത്തേക്കു പോയിരിയ്ക്കുന്നതായും മേജർ ജനറൽ വി. എൻ. പരമേശ്വരൻപിള്ളയും ഐ. ജി.യും ഡിസ്ട്രിക്ട്മജിസ്ട്രേട്ടും പട്ടാളവും പോലീസുംസഹിതം കമ്യൂണിസ്റ്റ് കേന്ദ്രമായ വയലാറിലേയ്ക്കു തിരിച്ചിരിക്കുന്നതായും മൂന്നാംപ്രാവശ്യം അക്രമികൾ പൊളിച്ച മാരാരിക്കുളംപാലം ശരിപ്പെടുത്തുവാൻ പട്ടാളവും പോലീസും മാരാരിക്കുളത്തേക്കുപോയതായും അക്രമികളിൽ ഒരുവനെ കുന്തംസഹിതം പിടികൂടിയതായും ഔദ്യോഗികകേന്ദ്രങ്ങളിൽനിന്നു അറിവായിരിക്കുന്നു. (പ്ര. ലേ.)

—o—

# കാൺഗ്രസ്സ്ലീഗ്നിയമസഭാ എക്സി: കമ്മിററിയോഗങ്ങൾ

ന്യൂഡെൽഹി, അ: 27—നിയമസഭാ കാൺഗ്രസ്സ്കക്ഷിയുടെ എക്സിക്യൂട്ടീവുകമ്മിററി ഇന്നു സമ്മേളിച്ച് പണ്ഡിതജവഹരിലാൽനെഹ്റുവിനെ പാർട്ടിയുടെ നേതാവായി തെരഞ്ഞെടുത്തു. ഇടക്കാലഗവമ്മെൻറിലെ കാൺഗ്രസ്സ്അംഗങ്ങൾ എല്ലാം യോഗത്തിൽ സംബന്ധിച്ചിരുന്നു. പാർട്ടിസെക്രട്ടറി മി. എൻ. വി. ഗാഡ്ഗിൽആണ് പണ്ഡിതജിയെ തെരഞ്ഞെടുക്കണമെന്നുള്ള പ്രമേയം അവതരിപ്പിച്ചതു്. അസംബ്ളിയോഗത്തിലെ ഔദ്യത്തെ രണ്ടുദിവസത്തെ അജൻഡായും യോഗം പച്ചുചെയ്തു നാളെ അസംബ്ളിയോഗം കഴിയുമ്പോൾ നിയമസഭാകാൺഗ്രസ്സ്കക്ഷിയുടെ ഒരു പൊതുയോഗം നടക്കുന്നതാണ്.

### ലീഗ്നിയമസഭാകക്ഷിയോഗം

ന്യൂഡെൽഹി, അക്ടോബർ 27—ഇന്നു് മുസ്ലിംലീഗ് അസംബ്ളിപാർട്ടിനേതാവു് മി. ജിന്നായുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച് ഒരു മണിക്കൂർനേരത്തെ ചച്ചകൾക്കുശേഷം ഇന്നത്തെ ഘടനയിലുള്ള ഇടക്കാലഗവമ്മെൻറിനോടുള്ള കക്ഷിയുടെ മനോഭാവം പരസ്പരസഹകരണപരമായിരിക്കണമെന്നു തീരുമാനിച്ചു.

പാർട്ടിയുടെ ഡെപ്യൂട്ടി ലീഡർസ്ഥാനം മി. ലിയാക്കത്ത് ആലിഖാൻ രാജിവച്ചതു് പാർട്ടി ഖേദപൂർവ്വം അംഗീകരിക്കുകയും അദ്ദേഹത്തിൽനിന്നു് പാർട്ടിയ്ക്കു ലഭിച്ചിട്ടുള്ള സേവനങ്ങളിൽ അഭിനന്ദനം രേഖപ്പെടുത്തുകയും ചെയ്തു. ഡാ. ഹസ്സൻ സുഹ്രാവർദിയുടെ ചരമത്തിൽ അനുശോചിച്ചും യോഗം ഒരു പ്രമേയം പാസ്സാക്കി.

ബ്രട്ട്വുഡ്സ്കമ്മിററിയുടെ റിപ്പോർട്ടു് പാർട്ടി സുദീർഘമായി ചർച്ചചെയ്തു പ്രസ്തുത റിപ്പോർട്ടിനെപ്പററി നാളെ മി. ലിയാക്കത്ത് ആലിഖാൻ ഒരു പ്രമേയം അവതരിപ്പിക്കുന്നതാണ്. പാർട്ടി മെമ്പറന്മാക്കുപുറമെ ഗവമ്മെൻറിലെ ലീഗുമെമ്പറന്മാരും സന്നിഹിതരായിരുന്നു.

### ഫലത്തിൽ സംയുക്തഉത്തരവാദിത്വംതന്നെ

ന്യൂഡെൽഹി, അക്ടോ 25—ലീഗിൻെറ പ്രവേശനംഉൽസഹകരണമനസ്ഥിതിയാലും സൗഹാർദ്ദത്തിൽ വത്തിക്കുന്നതിനുള്ള സന്മനസ്സാലും പ്രേരിതമായതാണെന്നും ദീർഘകാലേനിർദ്ദേശങ്ങൾ ലീഗ്സ്വീകരിച്ചതു് വിശിഷ്യ കാൺസ്റ്റിററ്യുവൻറ് അസംബ്ളിയിലെ പങ്കെടുക്കലിനെ പരാമർശിച്ചാണെന്നും വൈസ്രോയിമുഖാന്തിരം ഉറപ്പുനൽകപ്പെട്ടതുനിമിത്തമാണ് ഒരു ഒത്തുതീർപ്പു സാദ്ധ്യമായതെന്നു വിശ്വസിക്കപ്പെടുന്നു. ഫലത്തിൽ സംയുക്തഉത്തരവാദിത്വം ഉറഞ്ജിതത്തിലിരിക്കുമെന്നു ലീഗുകാർക്കുവേണ്ടി ഒരു ഉറപ്പ്വേവൽപ്രഭു നൽകിയതായറിയുന്നു. (എ. പി)

—o—

# പ്രതീക്ഷ;*

## പക്ഷെ, നാം പ്രവൎത്തിക്കണം

(എ. മാലിക്‌മുഹമ്മദ് എഡിററർ, മിത്രം)

പ്രത്യാശകളെക്കൊണ്ടു നിറഞ്ഞ പ്രതീക്ഷയാണ് യഥാൎത്ഥത്തിൽ ജീവിതത്തിന്റെ ജീവൻ. എല്ലാററിനും ഇതുവരെയുണ്ട് ഇരുളും പ്രകാശവും. മനുഷ്യനെ സംബന്ധിച്ചിടത്തോളം അതിന്റെ മാത്രതാപം പ്രകൃതി, പ്രതീക്ഷയിലാണു ഇന്നും നിഗൂഹനം ചെയ്തിരിക്കുന്നതു്. വശങ്ങൾ രണ്ടും ഒന്നിൽനിന്നും ഉള്ളതും ഒന്നിലേയ്ക്കുള്ളതുമാകയാൽ നിയന്ത്രണനിരോധനാടിമാൎഗ്ഗങ്ങളും, പ്രോത്സാഹനപ്രേരണാവിവിധങ്ങളും, അതിൽ നിബദ്ധമായിരിക്കുന്നു. ഇതിന്റെ ശാസ്ത്രീയവിധാനങ്ങളെ വേദങ്ങളായും ഭാഷ്യകാരന്മാരെ ആചാൎയ്യന്മാരായും ലോകം പരിഗണിക്കുന്നു. പ്രപഞ്ചോല്പത്തി അന്നുമുതൽ ഇന്നത്തെ തെളിയിക്കുന്നു. പുലരി; അതിന്റെ ഉളംപുഞ്ചിരി; ആ പുതുമയിലാണ് ലോകം അനുദിനം മിന്നിത്തിളങ്ങുന്നതു്! അടുത്ത പുതുമ എന്തായിരിക്കാം, എന്നുള്ള പ്രതീക്ഷയെയാണ് അന്തിക്കതിരോൻ നമ്മുടെ മനസ്സുകളിൽ പതിപ്പിച്ചു മറയുന്നതു്! ഈ പ്രതീക്ഷ വ്യക്തിയ്ക്കും സമൂഹത്തിനും സമഷ്ടിയ്ക്കുമുണ്ട്. സ്റ്റേറ്റിനും സാമ്രാജ്യത്തിനുമുണ്ട്. വ്യക്തിപ്രതീക്ഷകളുടെ വൈവിധ്യവും വൈപരീത്യവും നിമിത്തം ജന്യമാകുന്ന അനിയന്ത്രിതമായ വൈവാഹികപ്രളയത്തിൽനിന്നും ലോകത്തെ വീണ്ടും സമനിലയിലും ശാന്തതയിലും എത്തിക്കുന്നതിനുള്ള സൽപ്രേരണകളാണ് ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുംകൂടി നാം ദൎശിക്കേണ്ടതു്. ആചാരവിധങ്ങൾ പലതാണ്. അതിലും, സാമ്പ്രദായികവും, സാൎവ്വദേശീയവും ഉണ്ട്. രാഷ്ട്രത്തിനും, ജനതയുടെ മാനസികോൽക്കൎഷത്തിനും നിദാനമായ അങ്ങനെയുള്ള ആചാരങ്ങളിൽ തിരുവിതാംകൂർകാരായ നമുക്കു സർവ്വപ്രകാരേണ സമുന്നതമായ ഒന്നാണ് നമ്മുടെ തിരുമേനിയുടെ തിരുനാളാഘോഷപ്രതീക്ഷ.

രാജ്യക്ഷേമപരങ്ങളായ എത്ര എത്ര വരദാനങ്ങളാണ് ഈ നാട്ടുകാൎക്കു നമ്മുടെ തമ്പുരാൻ നൽകിയിട്ടുള്ളതു്! തിരുവിതാംകൂർ നിവാസികൾക്ക് അവരുടെ നൃപന്റെ നക്ഷത്രം അനുഗ്രഹമാണെന്നു പറവാൻ ഏതൊരു ചരിത്രകാരനും പരുങ്ങേണ്ടതില്ല. തിരുനാൾപുലരികളെല്ലാം പരിഷ്കാരങ്ങൾക്കുവേണ്ടിയുള്ള ജനപ്രതീക്ഷകളെ സഫലമാക്കി തലോടിയിട്ടുണ്ട്. ജനഹിതൈഷിയായ നമ്മുടെ തമ്പുരാൻ കേവലം ഒരു ഭരണാധിപൻ മാത്രമല്ലെന്നു കൎമ്മപ്രധാനമായി ഇതിനുമുൻപ് എത്രവട്ടം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു! സാരഥിയായ തമ്പുരാന്റെ പ്രതീക്ഷയിലും കല്പനയിലുമല്ലെ പ്രജാലക്ഷങ്ങളുടെ ഭാസുരഭാവി!

വഞ്ചിവാസികളിൽ വെമ്പൽകൊള്ളിക്കുന്ന സുപ്രധാനപ്രതീക്ഷകളെ സമാഹരിച്ചാൽ അതിനെ 'ഭരണപരിഷ്കാരം' എന്നു വിളിക്കാം. തിരുമേനിയുടെ കുടുംബോൽകൃഷ്ടതയെ പ്രകാശിപ്പിക്കുന്ന തിരുവിതാംകൂറിന്റെ അക്ഷരജ്ഞാനം, ഭരണപരിഷ്കാരത്തിലുള്ള അഭിനിവേശം അധികാരികളിൽ വളൎത്തിക്കൊണ്ടിരിക്കുന്നു. ഭരണകാൎയ്യത്തിൽ ഭാരതം ഒരു ചുവടല്ല ഒരു കാതംതന്നെ മുന്നോട്ടുപോയിരിക്കുന്നു.

ഭാരതത്തിലെ ഭരണാധികാരികൾ അനേകരും ഭരണകൂടംതന്നെ അഴിച്ചു പണിതുടങ്ങുന്നു. സമീപസ്ഥയായ ഗോശ്രീയും മുന്നോട്ടുഗമിക്കാൻ മുതിൎന്നിരിക്കുന്നു.

രാഷ്ട്രീയചിന്തയിൽ തിരുവിതാംകൂറിന്റെ പ്രബുദ്ധത അനാദരണീയമല്ല. അപലപനീയമായ പല കുറവുകളും രാഷ്ട്രീയചിന്താസരണിയെ ബാധിച്ചിട്ടുണ്ടെന്നു സമ്മതിക്കാം. എങ്കിലും ഭാവിരാഷ്ട്രത്തിന്റെ അടിത്തറപാകുന്നവിഷയത്തിൽ ഇവിടത്തെ സമുദായച്ചേരികളും സാമൂഹ്യസംഘടനകളും ഏകാഭിപ്രായക്കാരാണ്. ജനപ്രാതിനിധ്യവും അന്യോന്യ ഉത്തരവാദിത്വവുമാണ്, ജനഹിതം പ്രതീക്ഷിക്കുന്ന ഭരണസംവിധാനത്തിന്റെ അധിഷ്ഠാനം. ഇങ്ങനെയുള്ള പല സംവിധാനങ്ങളുടെ അടിത്തറയേയും അതിന്റെ വിചിത്രതയേയും പററി ഇവിടത്തെ കണക്കന്മാർ, പലതും പഠിച്ചിട്ടുള്ളവരാണ്. യഥാരാജാ തഥാ പ്രജാ എന്നാണല്ലോ. അമേരിക്കയും ഇംഗ്ലണ്ടും ഫ്രാൻസും ആ അൎത്ഥത്തിൽ ഇവിടെ പഠനവിഷയങ്ങളായിട്ടുണ്ട്. ഹിററ്ലറിനേയും മുസ്സോലിനിയേയും ഇവിടുള്ളവർ പരിശോധിച്ചിട്ടുണ്ട്. ട്രാസ്കിയും സ്റ്റാലിനും പരീക്ഷണവിഷയമാകണമെന്നു പറയുന്നവരുണ്ട്. ഫ്രാൻസിലെ സി. ജി. ടി. (Confederation Geuera-ledu Travail) എന്ന രാഷ്ട്രതക്ഷശാസ്ത്രം ആരായുന്നവരും, മൂലധനം കളവുമുതലാണെന്നും ആയുധം വഹിച്ചുകൊണ്ടുള്ള കക്ഷിമത്സരത്തിനുകൂടി മുതലാളിത്വത്തെ ഒടയിതൊഴിച്ചു ഉല്പാദനങ്ങളെ പൊതുഉടമയാക്കിത്തീൎത്തു സമുദായത്തിന്റെ ഉടമസ്ഥാവകാശത്തേയും മേധാവിത്വത്തേയും ഉയൎത്തിക്കാട്ടുവാൻ ഉപദേശിക്കുന്ന സിൻഡിക്കലിസത്തെ ഭാവനചെയ്യുന്നവരുമുണ്ട്. ഇവരെല്ലാം ഉണ്ടായാലും രാജഹിതത്തെ അനാദരിക്കുന്നവരല്ല; ഈ നാട്ടിലെ രാഷ്ട്രീയചിന്തകന്മാർ ആരുംതന്നെ. അമേരിക്കയിലും ഇംഗ്ലണ്ടിലും ഇക്കഴിഞ്ഞ ശതകത്തിനുമുമ്പ് ഫ്രാൻസിലും നടപ്പുണ്ടായിരുന്നതും നടപ്പിലിരിക്കുന്നതുമായ (ഡെമോക്രസി) ജനാധിപത്യഭരണരീതികളെപ്പററി താത്വികവിജ്ഞാനം സമ്പാദിച്ചിട്ടുള്ള ഈ ആളുകളിൽ അധികംപേരും ഇംഗ്ലണ്ടിലെ സമ്പ്രദായത്തെയാണ് ചൂണ്ടിപ്പറയുന്നതു്. മുൻപറഞ്ഞ മൂന്നു സമ്പ്രദായങ്ങൾക്കും ഒരേ നാമമാണ് നൽകുന്നതെങ്കിലും പ്രായോഗവ്യത്യാസത്തിൽ അവ മൂന്നും മൂന്നുതരമാണെന്നു ശ്രദ്ധിച്ചു വായിച്ചിട്ടുള്ളവൎക്കെല്ലാം അറിയാം. മതസംസ്കാരങ്ങളെ അന്യമായി ഗണിക്കുന്ന ഏകശാസനാരൂപത്തിലുള്ള പുരോഗതി ഒരു രാഷ്ട്രത്തിനു ഇണങ്ങുന്നതല്ല. സംസ്കാരങ്ങളെക്കൂടി സമാദരിച്ച് എന്നാൽ പ്രജാധിപത്യസിദ്ധാന്തത്തിനു മുൻഗണന നൽകിയും, പുരോഗമിക്കുന്ന ഒരു ഭരണമോഡലാണ് ഈ ദിശാബോധികൾ പൊതുവെ അഭിലഷിക്കുന്നതു്. ഈ നാട്ടിലെ ജനങ്ങളുടെ പ്രതീക്ഷയ്ക്കു മററൊരു നിദാനംകൂടിയുണ്ട്. 'അമേരിക്കൻ മോഡൽ' എന്നൊരു രാഷ്ട്രവിചാരം അവരെ പിടികൂടിയിട്ടുണ്ട്. രാഷ്ട്രത്തിന്റെ ഭദ്രമായ പുരോഗതിക്കു ആ മോഡൽ അപകടമാണെന്നുള്ള വിചാരം ഇവിടത്തെ രാഷ്ട്രീയമണ്ഡലത്തിൽ പ്രത്യക്ഷമായി തെളിയുകയും ചെയ്തിട്ടുണ്ട്. അവസ്ഥകളും തെററിദ്ധാരണകളും പരത്തി ജനപ്രതീക്ഷയിൽ വാട്ടം തട്ടിക്കുന്നതിനുള്ള ശ്രമവും പതിവുപോലെ ഉണ്ടാകാതിരുന്നിട്ടില്ല. ചില മന്ത്രിമാരെയും സെക്രട്ടറികളെയും നിയമിച്ചു തിരുവിതാംകൂറിലെ ഭരണപരിഷ്കാരം നടപ്പിൽ വരുത്തുവാൻ പോകുന്നു എന്നുള്ള 'ശ്രുതി'യെ ആധികാരികമായി നിഷേധിക്കുന്നുവെന്നു ഈയിടെ എ. പി. ഐ. ഈ നാട്ടിലെ പത്രങ്ങളിൽ ഒരു വാൎത്ത പരത്തിയിരിക്കുന്നു. എന്തായാലും അതു ആശ്വാസപ്രദംതന്നെ. പരിഷ്കാരത്തിന്റെ പേരിനെയല്ല പൊരുളിനെയാണ് ഈ നാട്ടുകാർ പ്രതീക്ഷിക്കുന്നതു്. പൌരസ്വാതന്ത്ര്യഭാരത്താൽ കനത്തതും പ്രജായത്തനീതിയാൽ തിളങ്ങുന്നതും ഉത്തരവാദിത്വബന്ധത്താൽ അറിയപ്പെടുന്നതും ആയ ഒരു ഭരണസമ്പ്രദായത്തെയാണ് ജനഹൃദയം കൊതിക്കുന്നതും പ്രതീക്ഷിക്കുന്നതും. അപ്രകാരമുള്ള ഒന്നിന്റെ മോഡൽ, ഏതൊരു നാമത്താൽ അറിയപ്പെട്ടാലും അവജ്ഞയ്ക്കു അവകാശമില്ല.

ഭരണകാൎയ്യത്തിൽ ഇംഗ്ലണ്ടിന്റെ മാതൃക ആദരണീയമെന്നും പൊതുവേ വാദിക്കുന്ന ഇവിടത്തെ രാഷ്ട്രീയപ്രവൎത്തകന്മാരിൽ കാൎയ്യമായ ഒരു കുറവു സംഭവിച്ചിട്ടുണ്ട്. അതു നികത്താതെ പ്രജാധിപത്യഭരണസമ്പ്രദായം വിജയപൂൎവ്വം പ്രയോഗിക്കുവാൻ സാധ്യമാകുന്നതല്ല. പ്രജാധിപത്യസമ്പ്രദായം നിരാക്ഷേപമായി വിജയിക്കണമെങ്കിൽ ആദൎശശുദ്ധിയും പൊതുക്ഷേമലക്ഷ്യവും ഉള്ള രണ്ടു പ്രബലകക്ഷികൾ ഇവിടത്തെ രാഷ്ട്രീയരംഗത്തുണ്ടാകണം. ഇംഗ്ലണ്ടിനെപ്പററി പറയുമ്പോൾ അവിടത്തെ കക്ഷിസമ്പ്രദായത്തെപ്പററിയും ഓൎക്കേണ്ടതാണ്. രണ്ടിലധികം കക്ഷികൾ അധികാരത്തെ ഉററുനോക്കാൻ ഉതകുന്നതുപോലെ ജനാഭിലാഷത്തെ പ്രാവൎത്തികമാക്കാൻ ഉപകരിക്കുന്നില്ല. അതു ഡെമോക്രസിയിൽ കടന്നുകൂടുന്ന ഒരു ദോഷംതന്നെയാണ്. എല്ലാം അധികരിച്ചാലുണ്ടാകാവുന്ന ദോഷം കക്ഷിബഹുലതയിൽ ഡെമോക്രസിയേയും ബാധിക്കുന്നു. എങ്കിലും, ഡിക്റ്റേറ്റർഷിപ്പിനോളമോ നിലവിട്ട പ്രഭുത്വത്തോളമോ അതു ശാപമല്ല. പാൎട്ടികളുടെ ഉദ്ദേശലക്ഷ്യം പ്രധാനഉന്നമായി തീരാതിരിക്കുന്നതിനും രണ്ടിലധികം കക്ഷി ഉണ്ടാകാതിരിക്കൽ ആവശ്യമാണ്. കൊച്ചിയിൽ ഏതാനും മന്ത്രിമാരെക്കൂടി നിയമിച്ചു. അവിടെയാണെങ്കിൽ നാലോ അതിലധികമോ രാഷ്ട്രീയകക്ഷികളാണ് ഇന്നു നിലവിലുള്ളതു്. പനമ്പിള്ളിയുടേയും പറമ്പിയുടേയും അന്യോന്യകുററംകെട്ടൽകൊണ്ടു അവിടത്തെ പത്രപംക്തികൾ നിറയുന്നു. ഈ നാട്ടുകാൎക്ക് ഇതൊരു തെളിവാണ്. ഇതിൽനിന്നും നാം പഠിക്കേണ്ടതും ഡെമോക്രസിയുടെ തത്വം നമ്മെ പഠിപ്പിക്കുന്നതും ഭരണവ്യവസ്ഥയ്ക്കിൽ പ്രധാനമായി രണ്ടുകക്ഷിയെ പാടുള്ളു എന്നാണ്. ഒരു കക്ഷിയെക്കൊണ്ടുമാത്രം ഡെമോക്രസി സംപൂൎണ്ണവിജയം പ്രാപിക്കുന്നില്ലെന്നുമാണ്. ഈ വിഷയത്തിൽ തിരുവിതാംകൂർകാരായ നാം—വിശേഷിച്ചും യുവാക്കൾ—ഭാഗ്യവാന്മാരാണെന്നു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ, നമുക്ക് എല്ലാററിനുംകൂടി ഒരു സ്റ്റേറ്റുകോൺഗ്രസ്സ് മാത്രമേ രാഷ്ട്രീയസംഘടനയായി ഇന്നു നിലവിലുള്ളു.

പരിഷ്കാരത്തെപ്പററി വാചാമാധുരിയോടുകൂടി പ്രസംഗിക്കുകമാത്രംചെയ്യുന്ന ഒരു പൊന്നുടലല്ല നമ്മുടെ തിരുമേനി! പരിഷ്കാരത്തിന്റെ ഉത്തുംഗശൃംഗത്തിലേക്കു ഉയരുവാൻ വെമ്പുന്ന ഒരു മഹാപുരുഷനാണ് അവിടുന്നു്! പരിഷ്കാരത്തിന്റെ പതിപഥത്തിലേക്കു അവിടുന്നു നടക്കുകയല്ല പറക്കുകയാണ് ചെയ്യുന്നതു്! ക്ഷേത്രപ്രവേശനവിളംബരം! ഇതിലുംഉപരി എന്തു തെളിവാണ് നമുക്കു വേണ്ടതു്. പരിഷ്കാരത്തിന്റെ പെരുവഴിയിലേക്കു പ്രജകളായ നമ്മെ കാരുണ്യത്തിന്റെ കൈതലായ അവിടുന്നു വലിച്ചിഴയ്ക്കുകയായിട്ടാണ് കാണുന്നതു്. ഉദാഹരണങ്ങൾ ഒന്നും ഞാൻ ഇവിടെ എഴുതുന്നില്ല. എല്ലാററിനുംകൂടി നമുക്ക് ഒരേഒരു രാഷ്ട്രീയവസ്ത്രമേയുള്ളു. രാജ്യകാൎയ്യപരമായി ഇവിടത്തെ യുവജനങ്ങളെ തുറിച്ചുനോക്കുന്ന ഒരു ചോദ്യമാണിതു്. അവരെ ബാധിച്ചിരിക്കുന്ന ഒരു ചിന്താദാരിദ്ര്യമാണിതു്. നിയമസഭയിൽ പോകാനും എക്സിക്യൂട്ടീവു അംഗങ്ങളാകാനും മന്ത്രിമാരും സെക്രട്ടറിമാരുമായി മാറാനും ആൽത്തറകൾതോറും പ്രസംഗിക്കാനും, അശരണരുടെ, അഗതികളുടെ, വേലക്കാരുടെ, മുതലാളിമാരുടെ, വ്യവസായികളുടെ, എന്നുവേണ്ട സൎവ്വവിധ താല്പൎയ്യങ്ങളുടേയും ആവശ്യങ്ങളേയും ന്യായാന്യായങ്ങളേയുംപററി ചിന്തിക്കുവാനും തീരുമാനിക്കുവാനും നമുക്കു ആകെക്കൂടി ഒരു സ്റ്റേറ്റുകോൺഗ്രസ്സ് മാത്രമേയുള്ളു. ഇതാണ് ഇന്നത്തെ നമ്മുടെ നിർഭാഗ്യം. ജനകരങ്ങളിലേക്കു അധികാരം വിഭജിക്കപ്പെട്ടു ഉത്തരവാദിത്വം നൽകിക്കഴിഞ്ഞാൽ ആ പുതിയ അധികാരികളുടെ ഉള്ളും പുറവും പരിശോധിക്കുന്നതിനു പൎയ്യാപ്തമായ മററൊരു കക്ഷി അസംബ്ലിയിലുണ്ടോ രാജ്യത്തിനകത്തുണ്ടോ എന്ന ഏററവും ന്യായമായ ചിന്തയ്ക്കു ഇവിടവകാശമുണ്ട്. അവിടാണു നമ്മുടെ നിർഭാഗ്യം നിഴലിട്ടിരിക്കുന്നതു്. അങ്ങനെ ഒരു കക്ഷി ഇല്ലെങ്കിൽ ഏതൊരു ഭരണമാററത്തിലും രാജ്യരക്ഷയ്ക്കു പ്രത്യേകകടമയുള്ള പഴയ മേധാശക്തിതന്നെ അധികാരനിയന്ത്രണത്തിലെത്തുന്നു. ഇതു ഭരണതന്ത്രത്തിലെ ഒരു പാഠമാണ്. നിയതിയുടെ ചൎയ്യയെ നിഷേധിക്കണമെങ്കിലല്ലാതെ ഇതിനെ നിഷേധിക്കാൻ ആകുന്നതല്ല. ഇംഗ്ലണ്ടിലെ രാജാവിനെ അവിടത്തെ ഡെമോക്രസിഭരണത്തിൽ ലംഘവും നൽകി സ്ഥാനാക്കിയിട്ടുണ്ടെങ്കിൽ അവിടത്തെ ഭരണതന്ത്രത്തിന്റെ സൂചി (Balance) ഒരു വശത്തേയ്ക്കു ചാഞ്ഞു് ഇംഗ്ലണ്ടു തന്നെ അടിഞ്ഞുപോകാതെ സംപ്രജകളിൽ രണ്ടു പ്രബലകക്ഷികൾ സശ്രദ്ധം അതിനെ സൂക്ഷിക്കുന്നുണ്ടെന്നു അല്പജ്ഞത്തിനറിയാം. ഇവിടത്തെ സ്ഥിതി നേരേ മറിച്ചല്ലേ? യഥാൎത്ഥകാററുകാർ നാം തന്നെയല്ലേ? പ്രകാശിക്കുന്ന വിളക്കിന്റെ ചുവട്ടിൽതന്നെ അതിന്റെ കരിനിഴലുണ്ട്. ഒടുവിൽ ഉദ്യോഗം സ്വീകരിച്ചു ഇന്നല്ലെങ്കിൽ നാളെ അധികാരപീഠത്തിൽ നാട്ടിലെ രാഷ്ട്രീയസംഘടനയായി ഗവൺമെൻറ് പ്രഖ്യാപിച്ചിരിക്കുന്ന സ്റ്റേറ്റ്കോൺഗ്രസ്സ് കയറിക്കൂടിയാൽ—അവരുടെ നടപടികളെ അസംബ്ലിയിൽ നിർദാക്ഷിണ്യമായും എന്നാൽ നിർദോഷമായും വിമർശിക്കേണ്ട ഇതരപ്രബലകക്ഷി ഏതാണ്?—എന്നിങ്ങനെ ആയിരിക്കാം, തികച്ചും ആംഗ്ലേയരീതിയിലുള്ള ഡെമോക്രസിയ്ക്കായി നാം പ്രതീക്ഷിക്കുമ്പോൾ ഈവിധചിന്താഗതി അസംഗതമല്ലെന്നാണ് ഇന്ത്യൻഭരണഭാരം തല്ക്കാലികമായി സ്വീകരിച്ചിരിക്കുന്ന കോൺഗ്രസ്സിന്റെ നടപടിയിൽനിന്നുപോലും തെളിയുന്നതു്.

രാജ്യകാൎയ്യത്തിൽ ഒരു ശോഭനമായ ഭാവിയെ പ്രതീക്ഷിക്കുന്ന ഈ സന്ദൎഭത്തിൽ ഭരണമീമാംസാതത്വങ്ങളെപ്പററി പ്രതിപാദിക്കുകമാത്രമല്ല നാം ചെയ്യേണ്ടതു്. പ്രബലമായ മററൊരു രാഷ്ട്രീയകക്ഷിയെക്കൂടി നാം സൃഷ്ടിക്കുകയാണു വേണ്ടതു്. ഈ നാട്ടിലെ ചിന്തകന്മാരായ യുവജനങ്ങളുടെ ചുമതലയാണതു്. യഥാൎത്ഥ ഉത്തരവാദഭരണം ഇവിടെ സുസ്ഥാപിതമാകണമെങ്കിൽ പ്രജകൾ അതിനു പോരുന്നവരും അതൎഹിക്കുന്നവരുമാണെന്നു തെളിയിക്കേണ്ടിയിരിക്കുന്നു. ഈ ശ്രമം വിജയിക്കുന്നതിലാണ് ഈ നാട്ടിന്റെ യഥാൎത്ഥ അഭിവൃദ്ധി സ്ഥിതിചെയ്യുന്നതു്. ഒരു പൊളിററിക്കൽ പ്രോഗ്രസീവ് പാൎട്ടി ഈ നാട്ടിൽ എത്രയുംവേഗം സംഘടിപ്പിക്കേണ്ടതു രാഷ്ട്രാഭിവൃദ്ധിയെ കാംക്ഷിക്കുന്ന ഏവരുടേയും ചുമതലയാണ്. ഇക്കാൎയ്യത്തിൽ സമുദായങ്ങൾ എല്ലാംതന്നെ ഇണങ്ങി പ്രവൎത്തിക്കേണ്ടിയിരിക്കുന്നു. പാൎട്ടിയുടെ ലക്ഷ്യത്തെപ്പററിമാത്രമേ ഇവിടെ പ്രസ്താവിച്ചിട്ടുള്ളു. വിശദാംശങ്ങൾ വിമൎശനാനന്തരം സംയോജിക്കപ്പെടേണ്ടതാണ്. ഇതിലേയ്ക്കു മുന്നിട്ടുനിന്നു പ്രവൎത്തിക്കാൻ എല്ലാ സമുദായത്തിൽനിന്നും മനസ്സുന്നമാതയും കഴിവും ഉള്ളവർ മുന്നോട്ടു നീങ്ങുകയും പത്രദ്വാരാ അഭിപ്രായങ്ങൾ പുറപ്പെടുവിക്കയും താമസംവിനാ അതിനൊരു കൎമ്മരംഗം സൃഷ്ടിക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു.

---

* മലയാളരാജ്യം തിരുനാൾ വിശേഷാൽപ്രതിയിൽ പ്രസിദ്ധംചെയ്യാൻ അയച്ചുതന്ന ഒരു ലേഖനമാണിതു്. സ്ഥലച്ചുരുക്കത്താലും സമയദൗർലഭ്യത്താലും ഇതുപോലെ പല ലേഖനങ്ങളും വിശേഷാൽപ്രതിയിൽ ചേൎക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്.

---

## മലയാളം

—o—

(അഞ്ചാംപേജിൽ തുടൎച്ച)

ലെ ദേശനാമം മലയമ ആണ്. മലയമനാട്ടിലെ ഭാഷയ്ക്കായിരിക്കുകയില്ലെ ആദ്യം മലയാളം എന്നു പറഞ്ഞിരുന്നതു്? മലയാളമെന്നു ദേശത്തിനു പേരുകിട്ടിയതു് പിന്നീടല്ലേ? ഭാഷയുടെ പേരുകൊണ്ടു് ദേശത്തിനു നാമനിൎദ്ദേശം ചെയ്യുന്ന ഏൎപ്പാടു് ലോകചരിത്രത്തിൽ തീരെ അജ്ഞാതമല്ല. ക്രിസ്തുബ്ദം ആയിരത്തി എണ്ണൂററി എഴുപതാമാണ്ടു ബിസ്മാൎക്ക് എന്ന പ്രസിദ്ധരാജ്യതന്ത്രജ്ഞന്റെകീഴിൽ പ്രഷ്യ, സാക്സനി ബവേറിയ മുതലായ രാഷ്ട്രങ്ങൾ ഏകോപിച്ചു് ജൎമ്മനി ആയിത്തീരുന്നതിനുമുമ്പും ജൎമ്മൻഭാഷ ഉണ്ടായിരുന്നല്ലോ. മലയാളത്തിന്റെ ആഗമം എന്തായിരുന്നാലും ഒരുകാൎയ്യം സംശയാതീതമായി നിൎണ്ണയിച്ചുകഴിഞ്ഞിട്ടുണ്ട്—അതായതു് ലോകത്തിലെ കുഴപ്പങ്ങൾക്കെല്ലാം ഉത്തരവാദികൾ ജൎമ്മൻകാരാണെന്നു്.

—:—

# ശാസ്ത്രീയപുരോഗതി—കൃഷി *

കാർഷകനാടെന്ന അഭിധാനത്താൽ അറിയപ്പെടുന്ന കേരളത്തിലെ കൃഷിസമ്പ്രദായത്തെ സാമാന്യമായി വിവരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കൃഷിസമ്പ്രദായം ക്രമത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു്, കൃഷിക്കു് വ്യാപാരപരമായ പ്രാധാന്യം ലഭിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ, കൃഷിയുടെ ശാസ്ത്രീയമായ പുരോഗതിയെ കുറിച്ചു് ചിന്തിക്കുന്നതു് അവസരോചിതമായിരിക്കും.

കേരളത്തിലെ ഭൂസ്ഥിതി ഇന്ത്യയുടെ മററു പ്രദേശങ്ങളെ അപേക്ഷിച്ചു് കുറച്ചൊക്കെ വ്യത്യസ്തമാണു്. സമനിരപ്പായ കൃഷിസ്ഥലങ്ങൾ നമ്മുടെ നാട്ടിൽ അധികമില്ല. കുന്നുകളും, താഴ്വരകളുമായി അധികവും നിരപ്പില്ലാതെകിടക്കുന്ന നമ്മുടെ ഇന്നത്തെ കൃഷിസ്ഥലങ്ങളെ കൂടുതൽ ഫലപുഷ്ടമാക്കുന്നതിനു് നാം ശ്രമിക്കേണ്ടതാണു്. നമ്മുടെ കൃഷിസമ്പ്രദായം സാധാരണമായി, കേവലം ഭക്ഷണാവശ്യങ്ങളെമാത്രം അടിസ്ഥാനപ്പെടുത്തിയാണു് അധികം നടത്തിവരുന്നതു്. നാട്ടിന്റെ പുരോഗതിക്കും ജനങ്ങളുടെ ജീവിതത്തോതിന്റെ വളർച്ചയ്ക്കും കൃഷിക്കുള്ള സ്ഥാനം നാം ഇത്രയും അംഗീകരിച്ചുകഴിഞ്ഞുവോ എന്നതു് സംശയമാണു്. നാട്ടിന്റെ സമ്പത്തികാഭിവൃദ്ധിക്കു് നിദാനമാകുമാറു്, കൃഷിയെ വ്യാപാരപരമായ പന്ഥാവിലൂടെ നയിക്കാൻ തുടങ്ങിയകാലമാണിതു്. അങ്ങിനെ പഴയ സമ്പ്രദായങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാതെ, കൃഷിയുടെ പുരോഗതിക്കു് ശാസ്ത്രീയമായ കഴിവുകൾ ഏതെല്ലാംവിധത്തിൽ പ്രയോജനപ്പെടുമെന്നു നമുക്കു് ചിന്തിക്കാം.

ശാസ്ത്രീയമായ പുരോഗതിയെക്കുറിച്ചു പറയുമ്പോൾ മൂന്നു പ്രധാന സമ്പ്രദായങ്ങളാണു് മുന്നിട്ടുനില്ക്കുന്നതു്.

1) Mass selection അതായതു്, പലവിധത്തിലുള്ള വിത്തുകളെ ശേഖരിച്ചു് അതിൽ കൂടുതൽ ഫലപുഷ്ടിയുള്ളവയെ കണ്ടുപിടിക്കുക.

2) Prove him selection ഇതു് ഒരു ചെടിയിൽനിന്നുള്ള വിത്തുകളെ ഒരു വരിയായി പാകി, കൂടുതൽ ഫലപുഷ്ടിയുള്ളവയെ കണ്ടുപിടിക്കുക.

3) Hydridization വ്യാധികളില്ലാത്തതും ഫലപുഷ്ടിയുള്ളതുമായ ചെടികളെകൊണ്ടു് മററുള്ളവയെ കൂടുതൽ ഫലപുഷ്ടമാക്കി തീർക്കുക.

പലവിധത്തിലുള്ള വിത്തുകളെ ശേഖരിച്ചു് അതിൽ കൂടുതൽ ഫലപുഷ്ടിയുള്ളവയെ കണ്ടുപിടിക്കുന്നതിന്റെ ക്രമത്തേയും ഗുണങ്ങളേയും വിവരിക്കാം.

ഒരു വിളയിലുള്ള പലവിധ വിത്തുകളെ ശേഖരിച്ചു് ഒരേതരം കാലാവസ്ഥയും മണ്ണും ഉള്ളതായ സ്ഥലത്തു് നട്ടു്, കൂടുതൽ വിളവു് കിട്ടുന്നവ തിരഞ്ഞെടുക്കുക. ഒരു പക്ഷെ ഇതേ സമ്പ്രദായമാണു്. പണ്ടുകാലം മുതല്ക്കേ നമ്മുടെ കർഷകന്മാർ സ്വീകരിച്ചിരുന്നതു്. പറയത്തക്ക യാതൊരു പുരോഗതിയും വരുത്താതെ, കേരളത്തിൽ ഇതുവരേക്കും ഇതേ സമ്പ്രദായമാണു് നടപ്പിലുള്ളതെന്നു് വ്യസനസമേതം പറയാതിരിക്കാൻ നിവൃത്തിയില്ല.

രണ്ടാമത്തെ പദ്ധതി— ഇതു് കൃഷിയുടെ പുരോഗതിക്കു് ഏററവും നിദാനമായ ഒരു മാർഗ്ഗമാണു്. ഒരു ചെടിയിൽനിന്നു് പലവിധത്തിലുള്ള വിത്തു് ശേഖരിച്ചു് ഒരു വരിയായി നട്ടു്, അതിൽ ഏററവും അധികം വിളവു കിട്ടുന്നതു് തിരഞ്ഞെടുക്കുക എന്നതാണീ സമ്പ്രദായം. അങ്ങിനെ തിരിച്ചുകിട്ടുന്ന വിത്തുകളെ വീണ്ടും വീണ്ടും വരികളായിനട്ടു് മികച്ചവയെ തിരിച്ചെടുക്കുക. ഈ പദ്ധതി പ്രവൃത്തിരൂപത്തിൽ വരുത്തിയതു് ഹോളണ്ടുകാരനായ ജോൺസൺ എന്ന ഒരു ശാസ്ത്രജ്ഞനാണു്.

മേൽപ്പറഞ്ഞ പദ്ധതികളാൽ തിരിച്ചെടുക്കുന്നവയിൽ മിക്കതും കൂടുതൽ വിളവുള്ളവയായിരിക്കും. എന്നാൽ ഇവയിൽ ചിലതു് ധാരാളം വിളവുള്ളതാണെങ്കിലും എളുപ്പത്തിൽ രോഗത്തിനധീനമാകുന്നതും വേറെ ചിലതു് വിളവു കുറഞ്ഞതും എന്നാൽ ആരോഗ്യമുള്ളതും ആയിക്കാണാം. ചിലതു് വേഗം വിളയുന്നവയായിരിക്കാം. പക്ഷെ ഫലം നന്നേ മോശമായിരിക്കും. അങ്ങിനെ ആരോഗ്യം കുറഞ്ഞതും കൂടുതൽ വിളവുള്ളതുമായ ചെടികൾക്കു് ഈ ന്യൂനതകളെ പരിഹരിച്ചുകൊണ്ടു് വളർത്താനുള്ള മാർഗ്ഗമാണു് മൂന്നാമത്തെ പദ്ധതി; അഥവാ Hybridization അതിനു് ചെടികളെ ഒന്നിച്ചൊന്നു ചേർത്തി, ആ ബന്ധത്തിൽനിന്നും നാം ആശിക്കുന്നപോലെയുള്ള ആരോഗ്യപരവും ഫലപുഷ്ടിയുള്ളതുമായ ചെടികൾ സൃഷ്ടിക്കാൻ സാധിയ്ക്കും. ശാസ്ത്രീയമായ ഈ വഴി കണ്ടുപിടിച്ചതു് കഴിഞ്ഞ ശതാബ്ദത്തിൽ ആസ്ത്രേലിയായിലെ മെൻഡൽ എന്ന ഒരു പാതിരിയായതു്കൊണ്ടു്, ഈ മാർഗ്ഗത്തിനു് Mendalism എന്നു പറയപ്പെടുന്നു.

സാധാരണയായി ഒരു പുഷ്പത്തിൽ ആൺഭാഗവും പെൺഭാഗവുമുണ്ടു്. ഒരു പുഷ്പത്തിലെ ആൺഭാഗം അതിലെ പെൺഭാഗവുമായി ബന്ധപ്പെട്ടു് വിത്തുകൾ ഉണ്ടാകുന്നു. ഇതിനാൽ self foolishness എന്നു പറഞ്ഞുവരുന്നതു്. വേറെ ചിലതിൽ ഒരു പുഷ്പത്തിലെ ആൺഭാഗം കാററുമൂലമോ ജലം മൂലമോ ചിത്രശലഭത്തിന്റെ സഹായത്തോടുകൂടിയോ വേറൊരു പുഷ്പത്തിലെ പെൺഭാഗവുമായി ബന്ധപ്പെടാൻ ഇടയാകുന്നു. അങ്ങനേയും വിത്തുകളുണ്ടാവുന്നു. ഇതിനു് Cross pollination എന്നു പറയപ്പെടുന്നു. ശാസ്ത്രീയമായ പുരോഗതിക്കുള്ള ഗവേഷണങ്ങൾ ഇവയെ ആശ്രയിച്ചാണു് നടത്തേണ്ടതു്. രണ്ടാമത്തെ തരത്തിലുണ്ടാകുന്ന വിത്തുകൾക്കു് വല്ല പുരോഗതിയും വരുത്തുന്നതായാൽ, അതു് സ്ഥിരമായി നില്ക്കാൻ വിഷമമായിരിക്കും.

വിത്തുകളെക്കുറിച്ചു് ഇത്രയും പറഞ്ഞതിനുശേഷം കൃഷിചെയ്യുന്ന പ്രദേശങ്ങളെ പററി ചിന്തിക്കാം. കേരളത്തിലെ നദികൾ ഏററവും ഊക്കോടുകൂടി ഒഴുകുന്നവയാണു്. അങ്ങിനെയുള്ള പുഴകൾ കൃഷിയെ ഒട്ടേറെ ബാധിക്കാതിരിക്കാൻ നിവൃത്തിയില്ല. മലകളിലും ഇരുകരകളിലുമുള്ള 'എക്കലും വണ്ടലും' ഒഴുക്കു് കലക്കികൊണ്ടുപോകുന്നതു്കൊണ്ടു് മലകളിലുള്ള വളംതന്നെ കുറഞ്ഞുപോകുന്നു. അതിനും പുറമെ കൃഷിയാവശ്യത്തിനു കിളച്ചു് മറിച്ചിടുന്ന മണ്ണും ഒലിച്ചുപോകാനിടയുണ്ടു്. നമ്മുടെ നാട്ടിലെ കൃഷിയെ ബാധിക്കുന്ന ഒരു അടിയന്തിരപ്രശ്നമാണിതു്. കാരണം മലമുകളിൽ ഇന്നു് തേയിലത്തോട്ടങ്ങൾക്കും, റബ്ബർതോട്ടങ്ങൾക്കുമായി കാടുകൾവെട്ടി തെളിയിക്കുമ്പോൾ മണ്ണു് വെള്ളത്തിലൂടെ ഒലിച്ചുപോകുവാനെളുപ്പമുണ്ടു്. ഇതിനെ തടയുന്നതിനു് തെളിച്ച മലകളിൽ അവിടവിടെയായി മണ്ണോടു് ഒട്ടിപ്പിടിക്കുന്ന ചിലതരം പുല്ലുകളേയും ചെടികളേയും വളർത്തണം. മഴപെയ്യാത്ത അവസരങ്ങളിൽ നിലങ്ങളിൽ വെള്ളം കിട്ടുന്നതിനു് അണകെട്ടി നീർച്ചാലുകൾവഴി ജലവിതരണം ചെയ്യേണ്ടതു് ആവശ്യമാണു് കൃഷിഡിപ്പാർട്ടുമെന്റും ഇഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെന്റും ഒത്തൊരുമിച്ചാലോചിച്ചു് ഈ വിഷയത്തിൽ പരിഹാരമാർഗ്ഗങ്ങൾ ആരായേണ്ടതാണു്.

വളത്തെ സംബന്ധിച്ചേടത്തോളം കേരളക്കരയിലെ ഭൂമി വളരെ മോശമായ സ്ഥിതിയിലാണെന്നു കുറച്ചു് മുമ്പു് പറഞ്ഞുവല്ലോ. കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള നമ്മുടെ ആളുകൾ പഴയ മാമൂൽസമ്പ്രദായങ്ങളെയാണു് ഇന്നും മുറുകെ പിടിച്ചിരിക്കുന്നതു്. അതു് മുൻകാലങ്ങളിൽ ആരംഭിച്ചപ്പോൾ മലകൾ തെളിയാതിരുന്നതിനാൽ മഴക്കാലത്തു് നിലങ്ങളിലും താഴ്ന്ന സ്ഥലങ്ങളിലും ധാരാളം എക്കലും വണ്ടലും വന്നിറങ്ങിക്കൊണ്ടിരുന്നു. അതിനാൽ വളം അധികം ഉപയോഗിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. ഇന്നത്തെ ഭൂസ്ഥിതി വളത്തെ സംബന്ധിച്ചേടത്തോളം വിപരീതമായ ഒന്നാണെന്നു മുൻപു് പ്രസ്താവിച്ചുവല്ലോ എന്നാൽ കൃഷിസമ്പ്രദായങ്ങളിൽ യാതൊരു മാററവുമൊട്ടു. വന്നില്ലതാനും. വള

(ശേഷം പത്താം പേജിൽ)

* അഖിലേന്ത്യാറേഡിയോ മദ്രാസ് സ്റ്റേഷൻഡയറക്ടരുടെ അനുമതിയോടെ പ്രസിദ്ധംചെയ്യുന്ന പ്രക്ഷേപണം.

# ത്രുക്കരങ്ങൾ

കെ. കെ ശങ്കരവാര്യർ ബി. എ.

വിണ്ടലവെൺഭിത്തിമേലന്തിയിലവിശ്രമം
തണ്ടലർക്കരങ്ങളാൽ നിത്യവുമസ്വാസ്ഥയായ്
പ്രപഞ്ചനിശ്ശബ്ദമാം സത്യത്തെക്കുറിക്കയോ?
പ്രകൃത്യംബികേദേവി സൗവർണ്ണവർണ്ണങ്ങളാൽ
ഭംഗികൾകവർന്നിട്ടോ പെട്ടെന്നു മാച്ചീടുന്നു
ഭാസുരവർണ്ണങ്ങളാൽ പിന്നെയുംതുടരുന്നു
എത്രമേൽ ശ്രമിച്ചിട്ടും തൃപ്തയാകാഞ്ഞീർഷ്യയാൽ
പൊന്മഷിച്ചഷകത്തെ വാനത്തിൽമറിയ്ക്കുന്നു.
നിൻകരം പ്രഭാതത്തിൽ പ്രാചിയ്ക്കു് സമ്മാനിച്ച
ചെങ്കതിരവൻ ക്ഷീണിച്ചംബരച്ചുവട്ടിങ്കൽ
വേതനംവാങ്ങാൻകൈകൾ മേൽപൊട്ടുയർത്തീടവേ
വാരുണീമത്തയാംനീ വാരിധിയിൽ തള്ളീടുന്നു
ഉന്നതപദസ്ഥയാം ദേവി! നീ ലോകത്തിലെ
ധന്യരാം പ്രഭുക്കൾതൻ ചര്യയെപ്പകർത്തുന്നോ?
പൊന്നൊളിക്കസവിട്ട പാടലാംബരം ചാർത്തി
സന്നതസുഭഗയാം സന്ധ്യയെ സൽക്കരിച്ചു.
വാനവർപുരിയിലെ പാടീരക്കുറിക്കുട്ടാൽ
വാർതിങ്കൾപ്പൊട്ടും ഭംഗിയിലണിയിച്ചാൾ
സ്ഫുരത്താരകാഹീര ഹാരവുംനൽകിസ്വീയ—
കരചാതുരിനോക്കിതൃപ്തയായ് ക്ഷണാന്നിന്നു
അടുത്തനിമിഷത്തിൽ മായ്ച്ചുവാനാണോതീർത്തു
അനർഘവർണ്ണങ്ങളാൽ സന്ധ്യയാംനതാംഗിയെ
കാലുഷ്യം കലർന്നിതാ ക്രൂരമാംകരങ്ങളാൽ
കാർമുകിൽപങ്കംകൊണ്ടു് വാനിടംകറപ്പിച്ചു
ഭീതരായ് പാദപങ്ങൾ നിശ്ശബ്ദം ശ്രദ്ധിക്കവേ
ഭീകരംകൊടുംകാററാൽ പാറിടംതകർക്കുന്നു
മാരുതൻപ്രസാദിക്കാൻ സാഷ്ടാംഗപ്രണാമത്താൽ
ഭൂരുഹം ശ്രമിക്കട്ടെ കാരുണ്യമുദിയ്ക്കില്ല
എന്തിനിപ്പാഴ്വേലകൾ നിത്യവുമനുഷ്ഠിച്ചു
സന്തുഷ്ടികൈവന്നീടാൻ സന്തതം യത്നിക്കയോ?
മഞ്ജുളകരതാരാൽ കേളിക്കായ് നിർമ്മിച്ചതാം
മൺഗൃഹമുടച്ചല്ലോ ബാലകർതൃപ്തരാവൂ
എന്നാനിൻകരംഭദ്രേ ലോകമാംകളിപ്പാട്ടം
ഉന്നതഇച്ഛക്കായിപ്പൊട്ടിച്ചു രസിച്ചീടും.

# ത്രുക്കോവിലിൽ

(പി. രാമചന്ദ്രൻ നായർ)

കേക.

മംഗളശംഖിൻ നാദം, ശ്രീലസദ് സ്വാതന്ത്ര്യത്തിൻ
മഞ്ജുളാഹ്വാനം കേൾപ്പിതെങ്ങുമൊരുപോലെ!
ശാശ്വതൈശ്വര്യത്തിന്റെ പൊൻവിളക്കായെത്തും
ഭാസിന്റെ പ്രത്യാഗമം, മന്നിന്റെ മഹോത്സവം!!
ശോണിമപ്പൂവിപൂശിയംബരം പ്രസന്നയായ്—
കാണുന്നു; നവോഢതൻ പൂംകവിളിണപോലെ,
ഇളകാതെതെന്നലിലാശ്ലേഷ സുഖംനേടി—
പ്പുളകംകൊള്ളും ലതാസഞ്ചയം നൃത്തംവയ്പൂ!
പക്ഷികളുണർന്നെങ്ങും ഭൂകുന്നു, ഗീതാമൃതം
വൃക്ഷങ്ങൾ ദലങ്ങളാൽ മർമ്മരാലാപംചെയ്വൂ!
എങ്ങെങ്ങുതിരിയിലും സംഗീതകോലാഹലം!
എങ്ങെങ്ങുനോക്കീടിലും സുപ്രഭാപ്രകാശനം!!
സുപ്രഭാതമായ്, സ്വാതന്ത്ര്യോത്സവംകൊണ്ടാടുവാൻ
ത്രുക്കോവിൽനോക്കിച്ചരിക്കുന്നിതങ്ങെല്ലാവരും
അങ്ങതാപോകുന്നുണ്ട പലരും, എന്നാലതിൻ
മുന്നിലായ് മിന്നിക്കാണ്മൂ; രണ്ടുപേർ, അറിയില്ലേ?

*   *   *   *   *

നേരിന്റെവഴിവിളക്കത്തെളിക്കും വിജ്ഞാനമാം
ചാരുദീപവും ത്യാഗമുദ്രയും പേറിക്കൊണ്ടു
കാന്തിയുമുത്കർഷവും വിരവിൽദാനംചെയ്യും
ശാന്തിതൻ നടയിങ്കൽ കൂപ്പുകയ്യുമായ്നില്പൂ!—
അഹിംസാമന്ത്രം പരിപാവനം, സമസൃഷ്ടി—
സ്നേഹത്തിലുയർത്തുന്ന ഗീതതൻജനയിത്രി—
ജഗതിതൻവരംപൊക്കത്തെട്ടിനിൽക്കിടുംമർത്ത്യ—
നീതിയെപ്പുണർന്നിക്കാട്ടും താതചികപ്രഭാഷിണി—
ഭാരതം നിഃസ്വാർത്ഥത്തിൻ മാതൃകയെങ്കിൽകർമ്മ—
ധീരയായ് ശ്രീവാഴുംകോടയായും ലസിക്കാവൂ!!

നീലവാനിടത്തിങ്കൽവീണതാരകളെല്ലാം
ശ്രീലസൽസമൃദ്ധിതൻ പൊൻകതിർചൊരിയുമ്പോൾ,
കുളിർതെന്നലേകണ്ടു നാണിച്ചുകുണുങ്ങട്ടെ
വിളനെല്ലുകൾ—പൂർണ്ണതാരുണ്യസുഭഗകൾ.
കൈമുതൽമണ്ണിൽപ്പൂഴ്ത്തി,'യെന്നമില്ലെന്നി'യ്യെന്നു
കൈമലത്തട്ടെ മഞ്ജുമർച്ചിനികൾനീളെ.
ചുണങ്ങിൻവട്ടപ്പുള്ളിദേഹത്തുപടരാല്ല,
മനിശം തേച്ചേനകൾ നേടട്ടേധനമെല്ലാം.
പാടലും പടവലും കാച്ചിലും മററോരോരോ
പാവനാംഗികളായ ലാവണ്യലതകളും;
അങ്ങിങ്ങുനില്പൂം പാദപങ്ങളെക്കെട്ടിപ്പുണർ—
ന്നന്യൂനസൗഭാഗ്യത്തിൻഭണ്ഡാരംനിറയ്ക്കട്ടെ!...
ചാൺവയർതീച്ചൂളപോൽ കാളുന്നവല്ലോ സഖേ,
കാൺമതില്ലപശാന്തി നിൻകൃപാമൃതമെന്യേ
വിശപ്പുവിശപ്പല്ലോ,...വിശ്വത്തെഭവാനുടെ
കലപ്പത്തഴമ്പേററ കൈകളാൽതാങ്ങിക്കൊള്ളൂ!

# കർഷകനോട്

കുടമാളൂർ, കെ. സി. കേശവൻനായർ ബി. എ.

കിലിലങ്ങാകളുയരാത്ത കർഷകാ, ഭവാനുടെ
വേലതൻജയത്തിന്റെ പൊൻപതാകകൾ നാട്ടൂ!
പാരിച്ചപെരാഹത്താൽ ക്ഷീണിച്ചുകിടക്കുന്ന
പാരിന്റെമുഖത്തനേന്ദാമൃതം തളിക്കുവാൻ;
വെട്ടുക, കിളയ്ക്കുക, വെടിപ്പാക്കുകവേഗം
വിത്തുകൾ—തവവേർപ്പുതുള്ളികൾ—വിതയ്ക്കുക.

# ശാസ്ത്രീയപുരോഗതി
## കൃഷി

(ഒൻപതാംപേജിൽനിന്നും തുടർച്ച)

ങ്ങളുംചേർത്ത് കൃഷിയെ പുഷ്ടിപ്പെടുത്തിയാലെ അവയിൽനിന്നു കൂടുതൽ വിളവ് കിട്ടുകയുള്ളു. അതിലേക്ക് കൃത്രിമവളങ്ങൾ (artificial Fertiliser) ഉണ്ടാക്കിവരുന്നു. അമോണിയം സൾഫേറ്റ്, അമോണിയം ഫോസ്ഫേറ്റ് മുതലായ കൃത്രിമവളങ്ങൾ ഇപ്പോൾ ധാരാളമായി പലയിടത്തുമുണ്ടാക്കിവരുന്നുണ്ട്. അമോണിയം സൾഫേറ്റ് ഉണ്ടാക്കുന്നതിനായി ഈയിടെ ആലുവായിൽ ഒരു ഫാക്ടറി സ്ഥാപിച്ചുവരുന്നു. എന്നാൽ ഇങ്ങിനെയുള്ള കൃത്രിമവളങ്ങൾ മാത്രം തുടരെ ഉപയോഗിക്കുന്നതായാൽ മണ്ണിന്ന് ദോഷം ഭവിക്കുന്നതായിട്ടാണ് കണ്ടിരിക്കുന്നതു്. ഈ ദോഷം ഇല്ലാതിരിക്കണമെങ്കിൽ ദ്രവിച്ച് അഴുകിവരുന്ന ചെടികളുടെയോ മൃഗങ്ങളുടെയോ അംശങ്ങൾ ചേർക്കേണ്ടതാണ്. ഇങ്ങനെയുള്ളവയിൽ ഏററവും നല്ലതു് എല്ലുപൊടിയും മത്സ്യപൊടിയും കമ്പോസ്റ്റ്‌വളവുമാണ്. ഇങ്ങനെ ശാസ്ത്രീയമായ രീതിയിലുള്ള വളങ്ങൾ നമ്മുടെ നാട്ടിലെ മണ്ണിന്ന് ഇന്നത്തെ സ്ഥിതിക്ക് വളരെ അത്യാവശ്യമാണ്.

കൃഷിചെയ്യുന്നതു് കർഷകന്ന് ഗുണപ്രദമാകണമെങ്കിൽ ചിലവ് ഏററവും ചുരുങ്ങിയും വിളവ് ഏററവും അധികരിച്ചുമിരിക്കണമല്ലോ. എന്നാൽ നമ്മുടെ കർഷകർ ഈ സംഗതിയിലും മാമൂൽ മുറുകെ പിടിച്ചിരിക്കുന്നതായി നമുക്ക് കാണാം. ഉഴുന്നതിന്ന് ഉപയോഗിക്കുന്നതായ കലപ്പകൾ എടുത്തുനോക്കുക. അവ എത്രയോ പ്രാവശ്യം ഒരു നിലത്തിൽകൂടി ഓടിയാലെ ആ നിലം കൃഷിക്കുപയുക്തമാകുന്നുള്ളു. അതിനുപയോഗിക്കുന്ന സമയത്തിന്റേയും ചിലവിന്റേയും ഒരു അംശംമാത്രംകൊണ്ട് ഇതിൽകൂടുതൽ ഭംഗിയായി പരിഷ്കരിച്ച കലപ്പകൾ ഉപയോഗിച്ച് നിലം കൃഷിക്കൊരുക്കാൻ സാധിക്കുന്നതാണ്. നമ്മുടെ നാട്ടിൽ ഉഴുന്നതിനുപയോഗിക്കുന്നതു് കാളകളെയാണല്ലോ. അവയെക്കൊണ്ട് എത്രതന്നെ പണിചെയ്യിക്കാൻ സാധിക്കുമെന്നു നമുക്ക് ഊഹിക്കാൻകഴിയും. ഇതിനേക്കാൾ എത്രയോ എളുപ്പത്തിൽ പുതിയ മോട്ടോർകൊണ്ട് ഓടുന്ന ടാക്ടർ (Tractor) എന്ന യന്ത്രം ഉപയോഗിച്ച് നമുക്ക് കൃഷിക്ക് ഭൂമിഒരുക്കാൻ സാധിക്കുന്നതാണ്. ഈ വക യന്ത്രങ്ങൾക്ക് വിലകുറച്ചു കൂടുതലായതുകൊണ്ട് ഓരോ കർഷകനും തനിയെ അവ വാങ്ങാൻ സാധിച്ചില്ലെന്നുവരും. എന്നാൽ അവക്ക് പരസ്പരസഹായതത്വത്തെ അടിസ്ഥാനപ്പെടുത്തി കൂട്ടുകൃഷിസമ്പ്രദായം നടപ്പിൽ വരുത്തുന്നതിന്ന് ശ്രമിച്ചുകൂടെന്നില്ലല്ലോ.

പലവിധത്തിലുള്ള കാലാവസ്ഥക്കും ഭൂസ്ഥിതിക്കും അനുയോജ്യമായ രീതിയിൽ കൃഷിചെയ്യത്തക്കവണ്ണം, വിത്തുകളെ നല്ലവണ്ണം പരിശോധിച്ച് തിരഞ്ഞെടുക്കേണ്ടതു്, കേരളത്തിലെ നെൽകൃഷിയുടെ പുരോഗതിക്ക് ഏററവും അത്യാവശ്യമാണ്. ഇതിലേക്ക് മലബാറിൽ പട്ടാമ്പി തളിപ്പറമ്പ് എന്നിവിടങ്ങളിലും തിരുവിതാംകൂറിൽ മങ്കൊമ്പിലും, അടുത്ത ചില ഗവേഷണകേന്ദ്രങ്ങൾ ഈയിടെയായി ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ കൃഷിപരമായ ഗവേഷണങ്ങൾക്ക് വേണ്ടത്ര കഴിവും, അതനുസരിച്ച് കൃഷിയുടെ ശാസ്ത്രീയമായ പുരോഗതിക്ക് വേണ്ടത്ര സാധ്യതകളുമുണ്ട്.

നെൽകൃഷികഴിഞ്ഞാൽ കേരളത്തിലെ അടുത്ത പ്രധാനകൃഷി തെങ്ങാണല്ലോ. ഇതിന്റേയും ഇന്നത്തെ കൃഷിസമ്പ്രദായം അത്ര പുരോഗമിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. മുമ്പ് പ്രസ്താവിച്ചപോലെ മഴക്കാലങ്ങളിൽ കൃഷിക്കുപയുക്തമായ 'എക്കലും വണ്ടലും' ഇന്ന് വേണ്ടത്ര ലഭിക്കുന്നില്ല. അതു് വേണ്ടത്ര ലഭിച്ചുകൊണ്ടിരുന്ന കാലത്തു് കൃഷിക്ക് കൂടുതൽ വളം ചേർക്കേണ്ടുന്ന ആവശ്യമുണ്ടായിരുന്നില്ല. ഇന്നത്തെ സ്ഥിതി അതിൽനിന്നും എത്രയോ വ്യത്യസ്തമാണ്. വളം കുറയുംതോറും വിളവും കുറഞ്ഞുവരികയാണ്. തെങ്ങിൻകൃഷിക്കും വേണ്ടത്ര വളംചേർത്ത് മണ്ണ് പുഷ്ടിപ്പെടുത്തേണ്ടതു് എത്രയും ആവശ്യമാണെന്ന് നമ്മുടെ ഭൂമിയുടമസ്ഥന്മാർ മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്ഥിതിഗതികൾ മനസ്സിലാക്കി കൃഷിചെയ്തതിന്റെ ഫലമാണ് സിലോണിൽ അധികം നാളികേരം ഉണ്ടാകുന്നതിന്നും, അതിന്ത്യയിൽ കുറഞ്ഞവിലയ്ക്ക് വില്ക്കാൻ സാധിക്കുന്നതിന്നും കാരണമായതു്. തെങ്ങിൻകൃഷിയുടെ ശാസ്ത്രീയമായ പുരോഗതിക്കുള്ള വഴികളെ ആരായുന്നതിന്ന് ഇന്ത്യാഗവമ്മെന്റ് ഈയിടെ 'കേന്ദ്രനാളികേരസമിതി' രൂപീകരിച്ചിട്ടുള്ളതു് ഈയവസരത്തിൽ സ്മരണീയമാണ്.

കുറച്ചുകാലത്തിനുമുമ്പ് കേരകൃഷിക്ക് കാററുവീഴ്ച എന്ന ഒരു വ്യാധി പിടിപെട്ടിരുന്നു. അതിനുള്ള കാരണങ്ങളും നിവാരണമാർഗ്ഗങ്ങളും ആരായുന്നതിന്ന് ഇന്ത്യാഗവമ്മെണ്ടിന്റേയും, കൊച്ചി, തിരുവിതാംകൂർ ഈ നാട്ടുരാജ്യങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ പല ഗവേഷണങ്ങളും നടത്തിവരുന്നുണ്ട്. മണ്ണിൽ വേണ്ട ഏതോ ചില സാരാംശങ്ങളുടെ കുറവാണ് ഇതിന്റെ കാരണമെന്ന് കണ്ടുപിടിച്ചിട്ടുള്ളതായും അതിന്റെ നിവാരണത്തിനായി ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതായും അറിയുന്നു.

തെങ്ങിൻകൃഷിയോട് വളരെ സാമ്യമുള്ളതും ഇതേവർഗ്ഗത്തിൽതന്നെ ചേർന്നതുമായ വേറെ ഒരു കൃഷിയാണ് 'കവുങ്ങ്' അതിന്റെ ഉപയോഗത്തെക്കുറിച്ചോ വളർച്ചയെക്കുറിച്ചോ പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല, തെങ്ങിൽകൃഷിയുടെ വളർച്ചയ്ക്കു ഉപയുക്തമാകുന്ന എല്ലാവഴികളും കവുങ്ങിൻകൃഷിക്കും ബാധകമാണ്. കവുങ്ങിന്നു പിടിപെടുന്ന 'മഹാളി' എന്ന ഒരുതരം വ്യാധിയുടെ നിവാരണത്തിന്ന് Boodcausemir ഉപയോഗിച്ചുവരുന്നു.

ഇടയ്ക്കിടയായി ഒട്ടേറെ പ്രാധാന്യത്തിൽ എത്തിയിട്ടുള്ളവയാണ് റബ്ബർ, തേയില, കാപ്പി, ഏലം, കശുവണ്ടി, കുരുമുളക് മുതലായവ. ഇതിൽ വള്ളികളായി മററുമരങ്ങളിൽ പടർന്ന് കായ്ക്കുന്ന കുരുമുളകുചെടിയിൽ, കൂടുതൽ വിളവുംവീര്യവുമുള്ള വർഗ്ഗങ്ങളെ കണ്ടുപിടിക്കാൻവേണ്ട ഗവേഷണങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. റബ്ബർ, തേയില മുതലായവ പുറംനാടുകളിൽനിന്നും കേരളത്തിൽ കൊണ്ടുവന്നിട്ടുള്ളവയാണ്. Brazil ൽനിന്നും കൊണ്ടുവന്നിട്ടുള്ള റബ്ബർ ഏതാണ്ട് 500 മുതൽ 2600 അടിവരെ ഉയരമുള്ള കുന്നുകളിന്മേൽ കൃഷിചെയ്യുവരുന്നു. 3500 മുതൽ 5000 അടിവരെ പൊക്കമുള്ള മലപ്രദേശങ്ങളിലാണ് കാപ്പിച്ചെടി നട്ടുവളർത്തുന്നതു്. ഇതിൽ Reabery Rolaste എന്നീ രണ്ടുവർഗ്ഗങ്ങളുണ്ട്. തേയില ചീനയിൽനിന്നും കൊണ്ടുവരപ്പെട്ടതാണ്. ആംഗ്ലേയരാണ് ഈ കൃഷി അധികവും നിയന്ത്രിച്ചുവരുന്നതു്.

ചുരുങ്ങിയ കാലത്തിനുള്ളിൽ പ്രാധാന്യത്തിലെത്തിയിട്ടുള്ള 'കശുവണ്ടി' യുടെ കൃഷിക്ക് ഒട്ടേറെ പുരോഗതിക്ക് വഴിയും. അധികം വളമില്ലാത്ത ഭൂമിയിൽകൂടി വളരുന്നുണ്ടെന്നുള്ളതാണ് ഇതിന്റെ ഒരു പ്രധാനഗുണം. പടിഞ്ഞാറൻ പർവ്വതത്തിലെ ഒരു പ്രത്യേകകൃഷിയായി 'ഏലത്തെ' കണക്കാക്കാവുന്നതാണ്. മൈസൂരിൽ വളരുന്ന ഏലമാണ് കൂടുതൽ ഫലപുഷ്ടിയുള്ളതു്. ഇതിൽ ഒരുതരം പുഴുവിന്റെ ഉപദ്രവം ഉണ്ടാകുന്നതിന്റെ നിവാരണത്തിന്ന് തിരുവിതാംകൂറിൽ പീരുമേട്ടുതാലൂക്കിൽ ഒരു ഗവേഷണകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ സാധുക്കളുടെ ആഹാരമായിത്തീർന്നിരിക്കുന്ന 'മരച്ചീനി' റബ്ബർവർഗ്ഗത്തിൽപ്പെട്ട "Maintst-ut-lysuia എന്ന ഒരു ചെടിയാണ്. ഇതു് കേരളത്തിൽ പ്രചാരം വരുത്തിയതു് തിരുവിതാംകൂറിലെ മുമ്പിലത്തെ ഒരു രാജാവായിരുന്ന ശ്രീ വിശാഖംതിരുനാളാണ്. ഈ ചെടിയുടെ ആഹാരസാധനങ്ങൾ ശേഖരിച്ചിട്ടുള്ള കിഴങ്ങാണ് ഇതിന്റെ വിളവ്. ഇതിൽ ഒരുവിധത്തിലുള്ള വിഷവസ്തുവുണ്ട്. അതില്ലാത്തതും കൂടുതൽ കിഴങ്ങ് കിട്ടുന്നതും അധികതാമസംകൂടാതെ വിളയുന്നതുമായ വർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതു് പ്രയോജനമായിരിക്കും.

കേരളത്തിൽ കൂടുതൽ പ്രാധാന്യത്തിൽ കൊണ്ടുവരാവുന്നവയിൽ ഒന്നാണ് പഴംകൃഷി. അവയെ ശാസ്ത്രീയമായ വിധത്തിൽ കൃഷി ചെയ്യേണ്ടതിനുള്ള വഴികൾ കൃഷി ഡിപ്പാർട്ടുമെന്റ ആരായേണ്ടതാണ്. ഇന്ന് വാഴ, മാവ്, മുതലായ ചില സാധനങ്ങൾ നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ചു മാത്രമേ നാം കൃഷിചെയ്യുവരുന്നുള്ളു. Train das മുതലായ സ്ഥലങ്ങളിൽ നാം നെല്ലും കരിമ്പും കൃഷിചെയ്യുന്ന മാതിരിയാണ് വാഴകൃഷി ചെയ്തുവരുന്നതു്. വാഴയെ ഈയിടെയായി ആക്രമിച്ചിട്ടുള്ള ഒരു സാംക്രമികരോഗമാണ്. Bacti tais അതിന്റെ നിവാരണമാർഗ്ഗങ്ങൾക്ക് അധികൃതന്മാർ വേണ്ട ഗവേഷണങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പൈനേപ്പിൾ അഥവാ കൈതച്ചക്ക നമ്മുടെ നാട്ടിൽ ഒട്ടേറെ പ്രാബല്യത്തിൽ കൊണ്ടുവരാവുന്ന ഒരു പഴംകൃഷിയാണ്. പഴത്തിനു പുറമേ അതിന്റെ ഇലയിൽനിന്നും ഒരുതരം നാരും എടുക്കാൻ സാധിക്കും.

ഇങ്ങനെ പലതരത്തിലുള്ള കൃഷികൾക്കും വേണ്ടത്ര കരുക്കളുള്ള കേരളത്തിൽ, ശാസ്ത്രീയമായ പുരോഗതിയിലൂടെ കൃഷിയുടെ സംപുഷ്ടിയും, അതോടൊന്നിച്ച് നാട്ടിന്റെ സാമ്പത്തികാഭിവൃദ്ധിയും വഴിതെളിയിക്കുമാറുള്ള പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് അധികൃതന്മാരും, നാട്ടുകാരും ഒത്തൊരുമിച്ച് പരിശ്രമിക്കുമെന്നാശിക്കുന്നു.

—o—


# സംസ്കാരനാശം

(പണ്ഡിതർ, ഇ. വി. രാമൻനമ്പൂതിരി, വിദ്യാരത്നം)

മഹാത്മാഗാന്ധിയുടെ ശിഷ്യാഗ്രഗണ്യയായ, ശ്രീ മീരാസഹോദരിയെപ്പററി പലർക്കും അറിവുണ്ടായിരിക്കും. അവർ ഒരു ഇംഗ്ലീഷുവനിതയായിരുന്നിട്ടും, ഭാരതീയസംസ്കാരത്തേയും, ഭാരതീയവേഷഭൂഷാദികളേയും, ഇതര സംസ്കാരസഭ്യതകളേക്കാൾ മഹനീയമെന്നു കരുതിവന്നിരുന്നവരാണ്. അതുകൊണ്ടുതന്നെയാണ് അവർ ചിരകാലമായി ഭാരതത്തിൽത്തന്നെ പാർത്തു ജനസമുദായസേവനം അനുഷ്ഠിച്ചുവരുന്നതു്. അവർ ഈയിടയ്ക്കു് ആധുനിക ഭാരതീയസമുദായത്തിന്റെ ഗതിവിധികളെ സവിശേഷശ്രദ്ധയോടെ നിരീക്ഷിച്ചുപോരുകയാണ്. ഈ വിഷയത്തെ സംബന്ധിച്ച്, സെപ്തംബർ 29-ാംതീയതിയിലെ 'ഹരിജനസേവക്'പത്രത്തിൽ, 'സംസ്കാരനാശം' എന്നപേരിൽ ഒരു ലേഖനം അവർ പ്രസിദ്ധീകരിച്ചിരിക്കുന്നു. ശ്രീ മീര പറയുന്നു "ഹിന്ദുസ്ഥാനത്തിൽ ഞാൻ നിവഹിച്ചിട്ടുള്ള ജീവിതം മുഴുവൻ യഥാർത്ഥഹിന്ദുക്കളോടുകൂടിയാകുന്നു. എന്നാൽ, കഴിഞ്ഞകൊല്ലം ഞാൻ, കൃഷിക്കാർക്കു വല്ല ഗുണവും ചെയ്യാനുള്ള ആശയോടുകൂടി, യു. പി. ഗവമ്മെന്റിന്റെ അധികഭക്ഷ്യോല്പാദനവ്യവസ്ഥയിൽ ജനങ്ങളെ സഹായിപ്പാനായി, ഒരു ഓണററി ഉപദേശകസ്ഥാനം സ്വീകരിക്കയുണ്ടായി. അതുനിമിത്തം ഞാൻ, ഒരു പുതിയ പരിധിക്കുള്ളിലകപ്പെട്ടു. അവിടെ നാലുപാടും അസാധാരണമനുഷ്യരായിരുന്നു. അവരിലോരോരുത്തരും, മററവനേക്കാൾ മേലേക്കിടയിൽ ആംഗ്ലേയത അഭിനയിച്ചുകൊണ്ടിരുന്നു! അതിന്നായി ശ്രമപ്പെട്ടുകൊണ്ടിരുന്നു! ഞാൻ നൈരാശ്യപൂർവ്വം, എന്റെ ആഫീസിൽ ജോലിചെയ്യുന്ന ആളുകളെ പരിശോധിച്ചു നോക്കി. ഓരോരുത്തരും മിൽവസ്ത്രംതന്നെ ധരിച്ചിരിക്കുന്നു. ഓരോന്നും മിൽവസ്ത്രം! വളരെ ഇറുക്കമുള്ള ബിലാത്തിശ്ശരായിയുടെ ഉള്ളിൽ കുത്തിത്തിരുകിയ ഷർട്ട്! കടുത്ത ചൂടുള്ളകാലത്തും ബിലാത്തിക്കോട്ടും, ചരടുകോർത്ത് കെട്ടിവരിഞ്ഞ ബൂട്ട്സ്സും! എന്നാലിതുകൊണ്ടും തീർന്നില്ല. ഞാൻ അവരുടെ പേരു ചോദിക്കാൻ തുടങ്ങി. അവർ ഓരോരുത്തരും 'മിസ്റ്റർ'മാർ! മിസ്റ്റർ വർമ്മാ, മിസ്റ്റർ ശർമ്മാ, മിസ്റ്റർ ഗുപ്താ ഇത്യാദി, ഇത്യാദി! അനന്തരം; നിരന്തരം "ഹുസൂർ" "ഹുസൂർ" എന്നു് ഉരുവിട്ടുകൊണ്ട് വില്ലക്കാരും ശിപായിമാരും അടുത്തെത്തിയപ്പോഴേയ്ക്കും എന്റെ പരവശത അതിരുകടന്നുപോയി." ശ്രീമതി മീരാസഹോദരിയുടെ ഈ വചനം ചിത്രണത്തിൽ നിന്നു്, ഇന്നത്തെ ഭാരതവർഷത്തിൽ ആംഗലേയഭാവം ഓരോ ഗൃഹത്തിലും നിറഞ്ഞുകഴിഞ്ഞു എന്നു് മനസ്സിലാക്കാൻ കഴിയുന്നു. നമ്മുടെ ഇരുപ്പിലും നില്പിലും ആഹാരപാനീയാദികളിലും, എല്ലാററിലും ആംഗലേയ സഭ്യതയേയും ഇംഗ്ലീഷുശബ്ദങ്ങളേയും നാം ഉപയോഗിച്ചുവരുന്നു. ആംഗലേയവിദ്യാസമ്പന്നന്മാരായിത്തീർന്നവരാകട്ടെ, ഇപ്പോൾ കപ്പലിൽ നിന്നിറങ്ങിവന്നവരെപ്പോലെയാണ്, വീട്ടിലും പുറത്തും, പെരുമാറിവരുന്നതു്. ഈ വക ബാഹ്യാഡംബരശൈലിയ്ക്കു തിലാഞ്ജലി നൽകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ശ്രീ. മീരാസഹോദരി, തന്റെ ലേഖനം ഇങ്ങനെയാണ് അവസാനിപ്പിച്ചിരിക്കുന്നതു്:— "എന്താ, ഇനിയും ആ സമയം വന്നില്ലേ? ഇംഗ്ലീഷ് ഗവമ്മെന്റിനോടുകൂടെ, പെരുമാററത്തിലും, വസ്ത്രഭൂഷാദികളിലും നിത്യജീവിതരീതിയിലും അത്യന്തം അനുചിതമായി കടന്നുകൂടിയിട്ടുള്ള ഈ ഇംഗ്ലീഷു സമ്പ്രദായങ്ങളേയും കൂടി, കൈവെടിയുവാനുള്ള കാലം ഇനിയും വന്നുചേർന്നിട്ടില്ലെന്നോ?

ഇക്കണ്ട ചേഷ്ടകളെല്ലാംതന്നെ ഇംഗ്ലീഷ് സർക്കാരിന്റെ വിലാസവൈഭവങ്ങളല്ലയോ?"

ഭാരതീയസംസ്കാരത്തിന്നു പുറമേ കേരളീയസംസ്കാരം കൂടി കേരളീയർക്കു പാലിക്കേണ്ടതുണ്ട്. അകേരളീയരെ അത്യധികം ആഹ്ലാദിപ്പിയ്ക്കുകയും, ആകർഷിയ്ക്കുകയും ചെയ്തിട്ടുള്ളവയാണ് ഈ കേരളീയ സംസ്കാരങ്ങൾ എന്നുള്ളതിനും സംശയമില്ല. അവയെ സർവ്വഥാ സംരക്ഷിച്ചുപോരേണ്ടതു് ഓരോ കേരളീയന്റേയും കടമയാണെന്നു് ഊന്നിപ്പറയേണ്ടുന്ന ഘട്ടമാണിതു്. പരിഷ്കാരം തീരെ പ്രവേശിക്കാത്ത ഉൾനാടുകളിലേ ഇനി കേരളീയസംസ്കാരത്തിനു സ്ഥാനമുള്ളുവെന്നു വരുത്താതിരിക്കേണ്ടതു് അഭിജ്ഞന്മാരും അധികൃതന്മാരുമായ നാഗരികന്മാരുടെ—നവമേധാവികളുടെ—കടമയല്ലയോ?



## പരസ്യം

— ൦ —

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ
൧൨൧-സിവിൽ നമ്പർ ൪൨൧.

വാദി— നെടുംകുന്നം പകുതിയിൽ ചമ്പക്കര മുറിയിൽ കുന്നപ്പള്ളിലായ തൈപ്പറമ്പിൽ നിന്നും മുണ്ടാക്കാവുങ്കൽ താമസം ശ്രീധരൻനായർ സോമൻനായർ.

വാദിഭാഗം അഡ്വക്കേറ്റ് ജി. ദേവരാജയ്യർ.

പ്രതികൾ:—൫. നെടുംകുന്നം പകുതിയിൽ ചമ്പക്കര മുറിയിൽ കട്ടപ്പിൽ ഉലഹന്നാൻ ഉലഹന്നാൻ, 5. നെടുംകുന്നം പകുതിയിൽ ടി മുറിയിൽ മുതിരമല വാഴവേലിക്കാട്ട കോശി ചാക്കോ, 6. ടിയിൽ കെ. അച്ചാമ്മ, 7. ടിയിൽ കോരവേല്ല ജോർജ്ജ്, 8. ടിയിൽനിന്നും ഇരവിപേരൂർ പകുതിയിൽ കമ്പനാട്ട മുറിയിൽ നെല്ലിമല ഈശോ ജോൺ, 9. ടിയിൽ ഈശോ മത്തായി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പർ വ്യവഹാരം സംബന്ധിച്ചു നിങ്ങൾക്ക് എന്തെങ്കിലും തക്കം ബോധിപ്പിക്കാനുണ്ടെങ്കിൽ അടുത്ത വിചാരണ ദിവസമായ ൧൨൨-ാമാണ്ട് തുലാമാസം ൧൨-ാംനു പകൽ ൧൧ മണിക്ക് നിങ്ങൾ നേരിട്ടോ അല്ലാത്തപക്ഷം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോടതിയിൽ ഹാജരായി തക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽനമ്പർ കേസ് തീർച്ചചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൬-൨-൧൨൨.

— ൦ —

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

— ൦ —

പെരുമ്പാവൂർ ടെമ്പററി മുൻസിഫ് കോർട്ടിൽ
115 സി. 643

ഹർജിക്കാരൻ— ലിക്വിഡേഷനിൽ ഇരിക്കുന്ന തിരുവിതാംകൂർ നാഷനൽ ആൻഡ് ക്വയിലോൺ ബാങ്ക് ക്ലിപ്തത്തിനുവേണ്ടി ഒഫിഷ്യൽ ലിക്വിഡേറ്റർ കെ. എം. ശിവശങ്കരൻ.

പ്രതി—1. ആലുവാ പകുതി ടി കര പട്ടമനവീട്ടിൽ പി. ജി. ജോർജ്ജ്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽ നമ്പറിൽ ഹർജിക്കാരനെ 2 ാം വാദിയായി കക്ഷിചേർത്തു് ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട് സിവിൽ പലവക 4572-ാംനമ്പർ ഹർജിസംഗതി 1122-ാമാണ്ട തുലാമാസം 12-ാംനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേ ദിവസം പകൽ 11 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

1122-ാമാണ്ട കന്നിമാസം 9-ാംനു

— ൦ —

## പരസ്യം

— ൦ —

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ
121 സിവിൽനമ്പർ 421.

വാദി:—നെടുംകുന്നം പകുതിയിൽ ചമ്പക്കര മുറിയിൽ കുന്നപ്പള്ളിലായ തൈപ്പറമ്പിൽനിന്നും മുണ്ടാക്കാവുങ്കൽ താമസം ശ്രീധരൻനായർ സോമൻനായർ.

വാദിഭാഗം അഡ്വക്കേറ്റ ജി. ദേവരാജയ്യർ.

പ്രതികൾ:—5. നെടുംകുന്നം പകുതിയിൽ ടിമുറിയിൽ വാഴവേലിക്കാട്ട കോശി ചാക്കോ, 6. ടിയിൽ കെ. അച്ചാമ്മ, 7. ടിയിൽ ജോർജ്ജ് ഷേവി ജോർജ്ജ്, 8. ടിയിൽനിന്നും ഇരവിപേരൂർപകുതിയിൽ കമ്പനാട്ടമുറിയിൽ നെല്ലിമല ഈശോ ജോൺ, 9. ടിയിൽ ഈശോ മത്തായി.

മേൽനമ്പർ വ്യവഹാരം സംബന്ധിച്ചു് നിങ്ങൾക്ക് എന്തെങ്കിലും തക്കം ബോധിപ്പിക്കാനുണ്ടെങ്കിൽ അടുത്തവിചാരണദിവസമായ 122-ാമാണ്ട് തുലാമാസം 12-ാം തീയതി പകൽ 11 മണിക്കു, നിങ്ങൾ നേരിട്ടോ അല്ലാത്തപക്ഷം അധികാരപ്പെടുത്തിയ വക്കീലോ, ഏജന്റോ ഈ കോടതിയിൽ ഹാജരായി തക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം നിങ്ങളെക്കൂടാതെ മേൽനമ്പർ കേസു തീർച്ചചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്.)

16 2 122.

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്സ്

— 0 —

പെരുമ്പാവൂർ ടെമ്പററി മുൻസിഫ് കോർട്ടിൽ 1113 സി 97.

വാദി.—ആറാക്കുഴ പകുതി രാമംഗലം കരയിൽ വാഴ്ത്തുള്ള പുത്തൻമഠത്തിൽ നീലകണ്ഠഅയ്യൻ രാമസ്വാമിഅയ്യൻ.

പ്രതി:—ആലുവാ പകുതി ടി കരചന്തയിൽ കച്ചവടം കെ. പി. കൊച്ചുണ്ണി എന്ന കാററിമാക്കൽ പരിയത്തുകൊച്ചുണ്ണി.

ടിപ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ വിധിനടത്താൻ കാലഹരണദോഷത്തെപ്പററി ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട് ഇ. പി. 150-ാംനമ്പർ ഹർജിസംഗതി 1122-ാമാണ്ട തുലാമാസം 12-ാംനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്.)

1122-ാമാണ്ട് കന്നിമാസം 9-ാംനു-

— ൦ —

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്

— ൦ —

ഏററമാനൂർ മുൻസിഫ് കോർട്ടിൽ.
118-ാമാണ്ട സിവിൽനമ്പർ 680.

കൂടുതൽ 2-ാം വാദി—കിടങ്ങൂർപകുതി ടി കരയിൽ കുളങ്ങരഇല്ലത്തു ശങ്കരൻ സുബ്രഹ്മണ്യൻമൂത്തതു്.

പ്രതി—1 മരിച്ചു. 2 കിടങ്ങൂർപകുതി ചെമ്പിളാവുകരയിൽ ചാലാത്തുവീട്ടിൽ നാരായണക്കയ്മൾ കൃഷ്ണക്കയ്മൾ. 3 ടി പകുതി മാറിടംകരയിൽ കോട്ടൂരവീട്ടിൽനിന്നും ചങ്ങനാശ്ശേരി വാഴപ്പള്ളിപകുതിയിൽ ടി മുറിയിൽ ആരാധനാമഠത്തിൽ ഇരിക്കും ദേവസ്യാ കത്തനാർ. 4 കിടങ്ങൂർപകുതി ചെമ്പിളാവുകരയിൽ കുത്തിയാപ്ലാക്കിൽ അവുസേപ്പ തൊമ്മൻ. 5 ടിയിൽ അവുസേപ്പ ചാക്കോ. 6 ടിയിൽ അവുസേപ്പ വക്കി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും വാദിബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട് ഇ. പി. പലവക 228-ാംനമ്പർ ഹർജിസംഗതി 122-ാമാണ്ട് തുലാമാസം 12-ാംനു വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്.)

1122-ാമാണ്ട് കന്നിമാസം 26-ാംനു-

— ൦ —

## പരസ്യനോട്ടീസ്

— ൦ —

സിവിൽനടപടിനിയമത്തിന്റെ 260-ാം, 261-ാം, 315-ാം, 316-ാം വകുപ്പു്.
പെരുമ്പാവൂർ ടെമ്പററി മുൻസിഫ് കോർട്ടിൽ.
116-ാമാണ്ട 677-ാം നമ്പർ ആദ്യവ്യവഹാരം.
1120-മാണ്ട വിധിനടത്തു അപേക്ഷനമ്പർ 163.

വാദി—എടപ്പിള്ളി വലിയരാജാ അവർകൾ.

മുക്ത്യാർ—എടപ്പിള്ളി തെക്കുംഭാഗംപകുതി എളമക്കര കരയിൽ തിരുനിലത്തു് നാരായണപിള്ള ഗോവിന്ദപിള്ള.

പ്രതി—2 വെങ്ങോലപകുതി വെങ്ങോലകര പോഞ്ഞാശ്ശേരി പുത്തൻ രയിൽ താമസം തുമ്പായിക്കോട്ടേപ്പറത്തു പക്കോമകൾ കദീജ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടിനമ്പരിൽ വിധിപ്രകാരം ഒഴിപ്പിച്ചു കൊടുക്കാനുള്ള വസ്തുവിൽ ഉണ്ടാക്കിയിട്ടുള്ള കൃഷിയുടെ വകയ്ക്കു അറുപത്തിനാലേകാൽ രൂപാ പ്രതിഫലം കൊടുക്കാമെന്നു വിധിഉടമസ്ഥൻ സമ്മതിച്ചിരിക്കുന്നു. കൊടുപ്പിക്കേണ്ട സംഖ്യ ഇത്രയെന്നുംമററും വ്യവസ്ഥചെയ്യുന്നതിനു അവധി 1122-ാമാണ്ട തുലാമാസം 12-ാംനു വച്ചിരിക്കുന്നതിനാൽ വിധിഉടമസ്ഥൻ സമ്മതിക്കുന്ന തുകയെപ്പററി വല്ല ആക്ഷേപവും ഉണ്ടെങ്കിൽ മേൽപറഞ്ഞ വിചാരണദിവസം പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

1122-ാമാണ്ട കന്നിമാസം 9-ാംനു-

## പരസ്യം

— ൦ —

കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ
1121-ാമാണ്ട ആദ്യനമ്പർ സി 402.

വാദി—കൃഷ്ണപുരം പകുതിയിൽ മേമന മുറിയിൽ തച്ചിരേത്തിൽ അബ്ദുറഹ്മാൻ മുഹമ്മതുകുഞ്ഞു.

പ്രതികൾ—1 പെരിനാട്ടപകുതിയിൽ വല്യകുളങ്ങര മുറിയിൽ വെള്ളകപ്പള്ളിൽ കുഞ്ഞിക്കമ്മതു കുഞ്ഞഹമ്മദു്. 2 ടിയിൽ ആസ്യാഉമ്മാ റഹിയാ ഉമ്മാ. 3 ടിയിൽ കദീയാഉമ്മാ ആസ്യാഉമ്മാ. മേൽപറഞ്ഞ പ്രതികളുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി 1122-ാമാണ്ട തുലാമാസം 12-ാംതീയതി പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറവാൻതക്കവണ്ണം വേണ്ടുന്ന അറിവുകൊടുക്കപ്പെട്ടതോ അല്ലെങ്കിൽ ആവക എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറവാൻ ശേഷിയുള്ള മററുവല്ല ആളോടുകൂടി വരുന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖേനയോ ഹാജരായിരിക്കയും വേണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

1122 മാണ്ട കന്നിമാസം 22-ാംനു-

— ൦ —

## പരസ്യം

പ്രതിസമൻസ്
മാവേലിക്കര മുൻസിഫ് കോർട്ടിൽ
൧൨൨ സി ൭൬൭.

വാദി:—പേളമുറിയിൽ മാടശേരികളീക്കൽവീട്ടിൽനിന്നും കാർത്തികപ്പള്ളിതാലൂക്കിൽ പള്ളിപ്പാട്ടപകുതിയിൽ നീണ്ടൂരമുറിയിൽ കന്നപറമ്പുകിഴക്കേപുത്തൻവീട്ടിൽ പാപ്പിഅമ്മ കമലമ്മ.

പ്രതി:—൧. തൃപ്പുണിത്തുറപകുതിയിൽ പടിഞ്ഞാറെവഴിമുറിയിൽ മടത്തിലേത്തു വീട്ടുകൂടിയുള്ള കണ്ണമംഗലം പകുതിയിൽ അഞ്ഞിലിപ്രമുറിയിൽ അറിയന്നൂരവീട്ടിൽനിന്നും മൂന്നാക്കയത്തുനാടിയിൽ മൂന്നാക്കയം എസ്റ്റേററിൽ കൺട്രാക്റ്റർ കുഞ്ചുണ്ണി പത്മനാഭപിള്ള ഗോപാലപിള്ള. 2. കണ്ണമംഗലംപകുതിയിൽ പേളമുറിയിൽ മാടശേരികളീക്കൽവീട്ടിൽനിന്നും കാർത്തികപ്പള്ളിതാലൂക്കിൽ പള്ളിപ്പാട്ടപകുതിയിൽ നീണ്ടൂരമുറിയിൽ കന്നപറമ്പുകിഴക്കേപുത്തൻവീട്ടിൽ ഇടിച്ചിരുതയമ്മ പാർവ്വതിഅമ്മ,

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതികളുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം പറവാനായി ൧൧൨൨-മാണ്ട് തുലാമാസം ൧൨-ാംതീയതി വിചാരണവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിയ്ക്കു പ്രതികളോ വക്കീലോ അധികാരപ്പെടുത്തിയ ഏജന്റോ ഈ കോടതിയിൽ ഹാജരായി തക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അങ്ങനെ ചെയ്യാത്തപക്ഷം പ്രതികളെ കൂടാതെ വ്യവഹാരം തീർച്ചയാക്കുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്.)

— —

## പ്രതിസമൻസ്

അടൂർ ടെമ്പററി ഡിസ്ട്രിക്ട് മുൻസിഫ് കോർട്ടിൽ
119 സിവിൽ 136

വാദി—അടൂർ പകുതിയിൽ പന്നിവിഴമുറിയിൽ പനയറവീട്ടിൽ കേശവൻ കുഞ്ഞുകുഞ്ഞു്.

വക്കീൽ—മി. എസ്. കുഞ്ഞുരാമൻ പിള്ള.

പ്രതികൾ—1. ഏനാദിമംഗലം പകുതിയിൽ കലഞ്ഞൂർമുറിയിൽ പൂവണ്ണുംവിളയിൽ കൊച്ചുപെണ്ണു കുട്ടി. 2. ടിമുറിയിൽ ചാമക്കാലയിൽ കൊച്ചുപെണ്ണു നങ്ങേലി. 3. വള്ളിക്കോട്ടപകുതിയിൽ വള്ളിക്കോട്ടമുറിയിൽമലയിൽവീട്ടിൽനിന്നും ഏനാദിമംഗലം പകുതിയിൽ കലഞ്ഞൂർ മുറിയിൽ കുളക്ഷാപ്പിൽ താമസം ശങ്കരൻ വേലായുധൻ. 4. ഏനാദിമംഗലം പകുതിയിൽ കലഞ്ഞൂർ മുറിയിൽ കല്ലിക്കോട്ട പുരയിടത്തിൽ താമസം നാരായണപിള്ള ശങ്കരപ്പിള്ള. 5. ടിയിൽ നാരായണപിള്ള ശിവരാമപിള്ള. 6. ടി മുറിയിൽ ഓലിക്കൽപുത്തൻവീട്ടിൽ രാമൻപിള്ള വേലായുധൻപിള്ള. 7. പത്തനാപുരം പകുതിയിൽ കമുകുംചേരിദേശത്തു മംഗലശേരിൽ പുത്തൻവീട്ടിൽ കണ്ണോട്ടവീട്ടിൽ അയ്യപ്പൻപിള്ള കൃഷ്ണപിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ കേസിൽ പ്രതികൾക്കു പലപ്രാവശ്യവും നടപടി നടത്തിയതിൽ കോടതിയിൽ ഹാജരാകാതിരിക്കുന്നതും ടി കേസു 122-ാമാണ്ട തുലാമാസം 12-ാം തീയതി വിചാരണ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ പ്രതികൾ നേരിട്ടോ അധികാരപ്പെട്ട ഏജന്റോ വക്കീൽമുഖാന്തിരമോ കോടതിയിൽ ഹാജരാകാത്തപക്ഷം ടി പ്രതികളെ കൂടാതെ കേസു തീർച്ചചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം,
25-2-122 ഹെഡ്ഗുമസ്തം(ഒപ്പ്)

## പരസ്യനോട്ടീസ്

സിവിൽ നടപടി നിയമത്തിന്റെ ആഡർ 21—റൂൾ 64. വകുപ്പ്
മൂവാററുപുഴ മുൻസിഫ് കോർട്ടിൽ
112-ാമാണ്ട സി 1067-ാംനമ്പർ ആദ്യവ്യവഹാരം

3-ാംവാദി—മുളവൂർ പകുതി വെള്ളൂക്കുന്നം കരയിൽ വെള്ളൂരവീട്ടിൽ നാരായണപിള്ള രാമുണ്ണിപ്പിള്ള.


പ്രതി—6. തിരുവനന്തപുരം ചിന്നചാലഗ്രാമത്തിൽ പാക്കം പി. ആർ. വെങ്കിടേശപരയ്യരുടെ ഭാര്യ ഒഴക്കനാട്ട മഠത്തിൽ താമസിച്ചിരുന്ന ലക്ഷ്മിഅമ്മാൾ, 7. കൊച്ചി മുകുന്ദപുരം താലൂക്ക മതമലശേരി വില്ലേജു കുഴക്കാടരി വടക്കേമഠത്തിൽ അഖിലേശപരയ്യൻ സുബ്രഹ്മണ്യയ്യൻ.


ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു്ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു 1122-ാമാണ്ട തുലാമാസം 12-ാംതീയതിക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ)

1122-ാമാണ്ട കന്നിമാസം 22-ാംനു-





ഇടത്തു്—"ബ്രിട്ടനുവേണ്ടിയുള്ള യുദ്ധ"വാർഷികം:—1940-ൽ ലഫ്റ്റ്വാഫെയെ പരാജയപ്പെടുത്തിയസംഭവം കൊണ്ടാടുവാൻ അമേരിക്കൻ സ്ക്വാഡ്രൻസ് ഉൾപ്പെടെ 300-ൽപരം വിമാനങ്ങളുടെ വൻപിച്ച വ്യൂഹങ്ങൾ ഇംഗ്ലണ്ടിനു മീതെയുള്ള പ്രകടനത്തിൽ പങ്കെടുക്കുകയുണ്ടായി. ചില വിമാനങ്ങൾ സെൻറ് പാൾസ് കത്ത്ഡ്രലിനുമീതെ കടന്നുപോകുന്നതാണു് ചിത്രം.

വലത്തു്—ലണ്ടനിൽ സെപ്തംബർ 24-ാനു- വിക്ടോറിയാ ആൻറ് ആൽബർട്ട് മ്യൂസിയത്തിൽ "ബ്രിട്ടന് അതു നേരിടുവാൻകഴിയും" എന്ന പ്രദർശനത്തിനുവച്ചിരുന്ന കൗതുകവസ്തുക്കളിലും ടായിലററ് സാധനങ്ങളിലും പല പുതിയ വിശേഷസാധനങ്ങളും ഉൾപ്പെടുന്നു. പ്രദർശനവസ്തുക്കളിൽ ഒന്നായ ചെറിയ ഒരു റേസർസെററിന്റെ ചിത്രമാണിതു്.

# വിദ്യാഭ്യാസത്തിൽ സ്വഭാഷയ്ക്കുള്ളസ്ഥാനം

കെ. നാരായണൻ നായർ യൂണിവേഴ്സിററി കാളേജ്.

ഭാരതീയവിദ്യാലയങ്ങളിൽ ബോധനോപകരണമായി സ്വഭാഷ ഉപയോഗിക്കണമോ? അതോ ഇന്നത്തെപ്പോലെ ആംഗലഭാഷതന്നെയോ? എന്നുള്ള വിഷയം വിദ്യാഭ്യാസധുരന്ധരന്മാരുടെയും രാജ്യമീമാംസകന്മാരുടെയും ശ്രദ്ധയെ ഉത്തരോത്തരം ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഇതു് ഒരു കഠിന സമസ്യതന്നെയാണെന്നു് സമ്മതിക്കാതെ തരമില്ല. ഭാരതമാതാവിന്റെ അരുമസന്താനങ്ങൾ ജാതിമതാദികളാലും വേഷഭൂഷാദികളാലും ഭാഷാവൈവിധ്യത്താലും പരസ്പരം അകന്നിരിക്കുന്നതുകൊണ്ടാണു് ഇങ്ങനെയൊരു വൈഷമ്യം നമുക്ക് നേരിട്ടിരിക്കുന്നതു്. ഒരു മഹാസാമ്രാജ്യത്തിന്റെ ഘടകങ്ങളെന്നനിലയിൽ ഇൻഡ്യയിലെ ഭിന്നസംസ്ഥാനങ്ങൾക്ക് പല കാര്യങ്ങളിൽ ഒന്നിച്ചുകൂടുകയും ഐകമത്യമായി പ്രവർത്തിക്കയും ചെയ്യേണ്ടിവരുന്നതിനാൽ ഒരു പൊതുഭാഷ അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു. അതിനുപുറമേ ലോകം അനുദിനം പുരോഗമിക്കയും ചെയ്യുന്നതിനാൽ പ്രാക്തനവും അധുനാതനവുമായ വിജ്ഞാനഭണ്ഡാഗാരത്തിലേക്ക ഒരുപോലെ പ്രവേശനം നൽകുന്നതിനു് സമർത്ഥമായ ഒരു ഭാഷയായിരിക്കണം നാം തിരഞ്ഞെടുക്കുന്ന പൊതുഭാഷ എന്നുള്ളതു് അനുക്തസിദ്ധവുമാണു്.

ഈ വിഷയത്തിൽ ഇംഗ്ലീഷ്ഭാഷയാണു് നമുക്ക് അത്യന്തം ഉപകരിക്കുന്നതെന്നു് നിസ്സംശയം പറയാം. ഒന്നാമതായി അതു് ഭാരതഭൂമിയുടെ ഭാഗ്യവിധാതൃഭാവം സ്വയം കൈക്കൊണ്ടിരിക്കുന്ന ഇംഗ്ലീഷുകാരുടെ ഭാഷയാണു്. രാജ്യത്തിന്റെ സുസ്ഥിതിയ്ക്കു് ഭരണീയരും ഭരണകർത്താക്കളും തമ്മിൽ ആശയവിനിമയം അപരിത്യാജ്യമാണല്ലോ. രണ്ടാമതായി പ്രാചീനവും അർവ്വാചീനവുമായ സർവ്വവിജ്ഞാനത്തിലേക്കും അതു് ഒരു പ്രവേശനദ്വാരം നൽകുന്നു. അതുകൊണ്ടു് ഇംഗ്ലീഷ് തന്നെയാണു ഭാരതഭൂമിയുടെ പൊതുഭാഷയായിരിക്കേണ്ടതു്. ഇതാണു് ഒരുകൂട്ടരുടെ വാദഗതി.

ഈ വാദം എങ്ങനെയും ഇരിക്കട്ടെ. എന്നാൽ അതുകൊണ്ടു് വിദ്യാലയങ്ങളിലെ ബോധനോപകരണമായി ഇംഗ്ലീഷ്ഭാഷ സ്വീകരിക്കണമെന്നുണ്ടോ? എന്നാണു് പ്രതിപക്ഷക്കാരുടെ ചോദ്യം. ഇംഗ്ലീഷിന്റെ പ്രാധാന്യത്തെ അവർ നിഷേധിക്കുന്നില്ല. രണ്ടു സംഗതികളിലാണവർക്കു് അഭിപ്രായവിന്യാസം. ഒന്നാമതായി ഇംഗ്ലീഷിനു് ഭാരതഭൂമിയിലെ പൊതുഭാഷയായിരിക്കാൻ യോഗ്യതയില്ല. എന്തുകൊണ്ടെന്നാൽ അനേകം സംവത്സരം അഭ്യസിച്ചാലും ഒരു ഇംഗ്ലീഷുകാരനെപ്പോലെ ആ ഭാഷ ഉച്ചരിക്കുന്നതിനും ആ ഭാഷയിൽതന്നെ ചിന്തിക്കുന്നതിനും ഭാരതീയർക്ക് കഴിയാതെവരുന്നു. ആ സ്ഥിതിക്ക അല്പകാലത്തിനുള്ളിൽ പഠിക്കാവുന്ന ഒരു ഭാഷയ്ക്കുമാത്രമേ ഇൻഡ്യയിലെ പൊതുഭാഷ എന്ന പദവി പ്രാപിക്കാൻ സാധിക്കൂ. അതിനാലത്രേ ഹിന്ദിയെ ഒരു പൊതുഭാഷയായി സ്വീകരിക്കണമെന്നു് ദേശീയവാദികൾ നിർബന്ധമായി പറയുന്നതു്. അതിലേയ്ക്കുവേണ്ടി മഹാത്മാഗാന്ധി തുടങ്ങിയവർ അശ്രാന്തപരിശ്രമം ചെയ്യുന്നുണ്ടത്രെ!

വിദ്യാപ്രചരണാർത്ഥം ഇംഗ്ലീഷുഭാഷയെ മുഖ്യോപകരണമായി സ്വീകരിക്കുന്നതു് ഔചിത്യമാണോ എന്നു മാത്രമേ ഇവിടെ ചിന്തിക്കേണ്ടതായിട്ടുള്ളു. ഇന്നു് സ്വഭാഷകൾക്ക് വിദ്യാലയങ്ങളിൽ ഒരു ഉപഭാഷ എന്ന സ്ഥാനമേ നൽകിട്ടുള്ളു. ആ സ്ഥാനം ഇംഗ്ലീഷിനു് നൽകിയിട്ടു് ബോധനം സ്വഭാഷയിലാക്കിയാൽ അതുകൊണ്ടുകൂടി സഫലമാകാതിരിക്കയില്ല. ഹൈസ്കൂൾക്ലാസ്സുകൾ തരണം ചെയ്തിട്ടു് ഉപരിപഠനാർത്ഥം മഹാപാഠശാലകളിൽ പ്രവേശിക്കുന്നതിനാൽ അതു വഴിനൽകപ്പെടുന്ന ശാസ്ത്രവിജ്ഞാനം പ്രായേണ ഫലശൂന്യമായിത്തീരുന്നു. അതിനാൽ മിക്ക വിദ്യാർത്ഥികളും 'പരീക്ഷ' എന്ന മഹാസമുദ്രത്തെ [illegible] കടക്കുന്നതിനായി 'ഉരു' എന്ന കപ്പലിനെത്തന്നെ ആശ്രയിക്കുന്നതായി നാം കാണുന്നു. പുരാതനവിജ്ഞാനികൾ തത്വദർശനാർത്ഥം ഏതെല്ലാംമാർഗ്ഗങ്ങളെ രണ്ടാമതും കണ്ടുപിടിച്ചെങ്കിലേ ശാസ്ത്രീയവിദ്യാഭ്യാസം പ്രയോജനപ്പെടുകയുള്ളു. നിരീക്ഷണപരീക്ഷണാദികളും ചിന്തനവും കൂടാതെ കേവലം 'ഉരുവിടൽ' കൊണ്ടു് തത്വദർശനം സാദ്ധ്യമല്ല. ഇംഗ്ലീഷ്ഭാഷയുടെ കാഠിന്യം ഇങ്ങനെ വിദ്യാർത്ഥികൾ വിജ്ഞാനസമ്പത്തു വർദ്ധിപ്പിക്കുന്ന വിഷയത്തിൽ പ്രതിബന്ധമായിരിക്കുന്നു. സ്വഭാഷയിൽ പ്രധാന വിഷയങ്ങളെല്ലാം പഠിപ്പിക്കുന്നപക്ഷം ഈ പ്രയാസം നേരിടുന്നതല്ല. എന്നുമാത്രമല്ല, കൂടുതൽസമയം ഇംഗ്ലീഷുഭാഷ പരിശീലിക്കാനായി ചെലവിടുകയും ചെയ്യാം. ഇതാണു് പുരോഗമനക്കാരുടെ അഭിപ്രായം.

ഈ അഭിപ്രായത്തിനാണു ഉത്തരോത്തരം ശക്തി വർദ്ധിച്ചുവരുന്നതു്. എന്നാൽ അതിനോടു പരിപൂർണ്ണമായി യോജിക്കുന്നവർക്കും, അതിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ അംഗീകരിക്കാൻ നിവൃത്തിയില്ലാത്തവിധത്തിൽ ചില പ്രതിബന്ധങ്ങൾ മുഴച്ചുനിൽക്കുന്നു. ഒരു സർവ്വകലാശാലയുടെ പരിധിയ്ക്കുള്ളിൽ അധിവസിക്കുന്നവർപോലും ഭിന്നഭാഷകൾ സംസാരിച്ചുവരുന്നസ്ഥിതിയ്ക്കു് ഏതു ഭാഷയെ ആണു് സ്വീകരിക്കേണ്ടതു് എന്നുള്ള പ്രശ്നത്തിനു് ആദ്യമായി സമാധാനം പറയേണ്ടിവരുന്നു. രണ്ടാമതായി ശാസ്ത്രഗ്രന്ഥങ്ങൾ എല്ലാം സ്വഭാഷയിലേക്കു തർജ്ജിമചെയ്യപ്പെട്ടില്ലാത്ത സ്ഥിതിയ്ക്കു സ്വഭാഷ വഴിയുള്ള ബോധനം സുകരവുമല്ല. ഇൻഡ്യയിലെ മിക്ക ഭാഷകൾക്കും നവ്യങ്ങളായ ആശയങ്ങളെ പ്രകാശിപ്പിക്കാം. അതിനാവശ്യമായ പദസമ്പത്തില്ലാതെയും ഇരിക്കുന്നു. അതിനാൽ പരിഷ്ക്കർത്താക്കൾ ആദ്യമായി ചെയ്യേണ്ടതു് ഒരു സാങ്കേതിക നിഘണ്ടു നിർമ്മിക്കയാണു്. രണ്ടാമതായി രാജ്യത്തെ ഭാഷയെ ആസ്വാദ്യമാക്കി വികസിപ്പിച്ചു് ഒന്നോ അതിലധികമോ സ്കൂളുകളും സർവ്വകലാശാലകളും സ്ഥാപിക്കണം. അങ്ങനെ സ്വഭാഷയെ പ്രോത്സാഹിപ്പിച്ചു് ഏററവും ഒരു ഉന്നതനിലയിൽ എത്തിക്കണം. ഏതാനും വർഷങ്ങൾക്കുമുമ്പു് തേഡ്ഫാമിൽ സ്വഭാഷയൊഴികെ മറെറല്ലാവിഷയങ്ങളും ഇംഗ്ലീഷിലായിരുന്നു. ആ ഏർപ്പാടു മാറ്റി ഇപ്പോൾ ഇംഗ്ലീഷ് ഒഴികെ മററെല്ലാവിഷയവും മാതൃഭാഷയിലാക്കി. പിന്നീടു് ഹൈസ്കൂളിൽ വന്നാലുടൻ സ്വഭാഷയൊഴികെ മററെല്ലാം ഇംഗ്ലീഷിലായി.

എന്നാൽ ഈ പരിഷ്ക്കാരകാലത്തു് [illegible]തന്നെ സ്വഭാഷ ഉപയോഗിക്കണമോ എന്നുള്ള ഒരു ശങ്ക ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. അതു് അല്പന്മാരായ ആളുകളിൽ മാത്രമേ പ്രതീക്ഷിച്ചു കാണുന്നുള്ളു. വേറൊരുകൂട്ടമാളുകൾ ഇംഗ്ലീഷും സ്വഭാഷയും കൂട്ടിച്ചേർത്തു ഒരു പുതിയഭാഷ കണ്ടുപിടിച്ചിരിക്കുന്നു. അതു് സ്വഭാഷയെ വഷളാക്കുന്ന ഒരു സമ്പ്രദായമാണു്. സ്വന്തം ജനങ്ങൾ തമ്മിൽ എഴുത്തുകുത്തുകൾ നടക്കുമ്പോഴും ഇംഗ്ലീഷുഭാഷയിൽ എഴുതിയില്ലെങ്കിൽ അതു ഒരു കുറവുപോലെ ആയിത്തീർന്നിരിക്കുന്നു. എഴുത്തുകിട്ടുന്നവനു് കാര്യം എളുപ്പം മനസ്സിലാകണമെങ്കിൽ സ്വന്തം ഭാഷയിൽതന്നെ എഴുതി അറിയിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. എന്നാൽ ഇന്നു് സ്വഭാഷയിൽതന്നെ സകലവിദ്യാഭ്യാസവും തുടങ്ങണമെന്നു് നമ്മുടെ ഗവമെൻറു് നിശ്ചയിച്ചിട്ടുള്ളതു് ഏത്രയും സന്തോഷാർഹമായ ഒന്നാണെന്നുള്ളതു് വ്യക്തമാക്കാതെ തരമില്ല. ഹൈസ്കൂൾക്ലാസ്സുകളിൽ ഇംഗ്ലീഷ് ഒഴികെ മററെല്ലാംവിഷയവും മാതൃഭാഷയായ മലയാളഭാഷയിൽ പഠിപ്പിച്ചു വരുന്നുണ്ടു്. അങ്ങനെ സ്വഭാഷയ്ക്കു ഒരു ശോഭനമായ ഭാവി ഉണ്ടാകുമെന്നുള്ളതിൽ പക്ഷാന്തരമില്ല. എന്നാൽ സ്വരാജ്യത്തോടും സ്വദേശത്തോടും, സ്വമാതാവിനോടും സ്നേഹമുള്ള ഒരുവൻ തീർച്ചയായിട്ടും അവന്റെ സ്വഭാഷയേയും സ്നേഹിക്കുമെന്നുള്ളകാര്യം പറയേണ്ടതില്ല. ഒരുവൻ ഇംഗ്ലീഷ് തുടങ്ങിയ എല്ലാ ഭാഷകളും അറിഞ്ഞിരിക്കേണ്ടതു് ആവശ്യംതന്നെയാണു്. അക്കൂട്ടത്തിൽ സ്വഭാഷയ്ക്കു് വിദ്യാഭ്യാസത്തിൽ ഒരു ഉപരിസ്ഥാനം നൽകണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഈ ചെറു ഉപന്യാസത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

—o—

Printed and Published by
Chandrasekharan Nair at the
Sri Rama Vilas Press, Quilon.